2019 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ
ത്രൈമാസിക ₹ 10

# നക്ഷത്രരാജ്യം

The National, State, District, Village star news Kerala & India

ത്രൈമാസിക

CINEMA SPORTS ARTS & LITERATURE




ഇയ്യങ്കോട് ശ്രീധരൻ (കഥ)
പി.ആർ.നാഥൻ (ലോകവിചാരം)
രാജൻ ചിന്നങ്ങത്ത് (കഥ)
ശ്രീധരനുണ്ണി (കവിത)
പൂനൂർ കരുണാകരൻ (കവിത)
രവീന്ദ്രൻ വൈദ്യർ (പുസ്തക പരിചയം)
അഹമ്മദ് കിഴിശ്ശേരി (ലേഖനം)
സി. കെ. രാഘവൻ (ഫ്രഞ്ച് കാർട്ടൂൺ)
വിജയൻ. ഒ (ചെറുകഥ)
പ്രഭാകരൻ നറുകര (കവിത)
ചിത്രപ്പാട്ട് നീലകണ്ഠൻ (കലാലോകം)
വിനോദ്കുമാർ ദാമോദർ (ലേഖനം)
പി. എം. മണി (കവിത)
രജികുമാർ പുലാക്കാട് (കവിത)
ബിനി കിഴിശ്ശേരി (അറിവിൻ ജാലകം )
മലയാമ്പള്ളം ശങ്കരൻ കുട്ടി (ചെറുകഥ)
ടി. പി. ശിവദാസൻ നെന്മാറ (കവിത)
രത്നവല്ലി ടീച്ചർ (കവിത)
ഹരീഷ് കൊമ്മേരി (കവിത)

M/S KRISHNA

METER SERVICE



13/585 - B4, Near Apsara Theatre,
Calicut - 673 002
Ph: 2702760, Mob: 9447337908




We are undertaking Repair & Servicing of all kinds of Speed Meter and Electronic fare Meters

Dealers in Smart Electronic fare meter for Auto & Call Taxi

SOBHA INDUSTRIES

Mooriyad, P.O Chalappuram, Kozhikode- 673 002
Ph: Mohandas T- 9846235836, 9544475340, 9746591263
sobhaindustries3g@gmail.com
www.sbscalicut.com









Manufacture of Centering Equipments
Adjustable Prop, Span, Centering Sheet, Column Box
Scaffolding, Etc.




മുഖചിത്രം
സംയക്ത വർമ്മ
(ഫിലിം സ്റ്റാർ)

Nakshatra Rajyam
TRI Monthly (QUARTERLY) Magazine
2019 February, March, April
**RNI Title Code: KERMAL 16195 Dt: 22-06-2018**
issue 3 - volume 2
Managing Editor, Publisher &
Owned by
Nakshthrarajyam E. Radhakrishnan
Edoli House, Kommeri **P.O**
Kozhikode- **673007**, Kerala
Address
Managing Editior
NAKSHATHRA RAJYAM
P.B. No.1205
Mankavu P.O., Kozhikode - 7
Kerala, India
Mob: 98 47 64 95 67
97 44 23 39 97
e-mail: nakshathrarajyam@gmail.com
WEB
www.nakshathrarajyameradhakrishnan.in
**LAYOUT**
Nakshthrarajyam E. Radhakrishnan
**Cover**
**Color Campus - Calicut**
**Price 10.00**

## എഡിറ്റോറിയൽ



**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

### ഇന്ത്യ, ജനാധിപത്യത്തിന്റെ ശ്രീകോവിൽ

ഇന്ത്യയിലെ സുതാര്യമായ ജനാധിപത്യ പ്രക്രിയയിൽ വോട്ടർക്ക് ബാലറ്റ് പേപ്പറിൽ വോട്ടു ചെയ്യുവാനുള്ള സംവിധാനം അനിവാര്യമാണ്. വോട്ടർമാർ ഇന്ത്യയിലെ ജനാധിപത്യ പ്രക്രിയക്ക് വേണ്ടി ചെയ്യുന്ന ഓരോ വോട്ടും അവൻ വിശ്വസിക്കുന്ന സ്ഥാനാർത്ഥിക്ക് തന്നെ ചെയ്തു എന്ന് അഭിമാനിക്കാൻ വോട്ടുചെയ്യുന്നവർക്കും, ഇന്ത്യാ രാജ്യത്ത് സ്വാതന്ത്ര്യമുണ്ട്. എത്ര കോടി ചിലവിട്ടായാലും രാജ്യത്തിലെ മുഴുവൻ വോട്ടർമാർക്കും ബാലറ്റ് പേപ്പറിൽ വോട്ടു ചെയ്യുവാനുള്ള സംവിധാനം ഉണ്ടാകണം. വോട്ടർമാരുടെ പരമാധികാരത്തിനു വേണ്ടി രാജ്യത്തെ പൊതുതെരഞ്ഞെടുപ്പിനു ചിലവിടുന്ന പണം ജനങ്ങളുടെ നല്ല ഇന്നന്നേയ്ക്കും നാളേയ്ക്കും ചിലവിടാൻ കരുതിവെച്ച നികുതിപ്പണമാണല്ലോ! എന്നു മാത്രമല്ല മറ്റുള്ള കാര്യങ്ങൾക്ക് വേണ്ടാത്തതിനും വേണ്ടുന്നതിനും പണം ചിലവഴിക്കുന്നത് ചുരുക്കിയാൽ രാജ്യത്തെ ദരിദ്ര നാരായണൻമാരായ വോട്ടർക്ക് തന്റെ പൗരത്വ ജീവിതത്തിനു വേരുറച്ച രാജ്യത്തെ ഭരണഘടനപ്രകാരമുള്ള തൊഴിലും സാമ്പത്തിക ചുറ്റുപാടുകളും വളർച്ചയിലെത്തിക്കുന്ന വ്യക്തികൾക്കും രാഷ്ട്രീയ കക്ഷികൾക്കും വോട്ടു ചെയ്യുവാനുള്ള നീതി നടപ്പോക്കിക്കൊണ്ട് രാജ്യത്തെ മുന്നോട്ടു നയിക്കുവാൻ ഭാരതത്തിന്റെ പൊതു ഖജനാവിൽ നിന്ന് ചിലവിടുന്ന പണം ഭരണകൂടത്തിന് നഷ്ടമായി കണക്കാക്കുകയും വേണ്ടതില്ലല്ലോ!

ലോകരാഷ്ട്രങ്ങളിൽ ഇന്ത്യയെക്കുറിച്ചു അവമതിപ്പുണ്ടാകുന്ന കള്ളവോട്ടു വാർത്തകളും ബാലറ്റുതട്ടിപ്പു വാർത്തകളും മുളയിലെ പ്രതിരോധിക്കുവാൻ, പാർലിമെന്റിൽ ആത്മാർത്ഥതയോടെ നിയമമവതരിപ്പിക്കുകയും ഭരണപക്ഷപാർട്ടികളും പ്രതിപക്ഷപാർട്ടികളും സഭയിൽ ആത്മാർത്ഥതയോടെ ഏകകണ്ഠമായി വോട്ടുചെയ്യുകയും ചെയ്താൽ പോരെ? പത്ര– ചാനൽ മാധ്യമങ്ങളിലൂടെ സാധാരണ ജനങ്ങളുടെ മനസ്സിൽ ഇത്തരം ചോദ്യചിഹ്നമുണ്ടാകുകയാണ് രാജ്യത്ത്.

2019ലും, പിന്നീടുള്ള വർഷങ്ങളിലും നടക്കാനിരിക്കുന്ന ലോകസഭാ തെരഞ്ഞെടുപ്പുകളിലും നിയമസഭാ തെരഞ്ഞെടുപ്പുകളിലും ബാലറ്റുപേപ്പർത്തന്നെ വോട്ടിംഗിനു വേണ്ടി ഉപയോഗിക്കുകയും സുതാര്യമായ തെരഞ്ഞെടുപ്പ് പ്രക്രിയ വീണ്ടും നടപ്പാക്കുകയും ചെയ്യുകയാവട്ടെ ഇന്ത്യയിൽ.

**മാനേജിംഗ് എഡിറ്റർ**

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode



കഥ

# പക

രാജൻ ചിന്നങ്ങത്ത്



ലഞ്ച് കഴിച്ചുകൊണ്ടിരിക്കുമ്പോൾ അന്നും പതിവുപോലെ രാധയെ ആക്ഷേപിക്കുവാൻ കുമാർ കാരണം കണ്ടെത്തി.

ഛേ എന്താ നീയിക്കാണിക്കുന്നത്? എത്ര പ്രാവശ്യം ഞാൻ പറഞ്ഞിരിക്കുന്നു ഊണു കഴിയ്ക്കുമ്പോൾ കൈ നക്കരുതെന്ന്.? പിന്നേയും അതു തന്നെ. മറ്റാരെങ്കിലും കണ്ടാൽ എത്ര മോശം.

പെട്ടെന്ന് അവളുടെ മുഖം വിളറുന്നത് ഞാൻ കണ്ടു. കണ്ണുകളിൽ ജാളൃത. ഒന്നുരണ്ടുനിമിഷനേരം മുഖം കുനിച്ചിരുന്നതിനു ശേഷം അവൾ മുഖം കഴുകാനായി എഴുന്നേറ്റു പോയി.

രാധയ്ക്കുകേൾക്കാൻ തക്കവണ്ണം ശബ്ദമുയർത്തി കുമാർ എന്നോടു പറഞ്ഞു: അമ്മാവി നോക്കൂ. നമ്മുടെ ഊണു കഴിഞ്ഞിട്ടുണ്ടോ? അതിനുമുമ്പേ അവളെഴുന്നേറ്റു പോയില്ലേ? ഇത്ര ധൃതി പിടിക്കേണ്ട കാര്യമെന്താണ്? ഇത്ര ആർത്തിപിടിച്ച് ആരെങ്കിലുംഭക്ഷണം കഴിക്കുമോ? ഇതൊക്കെ എത്ര പ്രാവശ്യം പറഞ്ഞുകൊടുത്തതാണെന്നോ! എന്താകാര്യം? അവൾക്കതൊന്നുംകേട്ട ഭാവമേയില്ല.'

അരിശവും വെറുപ്പും തുളുമ്പുന്ന സ്വരം. അമർഷം കടിച്ചമർത്താൻ സാധിക്കാത്തതിന്റെ പൊട്ടിത്തെറി.

ശരിയാണ്. കുമാർ പറയുന്നതിൽ യാതൊരു തെറ്റുമില്ല. ഭക്ഷണം ആർത്തിപിടിച്ചകത്താക്കുന്നതും ഉണ്ടകൈ നക്കുന്നതുമൊന്നും നല്ല ഹാബിറ്റല്ലതന്നെ. അതു മാത്രമല്ല, മറ്റു പല കാര്യങ്ങളിലും കുമാർ കുറ്റം കണ്ടുപിടിയ്ക്കാറുണ്ട്. ഉപദേശിക്കുകയും ശാസിക്കുകയും ചെയ്യാറുണ്ട്. വാൾമുനപോലെ മൂർച്ചയുള്ള പദങ്ങളുപയോഗിച്ച് വിമർശിക്കാറുണ്ട്. ചുരുക്കത്തിൽ രാധയുടെ ചെയ്തികളെപ്പറ്റി അഭിപ്രായം പ്രകടിപ്പിക്കാത്ത ഒരൊറ്റദിവസവും കുമാറിന്റെ ജീവിതത്തിലില്ലെന്നു തോന്നിയിട്ടുണ്ട്.

ഞാനിവിടെ താമസിക്കാനെത്തിയിട്ട് രണ്ടാഴ്ചയേയായിരുന്നുള്ളു. കുട്ടികൾക്ക് വെക്കേഷൻ, വീട്ടിലാളുണ്ട്. ഒരു ചെയ്ഞ്ചിനു വേണ്ടി കൂടെ വന്നു താമസിക്കാൻ കുമാർ വർഷങ്ങളായുള്ള നിർബന്ധമാണ്. അച്ഛനുമമ്മയും ബാല്യത്തിലേ മരിച്ചുപോയതുകൊണ്ട് ഞാനാണവനെ വളർത്തി വലുതാക്കിയത്. അതിനുള്ള കടപ്പാടും നന്ദിയും അവന്റെ ഹൃദയം എന്നും സൂക്ഷിക്കുന്നുണ്ട്.

കുമാർ ഭാഗ്യമുള്ള കൊച്ചനാണ്. ബോംബെയിലെത്തി രണ്ടാഴ്ചയ്ക്കകം ഉദ്യോഗം ലഭിക്കുകയും കേവലം ആറുവർഷങ്ങൾകൊണ്ട് ആ വലിയ സ്ഥാപനത്തിലെ എക്സിക്യൂട്ടീവ് പദവി നേടുകയും ചെയ്തത് ഭാഗ്യംകൊണ്ടല്ലെന്ന് പറയാനൊക്കുമോ?

ബോംബെയിൽ സ്ഥിരതാമസമാക്കിയ ഒരു മലയാളി കുടുംബത്തിൽനിന്നും വിവാഹം ചെയ്ത കുമാർ ആനന്ദകരമായ ഒരു ജീവിതം നയിക്കുകയാണെന്നായിരുന്നു എന്റെ ധാരണ. പക്ഷേ, ഒന്നുരണ്ടു ദിവസം അവരുടെയിടയിൽ വന്നു താമസിച്ചപ്പോഴേക്കും എന്റെ ആ വിശ്വാസത്തിന് പോറലേറ്റു. മനസ്സിൽ നിറയെ നീരസം കരുതിവെച്ചുകൊണ്ടുള്ള പെരുമാറ്റം. ശാന്തശീലനായിരുന്നു മുമ്പൊക്കെ കുമാർ. ഇപ്പോഴെങ്ങിനെ മാറിപ്പോയി. ക്ഷിപ്രകോപവും അസഹിഷ്ണുതയൊന്നും അവന്റെ ശീലമായിരുന്നില്ല. ഇപ്പോൾ രാധ മുന്നിലുള്ളപ്പോൾ എന്തുകൊണ്ടോ അവനിൽ ഈർഷ്യ കിനിയുന്നു.

എവിടെയാണ് പിഴച്ചത്?

വിവാഹിതരായതിനു ശേഷം അവർ രണ്ടുപേരും കൂടി നാട്ടിൽ വന്നിരുന്നത് ഞാനോർക്കും. എപ്പോഴും കളിച്ചു ചിരിച്ചു നടക്കുന്ന കളിക്കുട്ടികളെപ്പോലെ അവരെന്റെ വീട്ടിൽ കഴിച്ചുകൂട്ടിയ ദിവസങ്ങൾ. അന്ന് കുമാറിന് രാധയെ പ്രാണനായിരുന്നു. അവളെപ്പോഴും സമീപത്തുണ്ടായിരിക്കണമെന്ന ആഗ്രഹക്കാരനായിരുന്നു. അവളുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് അമിതമായ പ്രാധാന്യം കല്പിക്കുന്ന പ്രകൃതക്കാരനായിരുന്നു.

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

പിന്നെ, എങ്ങിനെയാണ് ഈ മാറ്റം സംഭവിച്ചത്?

ഇനിയിപ്പോൾ അഭിപ്രായ വ്യത്യാസങ്ങളോ ഇഷ്ടക്കേടുകളോ ഉണ്ടെന്നുതന്നെയിരിക്കട്ടെ. അതിങ്ങനെ വെട്ടിത്തുറന്ന് വിളിച്ചു പറയാൻ പാടുണ്ടോ? അതല്ലേ കൂടുതൽ പരിക്കേൽപ്പിക്കുക? കൂടുതൽ വേദനിപ്പിക്കുക? സ്വകാര്യമായി ഉപദേശിക്കാമല്ലോ. ശകാരിക്കണമെന്നുണ്ടെങ്കിൽ രഹസ്യമായി അത് ചെയ്യാമല്ലോ?

അവരുടെ ഭിന്നതകളുടെ വേര് മറ്റെന്തോ ആണെന്നെനിക്കു തോന്നി. ആ വേരുകൾക്ക് ആഴം കൂടുതലുണ്ടെന്നും.

അല്ലെങ്കിലും മധുവിധു കഴിഞ്ഞാൽ ഭാര്യ ഒരു ശല്യമായി തോന്നാത്ത പുരുഷന്മാരില്ലെന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. മിക്കവരും പിന്നെ ഒരു അഡ്ജസ്റ്റ്മെന്റിലൂടെ മുന്നോട്ടു പോകുന്നുവെന്നു മാത്രമേയുള്ളൂ.

ലഞ്ചു കഴിഞ്ഞയുടനെ കുമാർ ഡ്രസ്സ് ചെയ്യാനാരംഭിച്ചു. രണ്ടരമണിക്കുള്ള ഫ്ളൈറ്റിലാണ ഫ്രാങ്ക്ഫർട്ടിൽ നിന്നും ഞങ്ങളുടെയെല്ലാം ഓമനയായിരുന്ന ഹരിക്കുട്ടൻ വരുന്നത്. എന്റെ മൂത്തമകളുടെ ഏക മകൻ. ജർമ്മനിയിലെ യാന്ത്രിക ജീവിതം അവന് മടുപ്പുളവാക്കുന്നുവത്രേ. എല്ലാവരും വിദേശങ്ങളിലേക്കു പറന്നു പോകുവാൻ ഇച്ഛിക്കുമ്പോൾ അവൻ ഇന്ത്യയിലേക്കു വരുവാൻ വാശിപിടിക്കുന്നുവത്രേ. എന്റെ മകൾ കുമാറിനയച്ച കത്ത് ഞാനും കാണുകയുണ്ടായി. "ഹരി തീരെ വഷളായിരിക്കുകയാണ്. യാതൊന്നും പറഞ്ഞാൽ അനുസരിക്കില്ല. എല്ലാവരോടും അവജ്ഞ. ലോകത്തിലെ ഏറ്റവും ആധുനികമായ നഗരങ്ങളിലൊന്നായ ഫ്രാങ്ക്ഫർട്ട് അവനെ വീർപ്പുമുട്ടിക്കുകയാണത്രേ. ഞങ്ങളെന്തുചെയ്യും കുമാർ?പിടിച്ച് കെട്ടിയിടാനൊക്കുമോ? കൊച്ചുകുട്ടിയൊന്നുമല്ലാത്തതുകൊണ്ട് അടിച്ച് ശിക്ഷണത്തിൽ നിർത്താനൊക്കുമോ? ഇത്രയും ജീവിതസൗകര്യങ്ങളുണ്ടായിട്ടും അവന് മുഷിവുണ്ടാകുന്നതിന്റെ കാരണം അറിഞ്ഞുകൂടാ. ഒരു പക്ഷേ മാനസികമാവാം..."

പിന്നീടാണ് മേയ് ഒന്നിന് ഉച്ചയ്ക്ക് രണ്ടു മുപ്പതിന്നുള്ള ലുഫ്താൻസാ ഫ്ളൈറ്റിൽ ഹരി വരുന്ന വിവരത്തിനുള്ള ഫാക്സ് ലഭിക്കുന്നത്.

ഞാനും കുമാറും പുറപ്പെടാൻ തയ്യാറായി. എന്നിട്ടും രാധ ഒരുങ്ങിക്കഴിഞ്ഞില്ല.

"വാട്ടാർ യൂ ഡൂയിങ്ങ് ദെയർ?"

കുമാർ ക്ഷമ നശിച്ച് വിളിച്ചു ചോദിച്ചു. "നിന്റെ ഒരുക്കം കഴിഞ്ഞ് അവിടെ എത്തുമ്പോഴേക്കും ഫ്ളൈറ്റ് വന്നു പോകുമല്ലോ."

'കഴിഞ്ഞു ദാ വരുന്നു.' അകത്തെവിടെയോ നിന്ന് രാധയുടെ ശബ്ദം.

പിന്നേയും നാലഞ്ചുമിനിറ്റ് കഴിഞ്ഞാണ് രാധ വന്നത്. കുമാർ അപ്പോഴേക്കും ക്ഷുഭിതനായിക്കഴിഞ്ഞിരുന്നു. അവന്റെ കണ്ണുകളിൽ തീ പറക്കുന്നതു കണ്ടു. എന്തെങ്കിലും അഹിതമായി അവൻ പറയുമോ എന്നു ഞാൻ ഭയപ്പെട്ടു.

എന്റെ സാന്നിദ്ധ്യമുള്ളതുകൊണ്ടോ എന്തോ ഒന്നും മിണ്ടാതെ ധൃതിയിൽ ലിഫ്റ്റിനരികിലേക്ക് നടക്കുകയാണവൻ ചെയ്തത്.

കാറിന്നടുത്തു ചെന്നപ്പോൾ കുമാർ വീണ്ടും തട്ടിക്കയറി. 'ഹോ' കാറൊന്നു കഴുകിത്തുടപ്പിക്കണമെന്നു പറഞ്ഞിട്ട് അതും ചെയ്തില്ല! പാണ്ഡുവിനെ എവിടെ പറഞ്ഞയച്ചിരിക്കുകയായിരുന്നു നീ?

'ഞാൻ പറഞ്ഞിരുന്നു. മാർക്കറ്റിൽ പോയിവന്നപ്പോഴേക്കും അവൻ മറന്നതാവും.'

'നിങ്ങളുടെയൊക്കെ ഒരു നശിച്ച മറവി!' എന്നു ഇംഗ്ലീഷിൽ പിറുപിറുത്തുകൊണ്ട് കുമാർ അകത്തുകയറി കാർ സ്റ്റാർട്ടു ചെയ്തു.

ഞാനും രാധയും പുറകിലെ സീറ്റിലിരുന്നു.

എന്നെ ഏറ്റവുമധികം അത്ഭുതപ്പെടുത്തുന്ന സംഗതി രാധയുടെ നിസ്സംഗതയായിരുന്നു. എത്ര കടുപ്പിച്ച വാക്കുകൾ കേട്ടാലും മിക്കപ്പോഴും യാതൊരു പ്രതികരണവും പ്രകടിപ്പിക്കാത്ത സ്വഭാവം. ഒരു കൊച്ചു കുട്ടിയെപ്പോലെ നിശ്ശബ്ദത പാലിക്കുന്ന പ്രകൃതം. അസാധാരണമായ വിനയം. അനുസരണ.

–അതോ ഭയമോ?

ഒരു പക്ഷേ ശകാരങ്ങൾ കേട്ടു കേട്ട് അവളിങ്ങനെ ആയിത്തീർന്നതാവാം.

വിശാലമായ ഡബ്ബിൾ ലൈനുള്ള റോഡ്. റോഡുകളെ വേർതിരിക്കുന്ന മദ്ധ്യഭാഗത്ത് തഴച്ചു നിൽക്കുന്ന ഉയരം കുറഞ്ഞ ചെടികളും കൊച്ചുമരങ്ങളും. ഒരക്ഷരം മിണ്ടാതെ കുമാർ അതിവേഗം കാറോടിക്കുകയാണ്. അവനിൽ ആവശ്യത്തിലധികം കോപം നുരച്ചുപൊന്തുന്നുണ്ടെന്ന് ഞാൻ മനസ്സിലാക്കി.

ദേഷ്യം കുറച്ചൊക്കെ നിയന്ത്രക്കാനും കൂടി അറിയണമെന്ന് എങ്ങിനെ ഞാനവനോടു പറയും.

പൊടുന്നനെ ഓർത്തിട്ടെന്നപോലെ രാധ പറഞ്ഞു. നമ്മുടെ ലാട്രിൻ ഹരിക്ക് ചിലപ്പോൾ ഒരു പ്രശ്നമാകും. യൂറോപ്യൻ സ്റ്റൈലിലുള്ളതല്ലല്ലോ നമ്മുടെ?

കുമാർ പെട്ടെന്ന് ഒന്നു തിരിഞ്ഞുനോക്കി.

നേരല്ലേ? കൊച്ചിലെ യൂറോപ്പിൽ വളരുന്ന കുട്ടി. അവന് ബുദ്ധിമുട്ട് തോന്നുകയില്ലേ?

'അതൊക്കെ അവൻ അഡ്ജസ്റ്റ് ചെയ്തോളും.' കുമാർ പതുക്കെ പറഞ്ഞു. 'ഇന്ത്യവിട്ട് പോയി എന്നുവെച്ച് ഒരാൾ ഇന്ത്യാക്കാരനല്ലാതാവുന്നില്ലല്ലോ?'

ഞങ്ങൾ എയർപോർട്ടിലെത്തുമ്പോഴേക്കും ലുഫ്താൻസാ വന്നു കഴിഞ്ഞിരുന്നു. അധികനേരം കാത്തുനില്ക്കേണ്ടി വന്നില്ല. ഹരിക്കുട്ടൻ എക്സിറ്റിൽ പ്രത്യക്ഷപ്പെട്ടു. വർഷങ്ങൾ യാതൊരു മാറ്റവും വരുത്തിയിട്ടില്ലാത്ത രൂപം. എത്ര ക്ഷണത്തിലാണ് തിരിച്ചറിഞ്ഞത്. എന്റെ മനസ്സിൽ ആഹ്ലാദം പക്ഷികളെപ്പോലെ ചിറകിട്ടടിച്ചു.

താടിയും മുടിയും വളർത്തി, വൃത്തിക്കെട്ട വേഷവും ധരിച്ച് കഞ്ചാവും പുകച്ച്നടക്കുന്ന ആധുനിക യുവ സമൂഹത്തിൽപ്പെട്ട ഒരു യുവാവായിരുന്നു എന്നിൽ നിറഞ്ഞു നിന്ന സങ്കൽപ്പം. പക്ഷേ എന്റെ ധാരണകൾ സോപ്പുകുമിളകൾപോലെ പൊട്ടിപ്പോയി. ഭംഗിയായി വസ്ത്രം ധരിച്ച സുന്ദരനും സുമുഖനുമായ ചെറുപ്പക്കാരൻ! ഹരിക്കുട്ടനെ ഞാൻ വന്യമായ ആർത്തിയോടെ നോക്കിനിന്നുപോയി.

വീട്ടിൽ പുതിയ ഇളക്കം. സന്തോഷം. കുമാർ ഓഫീസിൽ പോയിക്കഴിഞ്ഞാൽ വിശേഷങ്ങൾ പറഞ്ഞും കേട്ടും ഞങ്ങൾ സമയം ചിലവഴിക്കും.

ഹരി അങ്ങേയറ്റം സൽസ്വഭാവി

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

യായിരുന്നു. വിനയം, ബഹുമാനം, അഹങ്കാരമില്ലായ്മ, നിസ്വാർത്ഥ മായ സ്നേഹം ഇതൊക്കെ അവന്റെ ഗുണങ്ങളായിരുന്നു. ഇവ നെക്കുറിച്ചാണോ എന്റെ മകൾ മോശമായ വാക്കുകൾ എഴുതി യത്?

ഒരു ദിവസം ഷൂ പോളീഷ് ചെയ്തു കൊണ്ടിരിക്കുമ്പോൾ രാധ ചോദിച്ചു:

'എന്താ ഹരി ഈ ചെയ്യുന്നത് പാണ്ഡുവിനോട് പറഞ്ഞാൽ പോരേ?'

മൃദുവായി ചിരിച്ചുകൊണ്ടവൻ പറഞ്ഞു: 'ഓ, ഇതൊന്നും സാര മില്ല ആന്റി. പാണ്ഡുവിന് ഇഷ്ടം പോലെ വേറെ ജോലിയുണ്ടല്ലോ.'

'എന്താണിത്ര അധികം ജോലി?' കുമാർ ചോദിച്ചു: 'മറ്റു വീടുകളിലെ വേലക്കാരെടുക്കുന്ന തിന്റെ നാലിലൊന്നു പണി അവ നെടുക്കുന്നുണ്ടോ? തിന്നു മുടി ക്കാൻ മാത്രം കൊള്ളാം.'

ഹരി പിന്നെ ഒന്നും പറഞ്ഞില്ല. എങ്കിലും കുമാറിന്റെ ആ പ്രസ്താ വന അവനംഗീകരിച്ചില്ലെന്ന് ആ മുഖം വ്യക്തമാക്കി.

ദിവസങ്ങൾ പിന്നിട്ടു. ഹരി എല്ലാവിധത്തിലും ആനന്ദവാനാ യിത്തീർന്നു. ഫ്രാങ്ക്ഫർട്ടിലെ ജീവിതം വീർപ്പുമുട്ടിച്ചിരുന്ന അവൻ ഞങ്ങളുടെ ചെറിയ കുടം ബവുമായി എത്രവേഗം ഇണങ്ങി ച്ചേർന്നു. ദീർഘകാലമായി കൂടെ ത്താമസിച്ചതു പോലുള്ള പരിചി തത്വം.

ഒരു കാര്യം മാത്രം അവനെ അസ്വസ്ഥനാക്കുന്നത് ഞാൻ ശ്രദ്ധിച്ചു. രാധയോടുള്ള കുമാ റിന്റെ സമീപനം. അവളെ അക്ര മിക്കാൻ കിട്ടുന്ന അവസരങ്ങ ളൊന്നും തന്നെ കുമാർ പാഴാക്കാ റില്ല. ഒടുവിലൊടുവിൽ അതൊരു രോഗമായിമാറുകയാണോ എന്നു പോലും ഞാൻ സംശയിച്ചു. ഹരി ആദ്യമൊക്കെ സംഭ്രമത്തോ ടെയും, പിന്നീട് വെറുപ്പോടെയും എന്റെ നേർക്കുനോക്കും. അങ്കി ളിന്റെ സ്വഭാവരീതിയെ അവനംഗീ കരിക്കുന്നില്ല–എനിക്കു തോന്നി.

ഒരിക്കലും അത്തരം പരാമർശ ങ്ങൾ വൃണപ്പെടുത്തിയിട്ടില്ലാത്ത രാധ ഒരിക്കൽ കലാപത്തിനെന്ന പോലെ തലപൊക്കുകയുണ്ടായി, ഒരിക്കൽമാത്രം. ഒരു വൈകുന്നേരം കുമാറിന്റെ സുഹൃത്തുക്കളിലൊ രാളേർപ്പെടുത്തിയ ഒരു പാർട്ടി യിൽ പങ്കെടുക്കാൻ പോവുകയാ യിരുന്നു, കുമാറും രാധയും ഹരി യും.

അന്നും ഡ്രസ്സുചെയ്തൊരുങ്ങി വരാൻ രാധ കണക്കിലധികം സമ യമെടുത്തു. കുമാർ സിഗരറ്റും പുകച്ച് ഡ്രോയിംഗ് റൂമിലിരിക്കുക യായിരുന്നു. ആ മുഖത്ത് രോഷം സാവധാനം പടരുന്നുണ്ടായിരുന്നു. ഞാനും ഹരിയും അതു കണ്ടു. ഹരി അതൊന്നും ശ്രദ്ധിക്കാത്തമ ട്ടിൽ ബാൽക്കണിയിൽ പോയിനി ന്നു.

ഒടുവിൽ രാധ പ്രത്യക്ഷപ്പെട്ട നിമിഷം കുമാർ ക്ഷോഭത്തോടെ ശബ്ദമുയർത്തി ചോദിച്ചു: 'സിനി മയിൽ അഭിനയിക്കാൻ പോവുക യാണോ നീ? ഇതാണോ ഒരു പാർട്ടിയിൽ പങ്കെടുക്കാൻ പോവു മ്പോഴുള്ള വസ്ത്രധാരണം? ഈശ്വരാ എത്ര പറഞ്ഞാ ലും...'കുമാർ പല്ലു ഞെരിച്ചു.

'ഇതു പോരെ?' രാധ അമ്പര പ്പോടെ ചോദിച്ചു.

'നീയിത്ര സെൻസില്ലാത്തതായി പ്പോയല്ലോ. മറ്റുള്ളവർക്ക് എന്നെ പ്പറ്റി എന്തു തോന്നും? പോ, പോയി വേഗം ഡ്രസ്സ് മാറ്റിക്കൊണ്ടുവാ.'

'മാറ്റണോ?'

'വേണ്ട! മണവാട്ടിയെപ്പോലെ ചമഞ്ഞാണോ പാർട്ടിയിൽ പോവു ന്നത്?'

രാധ പിന്നെ ഒന്നും ചോദി ക്കാതെ, പറയാതെ, ഒരു നിമിഷ നേരം ഭർത്താവിനെ തുറിച്ചു നോക്കിക്കൊണ്ടു നിന്നു. ആ നോട്ടം! അങ്ങിനെ ഒരിക്കലും അവൾ കുമാറിനെ നോക്കിയിട്ടില്ല.

എന്നിട്ട് മെല്ലെ തിരിഞ്ഞ് അക ത്തേയ്ക്ക് പോവുകയും വേഷം മാറി വരുകയും ചെയ്തു.

നേരത്തെ ഭക്ഷണം കഴിച്ച് ഞാനൊരു മാഗസിൻ വായിച്ചു കിട ന്നതാണ് അങ്ങിനെ ഉറങ്ങിപ്പോയി. ഉറക്കത്തിൽ ഡോർ ബെല്ലടിക്കുന്ന ശബ്ദം കേട്ട് ഉണർന്നു. കതകു തുറന്നപ്പോൾ രാധയും ഹരിയും.

'കുമാറെവിടെ?'

'അവിടെ കുടിയും ഡാൻസു മൊക്കെയാണ് അമ്മാവി. എനിക്ക് ബോറടിച്ചു. അതുകൊണ്ട് ഹരി യേയും കൂട്ടി ഞാനിങ്ങു പോന്നു.'

ലളിതമായ ആ വേഷത്തിൽ രാധയുടെ അഴകു വർദ്ധിച്ചതു പോലെ തോന്നി. അത്രയ്ക്കൊന്നും സ്ഥൂലത അവ ളുടെ ദേഹത്തിനുണ്ടെന്നു പറ യാമോ? അതൊക്കെ കുമാർ അപ്രിയംകൊണ്ടു പറയുന്നതാ ണെന്നെനിക്കു തോന്നി. രാധ സുന്ദരിയാണ്. ശാലീനയുമാണ്.

'കുമാറെപ്പോൾ വരുമാവോ?'

'വൈകും, നമുക്കു കിടക്കാം.' രാധ പറഞ്ഞു.

ഞങ്ങൾ കിടന്നു. ഞാൻ വേഗം ഉറങ്ങിപ്പോയി.

പിന്നെ എപ്പോഴോ, ഡോർബെ ല്ലടിച്ചു തുടരെത്തുടരെയുള്ള മണി യടി.

ഞാൻ ഞെട്ടിയുണർന്നു. ആരാ യിരിക്കും?

എഴുന്നേറ്റു ലൈറ്റിട്ടു. രണ്ടുമ ണി.

കുമാറായിരിക്കുമോ? രാധ എവിടെ?

കുമാറാണെങ്കിൽ ഡോർ ബെല്ലടിക്കേണ്ട കാര്യമില്ല. പുറ ത്തുനിന്നും താക്കോൽകൊണ്ട് തുറക്കുകയാണ് പതിവ്.

ഞാൻ കതകുതുറക്കാനെ ത്തുമ്പോഴേക്കും രാധ തിടുക്ക പ്പെട്ടു വന്നു. പക്ഷേ അവൾ ഹരിയുടെ മുറിയിൽ നിന്നാണ് വന്നത് എന്ന് ഞാൻ ശ്രദ്ധിച്ചു. കതക് തുറന്നുകൊണ്ട് അവൾ പറയുന്നത് ഞാൻ കേട്ടു.

'അറിയാതെ ബോൾട്ടിട്ടു പോയതാണ്.'


കുമാറിന്റെ പുറകേ ബെഡ്റൂ മിലേക്ക് നടക്കുമ്പോൾ അവൾ എന്റെ നേരെ ഒന്നു നോക്കുക പോലും ചെയ്തില്ല.

എങ്കിലും ഞാൻ കണ്ടു. ആ മുഖം രാധയുടേതായിരുന്നില്ല.


ചിരിക്കുകയാണോ കരയുക യാണോ വേണ്ടതെന്നു നിശ്ച യമില്ലാതെ ഞാൻ നിശ്ശബ്ദം തിരിച്ചു വന്നു കിടന്നു. സഹ താപം മാത്രമായിരുന്നു അപ്പോൾ മനസ്സിൽ ഇരമ്പിയു യർന്ന വികാരം. ■

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

FRENCH CARTOON
C.K. RAGHAVAN
ckraghavanyz.blogspot.com



## Dessin animé





അൽ-തൈമ ഹജ്ജ് & ഉംറ ജനറൽ സർവ്വീസ്

ഹജ്ജ് ഉംറ

പെരുമണ്ണ, വെള്ളിപറമ്പ്, കാസർഗോഡ്
ഫോൺ : 9745 275 677
7736 510 550
E-Mail : altayma9745298747@gmail.com
Whats App: 90 20 27 24 29
Web : www.altayma.com

കവരത്തി, ആന്ത്രോത്ത്, അകത്തി, ലക്ഷദ്വീപ്
യാത്ര ഫുൾ പാക്കേജ്
ഫാമിലിക്ക് പ്രത്യേകസൗകര്യം
കപ്പൽ ഫ്ലൈറ്റ് യാത്ര

ഹജ്ജ് : ഈ വർഷത്തെ ഹജ്ജിന് ബുക്കിംഗ് തുടരുന്നു ഗ്രീൻ കാറ്റഗറി സൗകര്യത്തോടുകൂടി.


രണ്ടു കവിതകൾ

## 1. മണിച്ചെപ്പ്



രത്നവല്ലി ടീച്ചർ, തൃശ്ശൂർ

പൂക്കൾ തൻ സൗരഭ്യം പേറി വിലസുന്ന
പൊന്നോണപ്പുലരിയിന്നെവിടെ?
വർണ്ണച്ചിറകുകൾ വിടർത്തി പറക്കുന്ന
പൊന്നോണത്തുമ്പിയിന്നെവിടെ?
"മാവേലി മന്ന"ന്റെ ഓർമ്മയുണർത്തുന്ന
ചിങ്ങത്തിൻ "തിരുവോണ" മിന്നെവിടെ?
നാക്കിലക്കുള്ളിൽ വിളമ്പിയ വട്ടങ്ങൾ
ഉണ്ണുവാൻ ചുറ്റിലും വട്ടമിടുന്നതെവിടെ?
കാതിനും കരളിനും ഇമ്പം പകരുന്ന
കൈകൊട്ടിപ്പാട്ടുകളിന്നെവിടെ?
ആകാശവീഥിയിൽ പാറിപ്പറക്കുന്ന
പറവതൻ സംഗീതമിന്നെവിടെ?
നിറകുംഭങ്ങളായ് കൈയാട്ടി നിൽക്കുന്ന
കേരവൃക്ഷങ്ങളിന്നെവിടെ?
ആരേയുംകാണാതെ കൺപൊത്തി കളിക്കുവാൻ
തെങ്ങോലച്ചാർത്തുകളിന്നെവിടെ?
കുന്നിൻചരിവിലൂടെയൊഴുകും അരുവിതൻ
കളകളസംഗീതമിന്നെവിടെ?
ഒക്കെയും മനസ്സിന്റെ "മണിച്ചെപ്പി"ലാക്കി ഞാൻ
ഒരു നല്ല "നാളെ" യെ സ്വപ്നം കാൺമൂ...

## 2.താളം

രാവിന്റെ മൗനം എന്നിലേയ്ക്കെത്തുന്നു
ഒരു കോടി സ്വപ്നവുമായി വീണ്ടും
പ്രഭാതം വിടരുന്നു മധുരജീവിതത്തിൽ വീണ്ടും
സന്ധ്യാരാഗത്തുടുപ്പിൽ കണ്ടു ഞാൻ
ഒരുകോടി രാഗപ്രപഞ്ചത്തെ വീണ്ടും
ഒരു ദിനത്തിന്റെ പൂർണ്ണതയിൽ കണ്ടു ഞാൻ
ഒരുകോടി ജീവിതസുകൃതത്തെ വീണ്ടും
ഹൃത്തടം തേച്ചുമിനുക്കി ഞാൻ നോക്കുമ്പോൾ
ഈ ലോകം സ്വർഗമായ് ത്തീരുന്നു വീണ്ടും


Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

ലേഖനം

# അതിർത്തി ഗാന്ധി



**അഹമ്മദ് കിഴിശ്ശേരി**



മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മദിനം നാം ആലോചിക്കുന്ന വേളയിൽ മഹാത്മാവിന്റെ പ്രിയ ശിഷ്യനും സന്തതസഹചാരിയുമായിരുന്ന ഖാൻ അബ്ദുൽ ഗഫാർ ഖാനെ ഓർക്കുന്നത് നന്നായിരിക്കും. ഹിന്ദു-മുസ്ലീം സാഹോദര്യത്തിന്റെ അപ്പോസ്തലന്മാരായിരുന്നു രണ്ടു പേരും. സ്വന്തം സമുദായത്തിൽ നിന്നും ശക്തമായ എതിർപ്പുണ്ടായിരുന്നിട്ടും ഗഫാർഖാൻ ഇന്ത്യാ വിഭജനത്തെ നഖശിഖാന്തം എതിർക്കുകയും മഹാത്മജിയുടെ അഹിംസാ മാർഗ്ഗങ്ങളോട് 100% നീതി പുലർത്തുകയും അതിന് പിന്നിൽ പാറ പോലെ ഉറച്ചു നില്ക്കുകയും ചെയ്തു. വെള്ളക്കാരുടെ "വിഭജിച്ചു ഭരിക്കുക" എന്ന കുത്സിത തന്ത്രത്തിൽ പല നേതാക്കളും വീണപ്പോഴും അഖണ്ഡഭാരതത്തിന് വേണ്ടി അദ്ദേഹം നിലകൊണ്ടു. ബ്രിട്ടീഷ് ഇന്ത്യയുടെ അതിർത്തി പ്രദേശമായ North Western Frontier Province ൽ പഖ്തൂൺ പ്രദേശത്തിലെ പെഷവാറിൽ ജനിച്ചത്കൊണ്ട് ജനങ്ങൾ അദ്ദേഹത്തെ അതിർത്തി ഗാന്ധി എന്നു വിളിച്ചു. 1890 ഫിബ്രവരി 6-നായിരുന്നു അദ്ദേഹത്തിന്റെ ജനനം. തികഞ്ഞ മതഭക്തനും ആത്മീയനേതാവുമായിരുന്നു അദ്ദേഹം.

രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി 1929ൽ അദ്ദേഹം സ്ഥാപിച്ച സംഘടനയാണ് ഖുദാ-എ-ഖിദ്മത്ത്ഗർ. ഈ സംഘടന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനോട് സഹകരിച്ച് പ്രവർത്തിച്ചു. ബാദ്ഷാ ഖാനെന്നും അദ്ദേഹം അറിയപ്പെടുകയുണ്ടായി. ഇന്ത്യാ രാജ്യം മതത്തിന്റെ പേരിൽ രണ്ടായി വിഭജിക്കപ്പെടുമെന്ന യാഥാർത്ഥ്യം ബോധ്യമായപ്പോൾ 1947 ജൂൺ 21ൽ ചേർന്ന "ലോയജിർഗ" യിൽ ഖുദാ-എ-ഖിദ്മത്ത്ഗർ പ്രത്യേക പഖ്തൂൺ രാഷ്ട്രം വേണമെന്ന വാദം ഉയർത്തുകയുണ്ടായി.എന്നാൽബ്രിട്ടീഷ് സർക്കാർ ഇതംഗീകരിച്ചില്ല. അങ്ങിനെ അദ്ദേഹത്തിന്റെ പഖ്തൂൺ പ്രദേശം പാക്കിസ്ഥാനിൽ ചേരാൻ നിർബന്ധിതമായി. പാക്കിസ്ഥാനിൽ ജീവിക്കുമ്പോൾ ഭരണാധികാരികളുടെ കണ്ണിലെ കരടായിരുന്നു അദ്ദേഹം. മുഹമ്മദലി ജിന്നയുമായി 1948 ൽ കൂടികാഴ്ച നടത്തി പാക്കിസ്ഥാന് അദ്ദേഹം പിന്തുണപ്രഖ്യാപിച്ചു. എന്നാൽ പ്രവിശ്യാമുഖ്യമന്ത്രി അബ്ദുൾഖയ്യൂം കശ്മീരിയുടെ കുത്സിതശ്രമം മൂലം ആ ബന്ധം നിലനിന്നില്ല. അദ്ദേഹത്തെ അവർ ഇന്ത്യൻ ചാരനായാണ് വിശേഷിപ്പിച്ചത്. അതിനാൽ 1948 മേയ് മാസത്തിൽ പാക്കിസ്ഥാനിലെ ആദ്യ പ്രതിപക്ഷ പാർട്ടി "പാക്കിസ്ഥാൻ ആസാദ് പാർട്ടി രൂപികരിച്ചു". ഉടനെതന്നെ അദ്ദേഹം തടവിലാക്കപ്പെട്ടു. 1954 വരെ ഈ തടവ് നീണ്ടു. പ്രതികാരദാഹികളായ ഭരണകർത്താക്കൾ അദ്ദേഹത്തെ നിരന്തരം പീഠിപ്പിക്കുകയും തടവിലാക്കുകയും ചെയ്തു. 1958 ൽ അദ്ദേഹത്തെ വശത്താക്കാൻ മന്ത്രിസ്ഥാനം വെച്ചുനീട്ടുകയും അദ്ദേഹം അത് നിരസിക്കുകയും ചെയ്തു.

തടവിൽ കഴിയവെ 1962 -ൽ ആംനസ്റ്റി ഇന്റർനാഷണലിന്റെ Prisoner of the year ആയി അംഗീകരിക്കപ്പെട്ടു. 1964 സെപ്തംബറിൽ ചികിത്സക്കായി ഇംഗ്ലണ്ടിലേക്കു പോയി. 1972 വരെ അഫ്ഗാനിസ്ഥാനിൽ അഭയാർത്ഥിയായി താമസിച്ചു. പാക്കിസ്ഥാനിൽ തിരിച്ചെത്തിയപ്പോൾ അന്നത്തെ പ്രധാനമന്ത്രി സുൽഫിക്കർ അലി ഭൂട്ടോ അദ്ദേഹത്തെ തടവിലാക്കി.

ഇന്ത്യയുമായി എന്നും അദ്ദേഹം നല്ലബന്ധം നിലനിർത്തി. 1969ൽ ഗാന്ധിജിയുടെ 100-ാം ജന്മ വാർഷികത്തിൽ ഇന്ത്യൻ പാർലിമെന്റിനെ അഭിസംബോധനചെയ്ത് സംസാരിച്ചു. 1987 ൽ രാജ്യം ഭാരതരത്നം പുരസ്ക്കാരം നല്കി അദ്ദേഹത്തെ ആദരിച്ചു. ഭാരതരത്ന അവാർഡ് ലഭിച്ച ഇന്ത്യക്കാരനല്ലാത്ത ആദ്യ വ്യക്തിയായിരുന്നു അദ്ദേഹം. ■

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

സാഹിത്യ വിചാരം

# കഥയും കാര്യവും

## (നക്ഷത്രരാജ്യം - സാഹിത്യകാരൻ പി. മോഹനൻ അഭിമുഖം)

**നക്ഷത്രരാജ്യം ലേഖകൻ**



**ചോദ്യം 1 :** താങ്കൾ സാഹിത്യ മണ്ഡലത്തിലേക്ക് വന്ന സാഹചര്യം ഒന്നു വിശദികരിക്കാമോ?

**ഉത്തരം :-** സാഹിത്യത്തിലേക്ക് വന്ന സാഹചര്യം കൃത്യമായി പറയുക പ്രയാസമാണ്. 8 -ാം തരത്തിൽ പഠിക്കുമ്പോൾ നോട്ടു പുസ്തകങ്ങളിലും മറ്റും വെറുതെ എഴുതുന്ന ശീലം ഉണ്ടായിരുന്നു. എന്നാൽ അത് ഗൗരവമായി എടുത്തത് കോളേജ് പഠനകാലത്താണ്. പ്രീഡിഗ്രിക്ക് പഠിക്കുമ്പോൾ ആദ്യ കവിത അച്ചടി മഷി പുരട്ടിട്ടുണ്ട്. പിന്നീട് അത്യാവശ്യം ചില വാരികകളിൽ ചില സൃഷ്ടികൾ പുറത്ത് വന്നെങ്കിലും അതൊന്നും സൂക്ഷിച്ചു വെക്കാൻ കഴിഞ്ഞിട്ടില്ല. 23-ാം വയസ്സ് മുതൽ എഴുതിത്തുടങ്ങിയ കഥകൾ ചേർത്ത് പ്രണയ നിലാവ് എന്ന ഒരു കഥാസമാഹാരം 1999-ൽ കോഴിക്കോട്ടെ മൾബറി ബുക്സ് പ്രസിദ്ധികരിച്ചിട്ടുണ്ട്.

**ചോദ്യം 2 :** താങ്കളുടേതായി പ്രസിദ്ധികരിച്ച ആദ്യത്തെ കൃതി പ്രണയനിലാവ് എന്ന് പറഞ്ഞല്ലോ അതിന്റെ പ്രസിദ്ധികരണ പശ്ചാത്തലം ഒന്നു വിശദികരിക്കാമോ?

**ഉത്തരം :-** കോഴിക്കോട് നിന്ന് മൾബറി ബുക്സ് എന്ന പേരിൽ പ്രസിദ്ധികരിച്ചിരുന്ന പുസ്തകങ്ങൾ സാഹിത്യലോകത്ത് വലിയ ചലനങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്ന കാലത്താണ് പ്രണയ നിലാവ് പുസ്തക രൂപത്തിൽ പുറത്തുവരുന്നത്. മൾബറിബുക്സിന്റെ ഉടമ ഷെൽവിയുമായുള്ള സൗഹൃദത്തിൽനിന്നാണ് പുസ്തകം പ്രസിദ്ധികരിക്കുന്നതിനുള്ള ചിന്തവളരുന്നതും ജനനം കൊള്ളുന്നതും. പുസ്തകം പുറത്തു വന്നപ്പോൾ അതിന് വായന ലോകത്ത് നിന്ന് വലിയ സ്വീകാര്യത ലഭിച്ചു. അതിന്റെ ചുവടുപിടിച്ചാണ് പിന്നീടുള്ള പുസ്തകങ്ങൾ പുറത്ത് വന്നത്.

**ചോദ്യം 3 :** താങ്കളുടെ കഥകളിലും നോവലുകളിലും വ്യത്യസ്ഥമായ ഭാഷയാണല്ലോ കാണുന്നത്- എന്താണ് ഇതിന് കാരണം?

**ഉത്തരം :-** ഓരോ കഥയിലും വ്യത്യസ്ഥത പുലർത്തണമെന്ന് എനിയ്ക്ക് നിർബന്ധമായിരുന്നു. വൈവിധ്യമാണ് ശ്രദ്ധേയമാവുക എന്നത് എന്റെ അനുഭവ സത്യമായിരുന്നു. പുതുമനഷ്ടപ്പെടാതേയും വ്യതിരിക്തമായി ചിന്തിക്കാനും അത് എന്നെ പ്രേരിപ്പിച്ചു. നോവലുകളിലും ഈ രീതി ഞാൻ സ്വീകരിച്ചു.

**ചോദ്യം 4-** കുടുംബ പശ്ചാത്തലം, കൗമാരം, യൗവ്വനം ഒന്ന് വിശദീകരിക്കാമോ?

**ഉത്തരം :-** തികച്ചും സാധാരണമായ ഒരു കുടുംബ പശ്ചാത്തലമാണ് എന്റേത്. ഒട്ടും സമ്പന്നമല്ലാത്ത ഒരു കർഷക കുടുംബത്തിലാണ് ഞാൻ ജനിച്ചത്. കുട്ടിക്കാലത്ത് ദാരിദ്ര്യത്തിന്റെ കയ്പ് നന്നായി അനുഭവിച്ചിട്ടുണ്ട്. യൗവ്വനം മധുരമായിരുന്നില്ല. അസ്വസ്തതകളും ആകുലതകളും നിറഞ്ഞ യൗവ്വനകാലത്തെ ഒരു പരിധിവരെ സമാശ്വസിപ്പിച്ചത് വായനതന്നെയായിരുന്നു. അത് ഒരർത്ഥത്തിൽ എന്റെ കൂടപ്പിറപ്പ്തന്നെയായിരുന്നു.

**ചോദ്യം 5 :-** താങ്കളുടെ കഥകളിൽ ഗ്രാമജീവിതമാണ് കൂടുതലും കണ്ടുവരുന്നത്? കാരണം ഒന്നു വിശദീകരിക്കാമോ?

**ഉത്തരം :-** ഗ്രാമത്തിൽ ജനിച്ചു വളർന്നവനാണ് ഞാൻ. വർഷങ്ങളായി നഗരത്തിൽ ജോലി ചെയ്യുന്നുണ്ടെങ്കിലും എന്നെ മത്തുപിടിപ്പിക്കുകയോ അഭിരമിപ്പിക്കുകയോ ഉണ്ടായിട്ടില്ല. എന്നും ഗ്രാമജീവിതവും അതിന്റെ ഗതിവിഗതികളുമാണ് എന്നെ കൊതിപ്പിച്ചതും നിലനിർത്തിയതും. എന്നാൽ പഴയ ഗ്രാമചാരുത ഇന്ന് എത്രയോ അകന്നുപോയിരിക്കുന്നു എന്ന യാഥാർഥ്യം എന്നെ വലുതായി വേദനിപ്പിക്കുന്നു.


**ചോദ്യം 6 :** പുസ്തക വായനാശീലം പുതിയതലമറയിൽനിന്നു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നുള്ളതാണല്ലോ ഇന്നു സമൂഹത്തിൽ പരക്കെയുള്ള ഭീതി. ഒരു സാഹിത്യകാരനെന്ന നിലയിൽ വായനയെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായം?

**(ശേഷം 27-ാം പേജിൽ)**

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

ലോകവിചാരം

# എത്ര സുന്ദരം ഈ വളവുകൾ



**പി.ആർ. നാഥൻ**

വളയ്ക്കുക എന്ന വാക്ക് എത്രമാത്രം മോശമായി പ്രയോഗിക്കാം എന്ന ചിന്തയിൽനിന്ന് തുടങ്ങി വളയ്ക്കലിന്റെ തത്വചിന്താപരമായ വശങ്ങളെക്കുറിച്ച് നമുക്ക് ആലോചിക്കാം. ഒരു ആളിനെ വളച്ചെടുക്കുക. അതായത്, നമ്മുടെ ഹിതത്തിനനുസരിച്ച് അയാളെ മാറ്റിയെടുക്കുക. സ്ത്രീകളെ വളയ്ക്കുക എന്നൊരു പ്രയോഗമുണ്ട്. പുരുഷന്മാരേയും വളയ്ക്കാം. നമ്മുടെ ഇച്ഛയ്ക്കനുസരിച്ച് കാര്യങ്ങൾ നടക്കണമെങ്കിൽ വളയ്ക്കോണ്ടിവരും. ഇരുമ്പുകമ്പി വളയ്ക്കണം. നാക്കുവടിക്കാൻ ഉപയോഗിക്കുന്ന ടങ് ക്ലീനർ വരെ ചെറുതായൊന്നു വളയ്ക്കണം. എന്തിനധികം, ഞാൻ ഇപ്പോൾ എഴുതുമ്പോൾ പേന വളയുന്നുണ്ട്. എഴുതുന്ന ഞാനും ചെറുതായൊന്നു വളയുന്നുണ്ട്. വായിക്കുന്നവരുടെ കാര്യം പറയേണ്ടതില്ല. കുത്തനെയിരുന്ന് ആർക്കാണ് വായിക്കാൻ പറ്റുക? ചെറിയ ഒരു വളവ് അവിടേയും ആവശ്യമാണ്.

വളവില്ലാതെ ഒരു കാര്യവും നടക്കില്ല. ഒന്നിനേയും വളയ്ക്കുകയില്ല എന്ന് വാശിപിടിക്കുന്നവർക്ക് ജീവിക്കാൻ പ്രയാസമാണ്. നാം ഇന്ന് ഉപയോഗിക്കുന്ന എല്ലാ വസ്തുക്കളേയും ഒരു പ്രത്യേക രീതിയിൽ വളച്ചുവച്ചിരിക്കുന്നു. വളഞ്ഞതുകൊണ്ടാണല്ലോ വളയെ വള എന്ന് വിളിക്കുന്നത്. വളയുടെ വളവ് അത്യാവശ്യമാണ്. അത് തുടങ്ങിയേടത്തുതന്നെ അവസാനിക്കുന്നു. ഒരു വൃത്തം പൂർത്തിയാക്കണമെങ്കിൽ വളഞ്ഞേ പറ്റൂ. വളഞ്ഞില്ലെങ്കിൽ വൃത്തം പൂർത്തിയാവുകയില്ല. വൃത്തിക്ക് കേട് വരുമ്പോൾ നാം അതിനെ വൃത്തികേട് എന്നു വിളിക്കുന്നു.

ഇന്നത്തെ എല്ലാ വൃത്തികേടുകൾക്കും കാരണം വകതിരിവോടുകൂടിയ വളവ് ഇല്ലാതിരിക്കുന്നതാണ്. കുത്തനെ നിൽക്കുന്ന ഒന്നിനെ നാം ദണ്ഡ് എന്നു വിളിക്കുന്നു. ഈ ദണ്ഡുകൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾക്ക് പരിമിതികളുണ്ട്. ഇതിനെ വളയ്ക്കുക. അത് കോദണ്ഡം എന്ന വില്ലായി മാറുന്നു. ആ വില്ല് വേണ്ടും വിധം പ്രയോഗിച്ചാൽ ലോകത്തെ കീഴടക്കാം. ഞാൻ കുത്തനെ വിറങ്ങലിച്ച് നിൽക്കുക മാത്രമേ ചെയ്യുകയുള്ളുവെന്ന് വാശിപിടിക്കുന്നവർ ഒന്നും നേടുകയില്ല. വളവുകൾ ശക്തിയുണ്ടാക്കുന്നു എന്ന് ഈ പ്രപഞ്ചത്തെ ശ്രദ്ധിച്ചു പഠിച്ചാൽ മനസ്സിലാകും. വളയ്ക്കാൻ കഴിയാത്ത ശരീരം കൊണ്ട് എന്തു പ്രയോജനം? യോഗാഭ്യാസി ശരീരത്തെ വളയ്ക്കണം, നൃത്തം ചെയ്യുന്നവർക്കും ഇത് ബാധകമാണ്. നല്ല നടന്മാരെ വിശേഷിപ്പിക്കുക ഫ്ളക്സിബിൾ എന്നാണ്. ധൈര്യപൂർവ്വം കുത്തനെ നിൽക്കുക എന്നതും വളവിന്റെ മറ്റൊരു രൂപമാണ്. ചിലയിടത്ത് തലകുനിക്കരുത്. പക്ഷേ, ആ വ്യക്തി ആവശ്യം വന്നാൽ തല കുനിക്കുന്നവനുമാകണം.

വിമാനം പറന്നുയരുമ്പോൾ താഴെയുള്ള നദികളേയും പുഴകളേയും കാണാം. ചിലപുഴകളുടെ ഉത്ഭവസ്ഥാനം മുതൽ അതിന്റെ അവസാനം വരേയും ദർശിക്കാവുന്നതാണ്. നേർരേഖയിലൂടെ നീങ്ങുന്ന ഒരു പുഴയും ഇല്ല. നദികൾ വളഞ്ഞ് പുളഞ്ഞ് ഒഴുകുന്നു എന്നാണ് പ്രയോഗം. നദികൾ വളയാൻ കാരണമുണ്ട്. അപ്പോഴാണ് വേഗത കിട്ടുക. ഒഴുക്ക് ശക്തമാകാൻ വളവുകളും അത്യാവശ്യം തടസ്സങ്ങളും ഉണ്ടാകണം. ഭാരതപ്പുഴ എന്തുകൊണ്ടാണ് ഇങ്ങനെ വളഞ്ഞുകൊണ്ട് ഒഴുകുന്നത് എന്ന് ഞാൻ ബാല്യത്തിൽ ചിന്തിക്കാറുണ്ടായിരുന്നു. ഷൊർണ്ണൂരിൽ നിന്നും പട്ടാമ്പി വരെ ഒഴുകി നീങ്ങുന്നതിനിടയിൽ ആ പുഴ പലയിടത്തും വളയുന്നു. വളവ് നദിക്കുപോലും ബലം നൽകമെങ്കിൽ പ്രതിസന്ധി ഘട്ടങ്ങളും വഴിത്തിരിവുകളും നമുക്കും ശക്തി പകരേണ്ടതാണ്. കോദാണ്ഡരാമൻ അവതാരമെടുത്തത് പ്രതിസന്ധികളെ അതിജീവിക്കാനാണ്. മുഖാമുഖം നിന്ന് പലരേയും തോൽപ്പിച്ച രാമൻ ചിലയിടത്ത് വളഞ്ഞു. പിതാവിന്റെ ആജ്ഞയ്ക്ക് മുൻപിൽ ശിരസ്സ് കുനിച്ചു. വളയുന്നത് പരാജയ ലക്ഷണമായി ആരും വ്യാഖ്യാനിക്കരുത്. നേരുപറഞ്ഞാൽ തിയേറ്ററിൽ ചെന്ന് സിനിമ കാണുമ്പോൾ പോലും ചെറുതായൊന്നു വളയേണ്ടി വരും.

നദികളെപ്പോലെത്തന്നെ ശക്തമാണ് വൃക്ഷങ്ങളുടെ ഘടന എന്ന് നാം തിരിച്ചറിയുന്നു. സൂര്യപ്രകാശത്തിലേക്ക് നോക്കി കുത്തനെ വളരാനാണ്സസ്യലദാതികൾക്കും താല്പര്യം എന്നു വച്ച് എല്ലാ വൃക്ഷങ്ങളും കുത്തനെ വളരുകയല്ല ചെയ്യുന്നത്. എല്ലാ വൃക്ഷങ്ങളും വളയുന്നുണ്ട്. ഒരു വടവൃക്ഷത്തിന്റെ മുഴുവൻ ഭംഗിയും നിലനിൽക്കുന്നത് അതിന്റെ വളവുകളിലാണ്. ചില വൃക്ഷങ്ങളുടെ ഭംഗിയിൽ ആകൃഷ്ടനായി ഞാൻ മണിക്കൂറുകളോളം നിന്നിട്ടുണ്ട്. ഹിമാലയ ഭാഗങ്ങളിലാണ് അത്തരം വൃക്ഷങ്ങൾ അധികമായി കണ്ടിട്ടുള്ളത്. വൃക്ഷശിഖരങ്ങൾ കമനീയമായി വളയുന്നു. അതുകൊണ്ടുമാത്രമാണ് മനുഷ്യർക്ക് അതിന്റെ മുകളിലേക്ക് കയറാൻ കഴിയുന്നത്. കിളികൾ കൂടുകൂട്ടാൻ വൃക്ഷശിഖരങ്ങൾ തിരഞ്ഞെടുക്കാനുള്ള കാരണവും

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

മിനികഥ



# സൗഹൃദം

വിജയൻ ഒ

പുതിയ വീടുവെച്ചു ചുറ്റുമതിൽകെട്ടി ഗേറ്റു വെച്ചു. അതോടെ അയൽവാസിയായ കുമാരേട്ടനും, അഹമ്മദ് ഹാജിയും, ഫിലോമിന ചേച്ചിയും അന്യരായി. അങ്ങോട്ടും ഇങ്ങോട്ടും സംസാരിച്ചു വന്നും പോയിമിരുന്നിരുന്നു ഇവരുടെ ഇടയിൽ മതിൽകെട്ടുയരന്നു. പരസ്പരം സാധനങ്ങൾ അതായത് പലവ്യഞ്ജനങ്ങൾവരെ കൈമാറിയിരുന്നതും നിലച്ചു.

പുതിയ തലമുറക്കാരായ മകനും മകൾക്കും അവരുടേതായ ലോകം മാത്രമായി, വാട്സാപ്പിലും ഫോണിലുമൊക്കെയായി അവരുടെ സൗഹൃദം ചുരുങ്ങി.

സൗകര്യം വർദ്ധിച്ചതോടെ മകനും ഒരു കാറു വാങ്ങണമെന്ന മോഹം. ഒടുവിൽ അതും സാധിച്ചു. അതോടെ ടൗണിലേക്കും കവലയിലേക്കുമൊക്കെയായുള്ള ബസ്സു യാത്ര നിലച്ചു. നടത്തവും നിലച്ചു. തമ്മിൽ കണ്ടും ചിരിച്ചുമുള്ള സൗഹൃദം നിലച്ചു.

വീടിന്റെ ഉമ്മറവാതിൽ സദാസമയവും അടഞ്ഞു കിടന്നു. ആരെങ്കിലും വന്നാൽ പുറത്തെ കോളിംഗ് ബെൽ അടിച്ചാൽ മതി വാതിൽ തുറക്കപ്പെടും. സൗഹൃദം നാലുചുമരുകൾക്കുള്ളിലായി ചുരുങ്ങി.

വമ്പൻ ഫ്ളാറ്റുകൾ നഗരങ്ങളിൽ ഉയർന്നു പൊങ്ങി അതിൽ എത്രയോ മനുഷ്യജന്മങ്ങൾ മണ്ണിൽ തൊടാതെ തടവറയിലെന്ന പോലെ ജീവിച്ചു തുടങ്ങി.

രാവിലെ പത്രം വായിക്കുന്നതിനിടയിലാണ് അയാളുടെ കണ്ണുകൾ ചരമ കോളത്തിൽ ഉടക്കിയത്. ഞെട്ടിപ്പോയി. അയൽവായിയായ കുമാരേട്ടൻ മരിച്ചിരിക്കുന്നു.

ഇന്നലെ മരിച്ച അയൽവായിയായ കുമാരേട്ടന്റെ മരണവിവരം അറിയാൻ ഇന്നത്തെ പത്രം നോക്കി വായിച്ചറിയേണ്ടിവന്ന ഗതികേടിനെയോർത്തയാൾ വിലപിച്ചു.

---

ഇതുതന്നെ.

നിരത്തുകളുടെ കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ? നിരത്തുകളുടെ വളവ് നികത്തിയാലും എവിടെയെങ്കിലുമൊക്കെ അവ വളയുന്നുണ്ട്. ആ വളവുകൾ അഴകാണ്. വളയുമ്പോഴാണ് ഡ്രൈവ് ചെയ്യുന്ന ആളിന്റെ ശ്രദ്ധ വർദ്ധിക്കുക. വളവുകളുള്ള നിരത്തിലൂടെ വാഹനമോടിക്കുമ്പോൾ ചുറ്റുപാടും കാണുന്ന കാഴ്ച രസാവഹമായിരിക്കും. ഇത്രയും പറഞ്ഞുവരുമ്പോൾ ആനയെ ഒഴിവാക്കിയതെന്ത് എന്ന് ചോദിക്കരുത്. ആനയെ നോക്കി നിന്നാൽ നേരം പോകുന്നത് അറിയില്ല. അതിന്റെ ഓരോചലനങ്ങളും രസാവഹമാണ്. അതിന്റെ തുമ്പികയ്യിന് വളവുണ്ടായതുകൊണ്ടാണ് മൊട്ടുസൂചി മുതൽ മരത്തടിവരേയും അതിന് എടുക്കാൻ കഴിയുന്നത്. പാമ്പിനെ എന്തുകൊണ്ടാണ് ദൈവം ഈ പരുവത്തിൽ സൃഷ്ടിച്ചത്?വളവില്ലാത്ത ഒരു ജീവിയായി അതിനെ സൃഷ്ടിക്കാമായിരുന്നല്ലോ. വളവ് ഉണ്ടായതുകൊണ്ടാണ് ഇത്രവേഗത്തിൽ ഉരഗത്തിന് നീങ്ങാൻ കഴിയുന്നത്. വേഗത്തിലോടുന്ന പാമ്പിന്റെ വളയൽ കൗതുകകരമാണ്.

നമുക്ക് വേണ്ടി വിട്ടുവീഴ്ചകൾ ചെയ്യുന്നവരെയാണ് എല്ലാവരും ഇഷ്ടപ്പെടുന്നത്. അമ്മ എത്ര വാശിക്കാരിയായിരുന്നാലും മക്കളുടെ വാശിക്കുമുമ്പിൽ വളയും. ഈ വളവ് സ്നേഹത്തിന്റെ ഉദാഹരണമാണ്. നമ്മെ സ്നേഹിക്കുന്നവരെല്ലാം നമുക്കു മുൻപിൽ തോറ്റുതരും. എന്റെ കൈകൾ ഒരു ദിവസം എത്ര തവണയാണ് എന്നെ സ്നേഹിച്ചുകൊണ്ട് വളയുന്നത്. രാപ്പകലുകൾക്കുപോലും വ്യക്തമായ വളവുകളുണ്ട്. അനു നിമിഷം പശ്ചാത്തലം മാറിക്കൊണ്ടിരിക്കുന്നു.


മാറിക്കൊണ്ടിരിക്കുന്നതിനെ നമ്മൾ "ജഗദ് "എന്ന് വിളിക്കുന്നു. മാറ്റമില്ലെങ്കിൽ മനോഹാരിത നഷ്ടപ്പെടും. ഓരോന്നും മാറിവരുമ്പോൾ ജീവിക്കാനുള്ള കൗതുകം വർദ്ധിക്കുന്നു. തീവണ്ടി ഓടുമ്പോൾ റെയിൽപാളങ്ങൾ ചെറുതായൊന്ന് വളയുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ? ഒരിക്കലും വളയാത്ത പാളങ്ങളിലൂടെ ചക്രങ്ങൾ നീങ്ങുകയില്ല. അത് പൊട്ടിത്തകരും.

കഞ്ഞി കുടിക്കണോ? പ്ലാവില ഒന്ന് പൊന്തണം; ചുണ്ട് ഒന്നു താഴുകയും വേണം. എന്റെ ദൈവമേ, വളവുകളില്ലാത്ത ഒരു പ്രപഞ്ചസംവിധാനത്തെക്കുറിച്ച് നമുക്ക് ചിന്തിക്കാൻ കഴിയുമോ? ■

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

കഥ

# ഓഹരി



ഇയ്യങ്കോട് ശ്രീധരൻ

**കാ**ര്യങ്ങൾ എല്ലാം പറഞ്ഞൊതുക്കി എഴുത്താരംഭിച്ചപ്പോൾ ഉച്ച തിരിഞ്ഞു. തറവാട്ടു വീടിന്റെ വലിയ നിഴൾ മുറ്റത്തേയ്ക്കു ചെരിഞ്ഞു കൃഷ്ണൻ നായർ വിസ്തരിച്ചൊന്നു മുറുക്കി, കഴുത്തിലെ മുഴ വാത്സല്യത്തോടെ ഉഴിഞ്ഞു, നിരത്തിവെച്ച മുദ്രക്കടലാസ്സിൽ കുനുകുനാന്ന് എഴുതാൻ തുടങ്ങി. സാമിക്കുട്ടിയുടേയും കുട്ടികൃഷ്ണന്റേയും കുട്ടികൾ സർക്കസ്സു കാണുന്ന അത്ഭുതത്തോടെ കൃഷ്ണൻനായർക്കു ചുറ്റുംകൂടി. രണ്ടു വാചകം എഴുതിക്കഴിഞ്ഞാൽ ഒരു ചടങ്ങെന്നപോലെ, കൃഷ്ണൻനായർ തന്റെ കഴുത്തിലെ മുഴ ഒന്നു ഉഴിയും കുട്ടികൾ അതു കാണുമ്പോൾ കിക്കിക്കീ എന്നു ചിരിക്കാൻ തുടങ്ങി.

“കുട്ട്യോളൊന്നും ഇബടെ നിക്കരുത്. ഉം...പോവിൻ...”

പനയോലവിശറി വീശി ഏമ്പക്കമിട്ടുകൊണ്ടു കടന്നു വന്ന സാമിക്കുട്ടി കൃഷ്ണൻനായർക്കു സമീപം കസേല വലിച്ചിട്ടിരുന്നു ഒരു ഗർജ്ജനം. അയാൾക്ക് ഗ്യാസ്ട്രബിളിന്റെ ബുദ്ധിമുട്ടുണ്ട്. മേടമാസത്തിലെ കത്തുന്ന വെയിലിന്റെ ഊറ്റം അപ്പോഴും കുറഞ്ഞിരുന്നില്ല. സാമിക്കുട്ടിയുടെ സ്ഥൂലിച്ച ശരീരത്തിലൂടെ വിയർപ്പു ചാലുകൾ ചാടിയിറങ്ങുന്നുണ്ടായിരുന്നു.

ഇത്രയും വേഗം സംഗതി ശരിപ്പെടുമെന്നു സാമിക്കുട്ടിയോ കൃഷ്ണൻനായരോ ഓർത്തതല്ല. അവസാനം വരെ ഉരസിനിന്നിരുന്നത് സഹദേവനായിരുന്നു. എല്ലാറ്റിലും ഇളയവൻ. അവനെപ്പോഴും അങ്ങിനെയാണ്. ഒരു പൊട്ടിത്തെറിച്ച മട്ട്. പക്ഷേ കുട്ടികൃഷ്ണന്റെ കെട്ടിയവൾ ദേവൂട്ടിയും നാട്ടുകാര്യസ്ഥൻ കണ്ടുണ്ണിയും ചേർന്ന് അവനെ പറഞ്ഞു സമാധാനിപ്പിച്ചു. കൃഷ്ണൻനായർക്കാണെങ്കിൽ എങ്ങിനെയെങ്കിലും എഴുത്തുതുടങ്ങിയാൽ മതിയെന്നുണ്ടായിരുന്നു. രണ്ടു ദിവസമായി ഇയ്യൊരു കാര്യത്തിനു വേണ്ടി തൂങ്ങിത്തിരിയുന്നു. മിനിയാന്നു തുടങ്ങിയതാണ്. ഓഹരിക്കാര്യം വരുമ്പോൾ അതൊക്കെ സർവ്വസാധാരണംമാത്രം.

ഇത്രയും സമ്പാദിച്ചത് ഇവരുടെയെല്ലാം അച്ഛൻ കണ്ടച്ചാമിയാണ്. അയാളുടെ കാലത്തുതന്നെ നടക്കേണ്ടുന്ന കാര്യമാണിത്. പക്ഷേ തന്തയ്ക്ക് അത് ഒട്ടും ഇഷ്ടമായിരുന്നില്ല.

ആളുകളെല്ലാം എത്തിക്കൂടുമ്പോഴേയ്ക്കും ദിവസം ഒന്നു കഴിഞ്ഞു. കുട്ടികൃഷ്ണന്നു ലീവ് കിട്ടാൻ വൈകി. അയാൾ തമിഴ്നാട്ടിലെ കരൂരിൽ ഹെഡ്കോൺസ്റ്റബിളായി ജോലി നോക്കുകയാണ്. സാമിക്കുട്ടിയും കുടുംബവും മിനിയാന്നുതന്നെ വന്നു. അയാൾക്കു ആരും ലീവ് കൊടുക്കേണ്ടുന്ന പ്രസ്നമില്ല. കോഴിക്കോട്ടെ ഭേദപ്പെട്ട ഒരു പലചരക്കു കച്ചവടക്കാരനാണ് അയാൾ. ഈയ്യിടെയായി അരിബിസിനസ്സുമുണ്ട്. പണം വാരിക്കൂട്ടുകയാണെന്നാണ് ജന സംസാരം. ചെക്ക്പോസ്റ്റുകാരുടെ കണ്ണു പറ്റിച്ച് ഒരു ലോഡു കടന്നുകിട്ടിയാൽ അയ്യായിരം കീശയിൽ വീണു.

ജാനു മദിരാശിയിൽനിന്ന് എഴുതീയിട്ടുണ്ട്. അവളുടെ ഭർത്താവിന്ന് ഈ ഓഹരിക്കാര്യത്തിൽ താല്പര്യമൊന്നുമില്ല. അയാൾ മദിരാശിയിലെ വലിയ ഹോട്ടലുടമസ്ഥനാണ്. കല്യാണം കഴിഞ്ഞുപോയതിൽപ്പിന്നെ അവൾ നാട്ടിലേയ്ക്ക് എത്തിനോക്കിയിട്ടില്ല. നാരായണിയും സഹദേവനുമാണ് പിന്നെയുള്ളത്. നാരായണിയെ എങ്ങിനെയെങ്കിലും സമാധാനിപ്പിക്കാം. പക്ഷേ സഹദേവനേയോ!

എല്ലാവർക്കും അയാളെയായിരുന്നു സംശയം. മറ്റൊന്നുമല്ല. വാശിപിടിച്ചാൽ അവൻ ആരേയും കൂട്ടാക്കില്ല. സഹദാവൻ സത്യത്തിൽ അവന്റെ കാര്യമല്ല വാദിക്കുന്നത്. രാമൻകുട്ടിയുടെ ഓഹരിയെപ്പറ്റിയാണ്.

ഉറങ്ങിക്കിടന്ന തറവാട്ടുവീട്ടിൽ മിനിയാന്നുമതൽ തിരക്കായി. ശൂന്യമായിരുന്ന ആ പരിസരത്തു കുട്ടികളുടെ കരച്ചിലും മുതിർന്നവരുടെ പരുത്ത ശബ്ദങ്ങളും മുഴങ്ങി.

രാമൻകുട്ടിക്കു എടുക്കെ പണിയുണ്ടായിരുന്നു. വെള്ളം കോരുക, വിറകുവെട്ടുക തുടങ്ങിതിരിയാനും മറിയാനും ഇടമില്ല.

മുഷിഞ്ഞു പാണ്ടുപിടിച്ച തോർത്തുമുണ്ടും ചുറ്റി രാമൻകുട്ടി കഴുതയെപ്പോലെ അദ്ധ്വാനിച്ചുകൊണ്ടിരുന്നു. അനിയന്റെയും ഏട്ടന്റേയും മക്കളെ രസിപ്പിക്കാൻ അവൻ പല വികൃതശബ്ദങ്ങളും ഉണ്ടാക്കിക്കൊണ്ടിരുന്നു. അവന്ന് അപ്പാടെ സന്തോഷമാണെന്ന് ആ കണ്ണുകൾ പറയും.

എല്ലാവരും വന്നുവല്ലോ: ഇങ്ങിനെ എല്ലാവരേയും ഒന്നിച്ചു കണ്ടത് അച്ഛൻ മരിച്ചപ്പോഴാണ്. എന്നാൽ അതു കഴിഞ്ഞിട്ടു കൊല്ലം കുറേയായില്ലേ?

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

രാമൻകുട്ടി കുട്ടികൃഷ്ണന്നു നേരെ താഴെയാണ്. പക്ഷേ ആളൊരു മന്തനാണ്. നാട്ടുകാർ അവനെ "തീവണ്ടി രാമോട്ടി" എന്നാണ് വിളിക്കാറ്. ആരെ ങ്കിലും അവനെ വിളിച്ചാൽ അവൻ തീവണ്ടിയെപ്പോലെ കൂക്കി ക്കൊണ്ടു ജക്, ജക് എന്ന ശബ്ദം പുറപ്പെടുവിച്ചുകൊണ്ടാണ് അടുത്തുചെല്ലുക. ഒരിക്കൽ നാരാ യണിയുടെ കൂടെ അവൻ പോയിത്താമസിച്ചിട്ടുണ്ട്. അന്നാണ് തീവണ്ടി കണ്ടത്.

കുട്ടികൃഷ്ണനോ, സാമിക്കു ട്ടിയോ, ജാനുവോ, നാരായ ണിയോ ആരുംതന്നെ രാമൻകുട്ടി തങ്ങളുടെ ഉടപ്പിറന്നവനാണെന്നു ഭാവിക്കാറില്ല. രാമൻകുട്ടിക്ക് അതി ലൊട്ടു പരിഭവമില്ലതാനും. അല്ലെ ങ്കിൽ പരിഭവമെന്തെന്നുതന്നെ അവന്നറിഞ്ഞുകൂടാ. സഹദേവ ന്നു മാത്രമാണ് രാമൻകുട്ടിയുടെ നേർക്ക് അല്പമെങ്കിലും താല്പ ര്യമുള്ളത്. പക്ഷേ ആ സാല്പര്യം രാമൻകുട്ടിയുടെ ഓഹരി ലാക്കാ ക്കിയാണെന്നാണ് മറ്റുള്ളവർ പറ യുന്നത്. എല്ലാവരേയും പോലെ ഒരോഹരി രാമൻകുട്ടിക്കുമുണ്ട ല്ലോ.

മിനിയാന്നുവരെ ശൂന്യമായിക്കി ടന്ന വീട്ടിൽ രാമൻക്കുട്ടി മാത്രമാ യിരുന്നു താമസിച്ചിരുന്നത്. അവൻ അവിടെ എങ്ങിനെ കഴി യുന്നു എന്നു ആരും തന്നെ ആലോചിക്കാറില്ല. സഹദാവൻ മാത്രം ഇടയ്ക്കിടയ്ക്കു വീട്ടിൽ വരും. കാരണം അയാൾക്കു ആ റൂട്ടിലാണ് ജോലി. ബസ്സ് കണ്ടക്ട റാണ് സഹദേവൻ. ഒന്നോ രണ്ടോ മാസം കൂടുമ്പോൾ നാരായണി വന്നു താമസിക്കാറുണ്ട്. അതു നാളികേരമിട്ടു ഭർത്താവിന്റെ വീട്ടി ലേക്കു കടത്താനാണ്. നാരാ യണി ഒരു ഗവർമ്മേണ്ട് യു.പി. സ്ക്കൂളിൽ അദ്ധ്യാപികയാണ്. അവൾക്കു നാളികേരം ചാക്കി ലാക്കി ബസ്സിന്റെ പുറത്ത് കയറ്റി വെച്ചുകൊടുക്കുന്നത് രാമൻകുട്ടി യാണ്.

നാരായണിക്കുമാത്രമല്ല, കുട്ടി കൃഷ്ണനും സാമിക്കുട്ടിക്കും നാളികേരവും പുളിയും കശുവ ണ്ടിയും നെല്ലുമെല്ലാം അവരവ രുടെ സ്ഥലങ്ങളിലേയ്ക്കുകടത്തി ക്കൊണ്ടു പോവാൻ രാമൻകുട്ടി സഹായിക്കും. ചുമടേറ്റി ബസ്സ്സ്റ്റാന്റുവരെ അവൻ പോകും. അതിൽ അവന്നു മടി യൊന്നുമില്ല. സന്തോഷമേ ഉള്ളു. രാമൻകുട്ടിയോട് ആർക്കും താല്പ ര്യമില്ലെങ്കിലും അവന്നു തന്റെ ഉട പ്പിറവരെന്നു പറഞ്ഞാൽ പ്രാണ നാണ്. ഓരോരുത്തരും പലപ്പോ ഴായിട്ടാണ് തറവാട്ടുവീട്ടിലെത്തു ക. അപ്പോൾ അവരുടെ കുട്ടി കൾക്കുവേണ്ടി അവൻ മഞ്ചാ ടിയും കുന്നിക്കുരുവും പെറുക്കി വെയ്ക്കാറുണ്ട്.

ആ വലിയ വീട്ടിൽ മിക്കവാറും ഒറ്റയ്ക്കുതന്നെ അവൻ താമസി ച്ചുവന്നു. വല്ലപ്പോഴുമൊരിക്കൽ സഹദാവൻ വന്നുപോകും. അവൻ ഒരിക്കലും വെറുതെ ഇരി ക്കാറില്ല. തൊടിയിൽ കയ്പയും, ചീരയും നട്ടുനനച്ചുണ്ടാക്കും. എന്നിട്ട് അവന്ന് ഇഷ്ടപ്പെട്ടവർക്കു വിളിച്ചുകൊടുക്കും. രാവിലെ എഴു ന്നേറ്റ് അങ്ങാടിത്തലയ്ക്ക ലേയ്ക്കു പോകും. ഏഴ് ഏ ഴരനാഴിക ഇരുട്ടിയാലേ അവിടെ നിന്നും മടങ്ങുകയുള്ളു. അന്തനേ രത്ത് ഇരുണ്ടവഴിയിലൂടെ അവൻ മടങ്ങിപ്പോകുന്നതു സ്ഥലവാസി കൾക്കെല്ലാം പരിചിതമാണ്. പരു പരുത്തശബ്ദത്തിൽ അവൻ പണ്ടു കണ്ട ഏതോ സിനിമയിൽ ത്യാഗരാജഭാഗവതർ പാടിയ പാട്ടൊന്നു പാടും. അതു കേൾക്കു മ്പോൾ ആളുകൾ പറയും.

"തീവണ്ടി രാമോട്ടിയല്ലേ പോക്ണത്.... നേരം ത്രയ്ക്കു ആയ്യോ...?"

വീട്ടിലെത്തിയാൽ, ഉമ്മറക്കോ ലായിൽ ചുരുട്ടി വെച്ച പായ് നിവർത്തി പിന്നീടൊരു കിടപ്പാണ്. ഏറെക്കാലമായി തുടർന്നുവരുന്ന ദിനചര്യയാണിത്. അവന്നു ബീഡി വലിയൊന്നുമില്ല. ആരെങ്കിലും നിർബന്ധിച്ചാൽ അറച്ചറച്ചു കൊണ്ട് ഒന്നു വലിച്ചെന്നു വരും.

"...ബീഡി പൊകച്ചാലേയ് ക്ഷെയം പിടിക്കും...."

വല്ല തെരുവുപിള്ളേരും ബീഡി വലിക്കുന്നതു കണ്ടാൽ അവൻ അവരെ ഗുണദോഷിക്കാറുണ്ട്.

പകൽ മുഴുവൻ അങ്ങാടിത്തല യ്ക്കൽ കഴിയുന്ന രാമൻകുട്ടി ആരെന്തു പണി പറഞ്ഞാലും ചെയ്യും. ഒരു നിബന്ധന. ചിരിച്ചു കൊണ്ടു പറയണമെന്നുമാത്രം. ദേഷ്യപ്പെടുന്നത് അവന്നിഷ്ടമല്ല. വല്ല അടികലശലുമുണ്ടാകു മ്പോൾ അവൻ ഓടി ദൂരെപ്പോയി നില്ക്കും. എന്നിട്ടു പരിഭ്രമ ത്തോടെ ചുറ്റും പകച്ചുനോക്കും.

എഴുത്തച്ഛന്റെ ചായപ്പീടികയി ലേയ്ക്കും കോയയുടെ സർവ്വത്ത് കടയിലേയ്ക്കും പഞ്ചായത്തുകി ണറിൽനിന്നു രാമൻകുട്ടിയാണ് വെള്ളംകോരി കൊണ്ടുപോയി കൊടുക്കുക. അഞ്ചെട്ടു കുടം വെള്ളം കോരിക്കൊടുത്താൽ എഴുത്തച്ഛൻ ഒരു ചായയും പരി പ്പുവടയും കൊടുക്കും. ചായ ഒരു വലിക്കു കുടിച്ചു പരിപ്പുവട ഉടുത്ത തോർത്തുമുണ്ടിന്റെ കോന്തലക്കൽ തിരുകി ഒങ്ങുമര ത്തണലിലെ അത്താണിക്കല്ലിൽ കയറിഇരിക്കും.

അവിടെ ഇരുന്ന് ആസ്വദിച്ചു കൊണ്ട് രാമൻകുട്ടി സാവകാശ ത്തോടെ പരിപ്പുവട തിന്നും. തെരുവുപിള്ളേർക്ക് അതൊരു കാഴ്ചയാണ്.

"...തീവണ്ടി പോക്ണത് ഒന്നു കാട്ട്വോ രാമോട്ടി..."

രാമൻകുട്ടി കൂവികൊണ്ട് ജക്, ജക് എന്ന ശബ്ദമുണ്ടാക്കും. കൂവികൊണ്ടു തെരുവുപിള്ളേർ പിന്നാലെ കൂടും.

അപ്പോൾ ആര്യവൈദ്യശാല ക്കാരൻ വാരിയർ വിളിതുടങ്ങും. രാമൻകുട്ടിയാണു അയാൾക്ക് വീട്ടിൽനിന്നു ചോറ് കൊണ്ടുവരാ റ്. ഒന്നൊന്നരനാഴികയുണ്ട് വാരി യത്തേക്ക്. പക്ഷേ രാമവ്കുട്ടിക്ക് അതൊന്നും ഒരു ദൂരമല്ല. ഉടൻ എഞ്ചിൻ പ്രവർത്തിക്കുകയായി. രാമൻകുട്ടി എന്ന തീവണ്ടി ഓടു കയായി. വാരിയത്തു ചെന്നാൽ കടുമാങ്ങയും കഞ്ഞിയും കിട്ടും. പോരാത്തതിന്നു ചെമ്പരത്തിപ്പൂവു മുണ്ട്. അത് രാമൻകുട്ടിക്കു വലി യപഥ്യമാണ്. ചെമ്പരത്തിപ്പൂക്കൾ പറിച്ച്, അവൻ കാളികാവിലെ നമ്പീശന്നു കൊടുക്കും. നമ്പീശൻ രാമൻകുട്ടിക്കു ചന്ദനം കൊടു ക്കും. നെറ്റിനിറയെ ചന്ദനംപൂശിയ രാമൻകുട്ടിയെകാണാൻ ബഹുര സമാണ്.

വല്ലവരും ബസ്സിറങ്ങിയാൽ ചു മടേറ്റാൻ കാണും. ചുമടിന്ന് ഇത്ര കൂലി കിട്ടണമെന്ന് അവന്നു നിർബന്ധമില്ല. കൊടുത്തതു വാങ്ങും. എന്നിട്ടു വെളുക്കെ ചിരി ക്കും.

"...ഇതൊക്കെ അവരുടെ കൊള്ളരുതായ്മയാ. ഇവനെ

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

ഇങ്ങനെ തെണ്ടാൻ വിട്ണോ...?..."

കുട്ടികൃഷ്ണനേയും സാമിക്കുട്ടിയേയും ആളുകൾ വിമർശിക്കാറുണ്ട്. രാമൻകുട്ടിയും അവരുടെ കൂട്ടത്തിൽ ഒരാളല്ലേ? എല്ലാവരേയും പോലെ അവന്നുമില്ലേ ഒരോഹരി.

ചിലപ്പോൾ ആരെങ്കിലും അവനോടു ചോദിക്കും:

"... എടാ നെനക്കു നെന്റെ അനിയന്മാരുടെ കൂടെ പൊയ്ക്കൂടെ? സുഖായിട്ടു കഴിയാലോ..."

"ങ്ങൂഹും!!" എന്നുമാത്രം അമർത്തി മൂളിക്കൊണ്ടു രാമൻകുട്ടി സ്ഥലം വിടും. നാരായണിയുടെ കൂടെ അവൻ കുറച്ചു ദിവസം താമസിച്ചതാണ്. അവളുടെ കെട്ടിയവൻ തല്ലിയത് ഇന്നും രാമൻകുട്ടിയുടെ നടുപ്പുറത്ത് ഒരു വില്ലിന്റെ ആകൃതിയിൽ തെളിഞ്ഞുകാണാം.

സഹദേവൻ വീട്ടിൽ വരുമ്പോൾ വല്ലതും രാമൻകുട്ടിക്കു കൊടുക്കും. പക്ഷേ അത്രയ്ക്കു വലിയ ചിലവൊന്നും അവന്നില്ല. കൊല്ലത്തിൽ രണ്ടുനാലു തോർത്തുമുണ്ടുണ്ടെങ്കിൽ ധാരാളമായി. രണ്ടുംമൂന്നും മാസം കൂടുമ്പോൾ തലമുടിവെട്ടും. അതും ആരെങ്കിലും നിർബന്ധിച്ചാലെ ഉള്ളു.

രാത്രി ഏഴെട്ടു മണിയാകുമ്പോൾ രാമൻകുട്ടി വീടണയും. അച്ഛനുള്ള കാലത്ത് അവനെങ്ങും പോയിരുന്നില്ല. രാമൻകുട്ടിക്ക് അച്ഛനെ വലിയ പേടിയായിരുന്നു. അല്ലെങ്കിലും കണ്ടച്ചാമിയെ നാട്ടുകാർക്കെല്ലാം അല്പം ശങ്കയായിരുന്നു. ഏതു കാര്യത്തിന്നും അയാൾ വേണം. നല്ല കനത്ത ശബ്ദം. ഒത്ത മനുഷ്യൻ. ഇത്രയും സ്വത്തു സമ്പാദിച്ചത് അയാളായിരുന്നു. ആദ്യകാലത്ത് വണ്ടി ആട്ടലായിരുന്നു ജോലി. അങ്ങനെ സമ്പാദിച്ചു. സമ്പാദിച്ചതു മുഴുവൻ മണ്ണിൽ മുടക്കി. അഞ്ചാറുപറമ്പും പത്തുനൂറുപറ കണ്ടങ്ങളും വാങ്ങി. മരിക്കുമ്പോഴുള്ള ഒരു വിഷാദം രാമൻകുട്ടിയെ കുറിച്ചു മാത്രമായിരുന്നു. ഓർക്കാപ്പുറത്തായി മരണം. അല്ലെങ്കിൽ രാമൻകുട്ടിക്കുവേണ്ടി വല്ലതും ചെയ്തുവെക്കുമായിരുന്നു. അയാൾ ഇടയ്ക്കിടെ മറ്റുമക്കളെ ഗുണദോഷിക്കും:

"...നിങ്ങ എല്ലോരും അവനെ രക്ഷിക്കണം. അവനും നിങ്ങളെടെ കൂട്ടത്തിൽ ഒരുത്തനാണുള്ളളതു ആരോരും മറക്കരുതു കേട്ടോ...?"

എന്നാൽ കണ്ടച്ചാമി മരിച്ചപ്പോൾ അന്തരീക്ഷം ആകെ മാറി. ശവസംസ്ക്കാരം കഴിഞ്ഞന്നു തുടങ്ങിയതാണ് സ്വത്തുസംബന്ധിച്ചു തർക്കം. ഒടുവിൽ ഓഹരിക്കു തീരുമാനിച്ചു. സാമിക്കുട്ടിക്കും കുട്ടികൃഷ്ണനുമായിരുന്നു അക്കാര്യത്തിൽ കൂടുതൽ വാശി.

തോട്ടുകര നിലവും കളവും സാമിക്കുട്ടിക്കു വേണമെന്നായി. അതൊഴികെ മറ്റെന്തു വേണമെങ്കിലും തരാമെന്നു കുട്ടികൃഷ്ണൻ. വേപ്പും ചുവട്ടിലുള്ള മുപ്പതു പറക്കണ്ടം കിട്ടിയാൽ കൊള്ളാമെന്നു നാരായണിക്കുണ്ട്. വീട് എല്ലാവർക്കും അവകാശപ്പെട്ടതാണ്. അതാർക്കെങ്കിലും വിറ്റ് പണം സമമായി ഭാഗിക്കണമെന്നു സാമിക്കുട്ടി പറഞ്ഞു. അതു വാങ്ങാൻ ആളും തയ്യാറായിട്ടുണ്ട്. ഹസ്സൻ റാവുത്തർക്ക് അതിലല്പം കണ്ണുണ്ട്. മറ്റെല്ലാവർക്കും വീടുണ്ട്., തനിക്കും രാമൻകുട്ടിയേട്ടനും വീടില്ല; അതുകൊണ്ടു വീട് വില്ക്കാൻ പാടില്ല എന്നു സഹദേവൻ ശഠിച്ചു. രാമൻകുട്ടിയാണെങ്കിൽ ഈവക യാതൊരുസംഗതികളുമറിയാതെ കുട്ടികൃഷ്ണനു കുളിക്കുവാൻ വെള്ളം ചൂടാക്കുകയായിരുന്നു. ഇതൊന്നും തന്നെ ബാധിക്കുന്നതല്ല എന്നൊരു ഭാവമാണ് അവന്റെ മുഖത്ത്.

"...രാമൻകുട്ടീടെ കാര്യം നീയ്യ് പറയണ്ട... അതു ഞങ്ങള് നോക്കാം...."കുട്ടികൃഷ്ണൻ പറഞ്ഞു.

"... നിങ്ങള് നോക്കേണത് കാണാനുണ്ട്. അവനൊരു പാവമാണെന്നുവെച്ച് അങ്ങിനെ പറ്റിക്കാൻ നോക്കണ്ടാ..."

സഹദേവനും കുട്ടികൃഷ്ണനും അടിവരെ എത്തമോ എന്നായി. കാര്യം പറഞ്ഞുതീർക്കാൻ വന്ന കണ്ടുണ്ണിയും കൃഷ്ണൻനായരും പരുങ്ങിത്തുടങ്ങി.

ബഹളം മൂത്തപ്പോൾ കുട്ടികൃഷ്ണന്റെ കെട്ടിയവൾ ദേവു രംഗത്തു വന്നു. സഹദേവനേയും വിളിച്ചുകൊണ്ട് അകായിലേക്കുപോയി. കണ്ടുണ്ണിയും ചെന്നു. അവർ അകത്തിരുന്ന് എന്തെല്ലാമോ കുശുകുശുത്തു.

കൃഷ്ണൻനായർ സാമിക്കുട്ടിയേയും കുട്ടികൃഷ്ണനേയും കൂട്ടിക്കൊണ്ടു പടിക്കലെ ഒട്ടുമാവിൻ ചുവട്ടിൽ പോയി ഏതാനും ചിലതു മന്ത്രിച്ചു. അതോടെ ബഹളം ഒതുങ്ങി.

എഴുത്തുകഴിഞ്ഞപ്പോൾ, കൃഷ്ണൻനായർ എഴുന്നേറ്റു കുലുക്കുഴിഞ്ഞുതുപ്പി. എന്നിട്ടു പതിവുപോലെ മുഴ ഉഴിഞ്ഞു. എല്ലാവരേയും വിളിപ്പിച്ചു. ഓരോരുത്തരായി വന്ന് ഒപ്പിട്ടു. രണ്ടാമതായി ഒപ്പിട്ടതു രാമൻകുട്ടിയായിരുന്നു. അവന്ന് ഇത് എന്താണെന്ന് പിടികിട്ടിയില്ല. എങ്കിലും കൗതുകത്തോടെ കടലാസ്സിലേക്കു നോക്കിക്കൊണ്ടുനിന്നു. കുറച്ചു കഴിഞ്ഞപ്പോൾ ആരോ അവനെ അകത്തുനിന്നു വിളിച്ചു അവൻ പോകുകയും ചെയ്തു.

ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ രാമൻകുട്ടിയുടെ രക്ഷാകത്തൃത്വം സാമിക്കുട്ടി ഏറ്റെടുത്തു. ആദ്യം അക്കാര്യം പറഞ്ഞപ്പോൾ എതിർത്തവനാണയാൾ. പിന്നീട് ഭാര്യയും അയാളുമായി എന്തോ അടക്കം പറഞ്ഞു. അപ്പോഴേ സാമിക്കുട്ടിക്കു ബോധം നേരെ വീണുള്ളു. കോഴിക്കോട്ടെപീടികയിൽ ഒരു ശമ്പളക്കാരൻ ഇന്നുണ്ട്, സാധനങ്ങൾ എടുത്തുകൊടുക്കാനും മറ്റും. പോയ ഉടനെ അവനെയങ്ങു പിരിച്ചുവിടാം. രാമൻകുട്ട്യേട്ടനെ ഒപ്പം കൂട്ടിയാൽ മതി. ആർക്കെങ്കിലും ഉപകരിക്കുന്നത് അവന്തന്നെയാകട്ടെ. ഒന്നുമില്ലെങ്കിൽ ഉടപ്പിറപ്പല്ലെ?

"രാമൻകുട്ട്യേട്ടൻ ഒറ്റയ്ക്കു വെച്ചും തിന്നും താമസിച്ച് ചടച്ചു പോയി. കണ്ടാൽ സങ്കടം തോന്ന്ണ്. ഇനി ഞങ്ങളുടെ കൂടെ താസിച്ചോട്ടെ..." സാമിക്കുട്ടിയുടെ ഭാര്യ പ്രയാസപ്പെട്ടു സങ്കടംവരുത്തിക്കൊണ്ടു പറഞ്ഞു. സാമിക്കുട്ടി മനസ്സിൽ പറഞ്ഞു.

അപ്പം തിന്നാൽ രണ്ടുണ്ടു ഗുണം.

രാമൻകുട്ടിയുടെ ഓഹരിയിൽ നീക്കിവെച്ചത് മേപ്പറമ്പാണ്. വരണ്ടുണങ്ങിക്കിടക്കുന്ന ഒരു മൊട്ടപ്പറമ്പ്. അതിൽ രണ്ടുമൂന്നു വയസ്സൻ മാവും അഞ്ചാറു പാറ്റതെങ്ങും ഒരു പുളിയും നെല്ലിയുമുണ്ട്. സാമിക്കുട്ടി തീരുമാനിച്ചു. അതു തല്ക്കാലം വില്ക്കുക.

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

അവന്റെ രക്ഷിതാവ് ഇനിമുതൽ താനാണല്ലോ. ഇപ്പോൾ ആ പണം കിട്ടിയാൽ അത്യാവശ്യമുണ്ട്. ഈ ധാരണപ്രകാരം അയാൾക്കു തോട്ടുംകരനിലം കൈവിടേണ്ടിവന്നു. കുട്ടികൃഷ്ണന് അത് കിട്ടി. ജാനു വരാത്തതിനാൽ രജിസ്ട്രേഷനു നിവർത്തിയില്ലായിരുന്നു. എങ്കിലും ഭാഗം കഴിഞ്ഞു. അത് എല്ലാവർക്കും സമ്മതവുമായി. സൗകര്യംപോലെ രജിസ്ട്രർ ചെയ്യുകയല്ലേ ഇനി വേണ്ടൂ. ഓരോരുത്തരും സ്ഥലം വിടാൻ തുടങ്ങി. കുട്ടികൃഷ്ണനും കുടുംബവും അന്നു വൈകുന്നേരത്തെ വണ്ടിക്ക് ഒലവക്കോട്ടുനിന്നു കയറി. സാമിക്കുട്ടി രണ്ടുദിവസം കഴിഞ്ഞു വന്നു രാമൻകുട്ടിയെ കൂട്ടിക്കൊണ്ടു പോകാമെന്നും പറഞ്ഞു കോഴിക്കോട്ടേയ്ക്കും പോയി.

തറവാടുവീടു വീണ്ടും ഉറങ്ങി. കയ്യാലയിലും അകായിലും കടവാവൽ ചിറകടിച്ചു. എന്തോ ചിലതു നടന്നുവെന്നല്ലാതെ രാമൻകുട്ടിക്കു വ്യക്തമായൊന്നും മനസ്സിലായില്ല. കുട്ടികൃഷ്ണൻ വലിച്ചെറിഞ്ഞ ഒഴിഞ്ഞ സിഗരറ്റു പാക്കറ്റുകൾ മുറ്റത്തുനിന്നും പെറുക്കിയെടുത്തു മുറിച്ചവൻ കാലിന്നടിയിൽ വെച്ചു പൊട്ടിച്ചു. കുട്ടികൾ കളിക്കാനുപയോഗിച്ച ഡാൾഡാടിന്നെടുത്ത് ഇറയിൽ തിരുകി. എന്നിട്ട് ഉമ്മറക്കോലായിൽ മടക്കിവെച്ച പായും തലയണയും നിവർത്തി അവൻ കിടന്നു. കണ്ണു മിഴിച്ച് അവൻ കഴുക്കോലുകൾ നോക്കി. ഒരു വല്ലാത്ത മൗഢ്യം. സാമിക്കുട്ടി തന്നെ കോഴിക്കോട്ടേയ്ക്ക് കൊണ്ടുപോകാൻ ശ്രമിക്കുന്നുണ്ടെന്ന് അവൻ കേട്ടിരുന്നു. തന്നെയല്ല, തറവാടു വീട് ഹസ്സൻ റാവുത്തർക്ക് വില്ക്കാൻ പോകുന്നുവെന്നും. കുറച്ചുമുമ്പു റാവുത്തർ അവിടെ വന്നിരുന്നു. അയാൾ പറമ്പിലൂടെ അങ്ങോട്ടു മിങ്ങോട്ടും നടന്നു. ഒടുവിൽ ഉമ്മറത്തിണ്ണയിൽ കയറി ഇരുന്നു ചുരുട്ടു വലിച്ചു. ഹസ്സൻ റാവുത്തരെ രാമൻകുട്ടിക്ക് പണ്ടേ പേടിയാണ്. അയാളുടെ ചുവന്നു കലങ്ങിയ ഉണ്ടക്കണ്ണുകളിലേയ്ക്കു നോക്കുമ്പോൾ അവൻ ഭയപ്പെടാറുണ്ട്.

“അന്റെ തീവണ്ടിഠേഷൻ ഇബിടുന്നു മാറ്റേണ്ടി വരല്ലോ രാമോട്ടി”

രാമൻകുട്ടി അയാളുടെ പുകയുന്ന ചുരുട്ടിലേക്കു നോക്കി.

“...രണ്ടുവീവസം കയിഞ്ഞാൽ ഞമ്മള് ഇബടെ വന്നു താമസിക്കും. ജ്ജ് ഇനി യെന്താ ശെയ്യാൻ പോണ്.”

രാമൻകുട്ടിക്കു അതുകേട്ടപ്പോൾ നെഞ്ചിടിപ്പു വന്നു. ഇതു ശരിയാണോ! തറവാടു വീടു റാവുത്തർക്കു കൊടുത്തോ? തന്റെ തറവാടു വീട്!!


അവൻ അമ്പരപ്പോടെ മച്ചിലും മാളികയിലും നോക്കി. അച്ഛൻ കിടക്കാറുള്ള വലിയ കട്ടിലിലും കിളിവാതിലിന്നു മുകളിൽ തൂക്കിയ ദൈവത്തിന്റെ ചിത്രത്തിലും അവന്റെ ദൃഷ്ടി ചെന്നു. അന്നേവരെ തോന്നാത്ത ഒരു വിഷമം! ഉള്ളിൽ എവിടെയോ നോവുന്ന മാതിരി...

ഹസ്സൻറാവുത്തർ പടിയിറങ്ങിപ്പോയപ്പോൾ അവൻ അയാൾ പോയ വഴിക്കു നോക്കി തരിച്ചു നിന്നു. എന്നിട്ട് പോയി പായ് വിരിച്ചു കിടന്നു. ഓരോന്നോരോന്ന് ആലോചിച്ചപ്പോൾ അവനു സങ്കടം സഹിച്ചില്ല. രാമൻകുട്ടിയുടെ കണ്ണിൽ വെള്ളം നിറഞ്ഞു. അതു കവിളിലൂടെ ഒലിച്ചു മുഷിഞ്ഞ തലയിണയിൽ വീണു. ആളൊഴിഞ്ഞ ആ വലിയ വീടിന്റെ ഉമ്മറക്കോലായിൽ വിരിച്ച പഴമ്പായയിൽ കിടന്നു കൊച്ചുകുട്ടിയെപ്പോലെ അവൻ കരഞ്ഞു. രാമൻകുട്ടിക്ക് അന്നു രാത്രി ഉറക്കം വന്നതേ ഇല്ല. ഒന്നു മയങ്ങിയപ്പോൾ അവൻ അച്ഛനെ സ്വപ്നം കണ്ടു. എന്നിട്ട് എന്തെല്ലാമോ പിച്ചും പേയും പറഞ്ഞുകൊണ്ടിരുന്നു.

രണ്ടു മിവസം കഴിഞ്ഞു സാമിക്കുട്ടി കോഴിക്കോട്ടുനിന്നു വന്നപ്പോൾ വീട് അടച്ചിട്ടിരിക്കുന്നതാണ് കണ്ടത്. രാമൻകുട്ടിയെ എങ്ങും കണ്ടില്ല. ഉമ്മറക്കോലായിൽ ചുരുട്ടിവെച്ച പായും തലയണയും കാണാനുണ്ടായിരുന്നില്ല.

അങ്ങാടിത്തലയ്ക്കൽ ആരും പിന്നെ “തീവണ്ടിരാമോട്ടി” യെ ആരും കണ്ടിട്ടില്ല. ■

കവിത



# സുരക്ഷിതം

**കവിത എസ്.കെ.**


ഇന്നലെ രാത്രിയിൽ നിദ്ര കഠിനമായ്
ഇന്നു വെളുപ്പിനേപോയാദ്യ വണ്ടിയിൽ
മുറ്റം കടക്കവേ കണ്ടു ഞാൻ അച്ഛനെ–
ചാരുകസേരയിൽ സുസ്മേരവദനനായ്
ഒട്ടൊന്നു ഞെട്ടിയോ ക്ഷണമാത്രയെങ്കിലും
മെല്ലെവിടർന്നുവാ മിഴികളിൽ പുഞ്ചിരി
ചാരെ ഇരിക്കുന്ന അതിഥിക്ക് മുന്നിലായി
എന്റെ മകളിവൾ എന്നു മൊഴിഞ്ഞുവോ!
വാതിൽപടിയിലായ് ചാരിനിന്ന അമ്മതൻ
നീലിച്ചനേത്രത്തിൽ കണ്ടു ഞാൻ അൽഭുതം
ഒട്ടും നിനക്കാതെ എന്തേ നീ പോന്നതു
കൈകൾ പിടിച്ചു മെല്ലെ പറഞ്ഞുവോ!
ഓടിപിടഞ്ഞിങ്ങു വന്നതിന്നെന്തിനോ
തേടിപലപല ഉത്തരം പിന്നേയും
ഒന്നമില്ലല്ലൊന്നുമില്ല ഒന്നങ്ങു കാണുവാൻ

ചാരെ ഇരിക്കുവാൻ കൊഞ്ചിപറയുവാൻ
ഇത്തിരിനേരമാ പൊന്നുമോളാകുവാൻ
ആകുലതകൾ എണ്ണി പറയുവാൻ
പോയ ഉറക്കം തിരിയെ വരുത്തുവാൻ
മാഞ്ഞ കിനാവുകൾ വീണ്ടും കിളിർക്കുവാൻ
ഭീതിദമായൊരു ലോകത്തുതന്നെയും
ജീവിക്കയല്ലോ നാം ജീവിതമൊക്കെയും
പേടിച്ചു പേടിച്ചു നിദ്ര പിന്മാറുന്ന
രാത്രകൾ മാത്രം പെരുകുന്ന കാലവും
ചേർത്തു പിടിച്ചരൻ നെറുകിൽ മുകരവേ
അമ്മ പകരുന്നു കവിളിലായ് ഉമ്മകൾ
ഒട്ടും ഭയമില്ല ഈ നേരമെന്നുള്ളിൽ
എത്ര സുരക്ഷിതം ഞാനെന്നുമീ കൈകളിൽ.

സുപ്രസിദ്ധ കവിയും സാഹിത്യകാരനുമായ ശ്രീ. ഇയ്യങ്കോട് ശ്രീധരന്റെ മകൾ കവിത എസ്.കെ. അച്ഛനേയും അമ്മയേയും കുറിച്ചു "കവിത" രചിച്ച് ഓർമ്മകൾ അയവിറക്കുന്നു

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

കലാലോകം



ചിത്രാപാട്ട് നീലകണ്ഠൻ

# ആതുരസേവനത്തിൽ നിന്ന് അരങ്ങിലേക്ക്

**പ്രശസ്ത കലാകാരിയും വനിതാരത്നം ജേതാവുമായ ഡോ. ഹീരാ നമ്പൂതിരിയുമായി സാഹിത്യകാരൻ മഞ്ചേരി ശ്രീ. ചിത്രാപ്പാട്ട് നീലകണ്ഠൻ നടത്തിയ അഭിമുഖം**



**ആ**വണിമാസത്തിലെ ഒരു സാധാരണ ദിവസം 2017 സെപ്തംബർ 9 ഞായറാഴ്ച. മഞ്ചേരിക്കാരിയായ വനിതാരത്നം ജേതാവ് ഡോ. ഹീരാ നമ്പൂതിരിയുമായി ഒരു അഭിമുഖംനടത്തണമെന്ന ആഗ്രഹം സ്വാഭാവികം. ഹീരാനമ്പൂതിരിയുടെ ഭർതൃപിതാവായ ഉണ്ണികൃഷ്ണൻ നമ്പൂതിരിയുമായി ഫോണിൽ ബന്ധപ്പെട്ടപ്പോൾ ഹീര കരിക്കാട് മനയിലുണ്ടെന്നും വൈകുന്നേരം 5 മണിക്ക് വന്നാൽ സംസാരിക്കാമെന്നും പറഞ്ഞപ്പോൾ അതിയായ സന്തോഷം തോന്നി. സുഹൃത്തായ രാഘവൻ മാഷും ഞാനും ആ ഒഴിവുദിനത്തിന്റെ സായംസന്ധ്യയിൽ കരിക്കാട് ബസ്സിറങ്ങി ഒരു വിളിപ്പാടകലെയുള്ള പള്ളിശ്ശേരി മനയിലേക്ക് കയറിചെന്നപ്പോൾ, നിശ്ശബ്ദതയെ ഭഞ്ജിക്കുന്ന കൊച്ചുകുട്ടിയുടെ കരച്ചിലകേട്ട് കാളിംഗ് ബെല്ലിൽ വിരലമർത്തിയപ്പോൾ കുലീനയായ ഒരു കുടുംബിനിയുടെ ശാലീനഭാവത്തോടെ കൗതുകം വിരിയുന്ന ചിരിയോടെ ആധുനികത്യുടെ ചായക്കൂട്ടുകളുടെ അകമ്പടിയില്ലാതെ ഡോ. ഹീരാ നമ്പൂതിരി ഞങ്ങളെ സ്വാഗതം ചെയ്തു.

**അഭിമുഖ സംഭാഷണത്തിൽ നിന്ന് പ്രസക്ത ഭാഗങ്ങൾ:-**



**ഡോ. ഹീരയുടെ കലാവാസനകൾ പുറത്തുവന്നുതുടങ്ങിയതെപ്പോഴാണ്?**

കലാവാസന ജന്മസിദ്ധമല്ലേ? ആദ്യത്തെ പെർഫോമൻസ് നാലാം വയസ്സിലാണ്.

**ആരൊക്കെയാണ് ഹീരയുടെ കലാവാസനകൾ പുറത്തുകൊണ്ടുവരാൻ സഹായിച്ചത്?**

അച്ഛനമ്മമാർ, ഗുരുജനങ്ങൾ, നാട്ടുകാർ, ബന്ധുക്കൾ.

**പടിപടിയായി കലാതിലകവും പിന്നീട് വനിതാരത്നവുമായ അനുഭവങ്ങൾ**

പലപ്പോഴും തോൽവി ഏറ്റുവാങ്ങിയിട്ടുണ്ട്. പിൻമാറണമെന്ന് തോന്നാത്തതുകൊണ്ടായിരിക്കും വീണ്ടും മുന്നോട്ടു വരാൻ കഴിഞ്ഞത്.

**ഒരു കലാകുടുംബമാണ് ഹീരയുടേത് എന്നറിയാം. എങ്ങിനെയാണ് പഠനവും കലയും ഒരേ സമയം കൊണ്ടുപോകാൻ കഴിഞ്ഞത്?**

അച്ഛനമ്മമാർ, ഗുരുജനങ്ങൾ ഇവരുടെയൊക്കെ സഹകരണംകൊണ്ട്.

**അമൃതാ ടിവിയിൽ വനിതാരത്നം പരിപാടിയിൽ പങ്കെടുക്കാൻ കഴിഞ്ഞത് എങ്ങിനെയാണ്?**

ടിവിയിൽ പ്രൊമോ കണ്ട് അനിയനാണ് രജിസ്റ്റർ ചെയ്തിരുന്നത്.

**ഓരോ എപ്പിസോഡും കഴിയുമ്പോൾ എന്തായിരുന്നു പ്രതീക്ഷകളും/പ്രതികരണങ്ങളും?**

സമ്മിശ്രപ്രതികരണങ്ങളായിരുന്നു. എല്ലാ ഭാഗത്തുനിന്നും പ്രോത്സാഹനങ്ങൾ തന്നെയാണ് ലഭിച്ചത്. ഷൂട്ടിങ്ങിനായുള്ള യാത്രക്കിടയിൽ പലരും

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

വന്നു പരിചയപ്പെടാറുണ്ടായിരുന്നു. പലരും ഫോണിൽ വിളിച്ച് അഭിപ്രായങ്ങൾ പറയാറുണ്ടായിരുന്നു.

**ഹീരയുടെ പ്രകടനങ്ങൾ ഒന്നിനൊന്നു മെച്ചപ്പെടുവാൻ സഹായിച്ചത്?**

കുടുംബാംഗങ്ങൾ, ജഡ്ജസുകൾ, ആങ്കർ എന്നിവരുടെ സമീപനം, പ്രേക്ഷകരുടെ പ്രതികരണങ്ങൾ, മുരളിസാറിന്റെ ഗ്രൂമിംഗ്സെക്ഷൻ എന്നി ഘടകങ്ങൾ സഹായിച്ചിട്ടുണ്ട്.

**ചാർളി ചാപ്ലിൻ വേഷം ഇത്രയും മനോഹരമായി അവതരിപ്പിക്കാൻ ഹീരയെ സഹായിച്ചത്**

ചാർളി ചാപ്ലിൻ തന്നെയാണ്.

**കാത്തിരുപ്പ് മനസ്സിൽ തട്ടും വിധം സ്ക്രിപ്റ്റ് എഴുതിയതാരാണ്?**

ഒരുപ്രത്യേക സ്ക്രിപ്റ്റ് ഇല്ലാതെയാണ് ചെയ്തത്. കഥാതന്തുവിന്റെ രൂപികരണം സ്വന്തം ചെയ്തതാണ്. മുരളി സാർ കുറച്ചുകൂടി ഭംഗിയാക്കിതന്നു.

**സിനിമയിൽ അഭിനയിക്കാൻ അവസരങ്ങൾ തേടിയെത്തിയിട്ടുണ്ടോ? നല്ല കഥാപാത്രങ്ങൾ കിട്ടിയാൽ അഭിനയിക്കുമോ?**

അവസരം വരുമ്പോൾ ആലോചിച്ചു തീരുമാനിക്കും.

**ആനപ്പുറത്തു കയറാൻ നേരത്തെ അറിയാമായിരുന്നോ?**

ഒന്നോരണ്ടോ പ്രാവശ്യം റിഹേഴ്സൽ എടുത്താണ് ചെയ്തത..

**സമ്മാനം കിട്ടിയ 5 ലക്ഷം എന്തു ചെയ്യാനാണ് ഉദ്ദേശം?**

കുടുംബത്തിലെ എല്ലാവരും ആലോചിച്ച് തീരുമാനിക്കും.

**വളർന്ന് വരുന്ന കഥാകാരികൾ/ കലാകാരന്മാർക്കുള്ള സന്ദേശം**

കലയെ ജീവിതത്തിൽ എന്ന് വേർതിരിച്ച് കാണാതിരിക്കുക.

**ജഡ്ജസിൽ പൂർണ്ണിമയുടെ കമന്റുകൾ കുറച്ചു കൂടിപ്പോയില്ലേ എന്നു ചോദിച്ചപ്പോൾ അവർ നല്ല സുഹൃത്തായിരുന്നു എന്നായിരുന്നു മറുപടി.**


കഥകളിയുടേയും, ചാക്യാർകൂത്തിന്റേയും വേദികളായിരുന്നു പല്ലിശ്ശേരിമന. കുളിച്ചു ഈറനായി കയറി വന്ന ഉണ്ണികൃഷ്ണൻ നമ്പൂതിരി ഞങ്ങൾക്കന്യനായിരുന്നില്ല. സർഗ്ഗ ചൈതന്യം തുളുമ്പുന്ന, പുതുമയുടെ സൗകര്യങ്ങളും പഴമയുടെ പ്രൗഡിയും സമന്വയിച്ചെടുത്ത നാലുകെട്ട്. ലോകം മുഴുവനുമുള്ള മലയാളികളുടെ ചിരപരിചിതമായ അമൃതാ ടി.വി റിയാലിറ്റി ഷോയിൽ ഡോ. ഹീരാ നമ്പൂതിരിയുടെ കലാജീവിതം എഴുതപ്പെട്ടുകഴിഞ്ഞിരുന്ന ഗൃഹാന്തരീക്ഷം. ഒരലമാര മുഴുവൻ എണ്ണമറ്റ സമ്മാനങ്ങളുടെ ശേഖരം. വൈരകല്ലു പതിച്ച കിരീടം ഒരുപാട് സംസാരിക്കുന്നത് പോലെ തോന്നി. കൂടികാഴ്ച പത്രപ്രവർത്തകരുടേതായിരുന്നില്ല. കുടുംബ സുഹൃത്തുക്കളുടെതായിരുന്നു. കൂടിക്കാഴ്ച കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ കൂരിരുട്ടും, ഇടിയും, മിന്നലും, മഴയും ഞങ്ങളെ യാത്രയാക്കാൻ ഒരുങ്ങി നിന്നിരുന്നു. ഒരുപാട് ഗതകാല സ്മരണകളുണർത്തുന്ന പല്ലിശ്ശേരി നാലുകെട്ടു മനക്ക് പലതും പറയാനുണ്ടായിരുന്നു. സമയ കുറവുകാരണം തൽക്കാലം വിടപറഞ്ഞു.

ആനമങ്ങാട് യു.പി. സ്ക്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ മലപ്പുറം ജില്ലാ സ്ക്കൂൾ യുവജനോത്സവത്തിൽ കലാതിലകം, കാലിക്കറ്റ് യൂണിവേർസിറ്റി കലാതിലകവും, മൂന്നുവട്ടം സംസ്കൃതോത്സവകലാതിലക പട്ടവുമായി തെരഞ്ഞെടുത്തു. കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിൽനിന്ന് എം.ബി.ബി.എസ് ബിരുദം. നേവിയിൽ മെഡിക്കൽ ഓഫിസറായ സജ്ജുവാണ് ഭർത്താവ്. മകൾ ഗൗരി പാർവ്വതി.

നങ്ങ്യാർകൂത്ത് പ്രൊഫഷണലായി പഠിച്ച് അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു. പൈങ്കുളം നാരായണ ചാക്യാരാണ് ഗുരു. മോഹിനിയാട്ടവും അരങ്ങിൽ അവതരിപ്പിക്കുന്നു. കൂടാതെ നാടകങ്ങളിലും അഭിനയിച്ചുകൊണ്ടിരിക്കുന്നു. മകൾ ഗൗരി പാർവ്വതി ഡാൻസും, പാട്ടും പഠിക്കുന്നു. അഭിനയത്തിലും അഭിരുചിയുണ്ട്. ■

കവിത

# നേത്രദാനം



പി.എം.മണി
വടകര

നോക്കൂ, ഇതാ നിനക്കൊരു സമ്മാനം
എന്റെയീ കണ്ണുകൾ മാത്രം
മുമ്പ് നീയിത് കണ്ടിട്ടുണ്ടാവാം
പിറന്നു വീണയുടനെ
രശ്മികൾ തട്ടാതിരിപ്പാൻ
മുറുകെ ചിമ്മിയ കണ്ണുകൾ.
സ്ക്കൂളിൽ കബടി കളിക്കുമ്പോൾ
പിള്ളാര് മണ്ണ് വാരിയിട്ട കണ്ണുകൾ
ഹോംവർക്ക് ചെയ്യാത്തതിനാൽ
അമ്മ മുളക്പൊടി തേച്ച കണ്ണുകൾ.
വ്യോമസേനയിൽ യോദ്ധാവായപ്പോൾ
ഇവ ഇന്ത്യയുടെ റഡാർ കണ്ണുകളായി.
പത്തൊമ്പതാം വയസ്സിൽ പ്രേമം
കിളുർത്ത കൺകോണുകൾ.
പിന്നെ രണ്ട് ജോഡി കൺകളുടെ
വാത്സല്യമേറ്റ കണ്ണുകൾ.
അച്ഛനുമമ്മയ്ക്കുമവരുടെ
കണ്ണിലെ കരടായി പിന്നെ ഞാൻ.
ജീവിതപ്പോരിൽ കൊടുങ്കാറ്റടിച്ച്
വീണപ്പോൾ വീടിന് പുറത്തുമായി.
രാത്രിയിൽ തേങ്ങിക്കരഞ്ഞ്
തലയിണ കുതിർത്ത കണ്ണുകൾ
ഒടുവിൽ ഞാനിവ നിനക്കായ്
പറിച്ചെടുക്കാൻ തന്നെ തീരുമാനിച്ചു.
ബൈബിൾ പറയുന്നു– "ഒരു ധനികന്
സ്വർഗ്ഗത്തിൽകടക്കുന്നതിലെത്രയോ
എളുപ്പം– ഒരൊട്ടകത്തിന്
സൂചിക്കുഴയിലൂടെ കടന്നു പോവാൻ".
എൻ കണ്ണിലൂടെ കാണണം നീ
ഈ ഉലകമെല്ലാം നന്നായി.
അതിനായ് ഞാനിതാ നിനക്കായ്
എന്റെയീ കണ്ണുകൾ ദാനമായി തരുന്നു.
എല്ലെങ്കിലെന്തിന്–ഹൃദയംകൊണ്ട്
കാണാത്തവനീ കണ്ണുകൾ കൊണ്ടെന്ത് കാര്യം?

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

# അറിവിൻ ജാലകം



ബിനി കിഴിശ്ശേരി

## സ്പോർട്സ് :-

1. 21 -ാംമത് കോമൺവെൽത്ത് ഗെയിംസിന്റെ വേദി.
2. 21 -ാംമത് കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യയുടെ സ്ഥാനം.
3. ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ റാങ്കിങ്ങിൽ ഒന്നാമത്തെത്തുന്ന ആദ്യ ഇന്ത്യൻ താരം.
4. ഫിഫ റാങ്കിങ്ങിൽ ഇന്ത്യയുടെ സ്ഥാനം.
5. കോമൺവെൽത്ത് ഗെയിംസിൽ ഹാട്രിക് സ്വർണ്ണം നേടിയ ഇന്ത്യൻ താരം.
6. 35-ാം വയസ്സിൽ കോമൺവെൽത്ത് ഗെയിംസിൽ ബോക്സിങ്ങിൽ സ്വർണ്ണം നേടിയ വനിത.
7. നീരജ് ചോപ്ര ഏത് ഇനത്തിലാണ് കോമൺവെൽത്ത് ഗെയിംസിൽ സ്വർണ്ണം നേടിയത്.
8. ഇന്ത്യൻ സ്പോർട്സിലെ ഗോൾഡൻ ഗേൾ എന്നറിയപ്പെടുന്ന വ്യക്തി.
9. സുമോ ഗുസ്തിയിലെ റഫറി അറിയപ്പെടുന്നത്.
10. പിങ്പോങ്എന്നറിയപ്പെടുന്ന കായിക ഇനം

## പൊതു വിവരം

1. കേന്ദ്ര ധനമന്ത്രി
2. മലയാളം സർവ്വകലാശാലാ വൈസ്ചാൻസലർ
3. നേപ്പാൾ സാംസ്ക്കാരിക മന്ത്രി
4. ഏറ്റവും മികച്ച ചിത്രപ്രദർശനത്തിനുള്ള ക്രവൺ അവാർഡ് നേടിയത്.
5. ആയുഷ്മാൻ ഭാരത് പദ്ധതിക്ക് തുടക്കം കുറിച്ചത് എവിടെ?
6. ഗൂഗിളിന്റെ മേധാവിയായ ഇന്ത്യക്കാരൻ.
7. ഇന്ത്യയിലാദ്യമായി ഭിന്നലിംഗനയം പ്രഖ്യാപിച്ച സംസ്ഥാനം.
8. ഇന്ത്യയിലെ ആദ്യ ഡിജിറ്റൽ ഗ്രാമം.
9. മനുഷ്യാവകാശ കമ്മീഷന്റെ ആസ്ഥാന മന്ദിരം.
10. ഇന്ത്യയിലെ ആദ്യത്തെ മെഡിക്കൽ പാർക്ക്- സ്ഥാപിക്കുന്നതെവിടെ?

## അന്തർ ദേശീയ ദിനങ്ങൾ:-

| | |
|---|---|
| 1. ജനവരി 1 | ആഗോളകുടുംബ ദിനം |
| 2. ജനുവരി 10 | ലോകചിരി ദിനം |
| 3. ജനുവരി 26 | കസ്റ്റംസ് ദിനം |
| 4. ജനുവരി 30 | കുഷ്ഠരോഗ നിവാരണദിനം |
| 5. ഫെബ്രവരി 2 | ലോകത്തണ്ണീർത്തട ദിനം |
| 6. ഫെബ്രവരി 12 | ഡാർവിൻ ദിനം |
| 7. ഫെബ്രവരി 14 | വാലന്റെൻ ദിനം |
| 8. ഫെബ്രവരി 20 | ലോക സാമൂഹികനീതിദിനം |
| 9. ഫെബ്രവരി 21 | മാതൃഭാഷാ ദിനം |
| 10. ഫെബ്രവരി 22 | ചിന്താ ദിനം |

## ഉത്തരങ്ങൾ

### സ്പോർട്സ്


1. ഓസ്ട്രേലിയയിലെ ഗോൾഡ്കോസ്റ്റ്.
2. മൂന്നാം (3-ാം) സ്ഥാനം
3. ശ്രീകാന്ത്
4. 97
5. സുശീൽ കുമാർ (2010, 2014, 2018).
6. മേരികോം.
7. ജാവലിൻ ത്രോ
8. പി.ടി. ഉഷ.
9. മവാഷി.
10. ടേബിൾ ടെന്നീസ്

### പൊതുവിവരം

1. അരുൺ ജെയ്റ്റ്ലി
2. അനിൽ വള്ളത്തോൾ
3. രബീന്ദ്ര അധികാരി.
4. സന്തോഷ്മിത്ര
5. ഛത്തീസ്ഗഡിലെ ബീജാപ്പൂരിൽ.
6. സുന്ദർ പിച്ചെ.
7. കേരളം.
8. അക്കോദര (ഗുജറാത്ത്).
9. മാനവ് അധികാർ ഭവൻ.
10. തമിഴ്നാട്

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

കവിത






# ശവജീവിതം

രജികുമാർ പുലാക്കാട്

ചുടലയിലൊരു പക്ഷി കരയുന്നു
ചുടുചാരത്തിൽ നിന്ന് ഞാനെണീക്കുന്നു
സുഖമാണീച്ചോരയില്ലാത്ത ജീവിതം
ആവശ്യങ്ങളില്ലാത്ത പ്രാർത്ഥനപോലെ
ഭാരമില്ലാ നിലാത്തൂവൽ പോലെ
സ്വർഗ്ഗത്തിൽ തലചായ്ച്
ഭൂമിയിൽ കാലുനീട്ടി
ഞാൻ മയങ്ങുമ്പോളേതു പക്ഷികരയുന്നു?
ഫീനിക്സിന്റെ കഥ പുളിച്ചു കഴിഞ്ഞു
ആറടിമണ്ണിൽ ആചാരങ്ങളൊടുങ്ങി
ആരൊക്കെയോ പാതിയിൽ നിർത്തിയ
തേങ്ങലുകൾ
തിരക്കുകളിൽ തുടർച്ചമറന്ന
വേദനകൾ
അവരറിയുന്നുവോ
എനിക്കുസുഖമീ ചൂടും തണുപ്പുമില്ലാത്ത
ശവജീവിതം
ചിരിയും കരച്ചിലുമില്ലാത്ത
വേതാളജീവിതം

സ്മാരകത്തറയിൽ പ്രവാസം
കറുകത്തുമ്പിൽ ഉറക്കം
ബലിച്ചോറുണ്ട്
കക്യൂടി കുടിച്ച്
പ്രിയപക്ഷീ,
തേങ്ങലുകൾകൊണ്ട് നീയെന്നെ
ശവഭോഗം ചെയ്യരുത്
നീ മിഴിനാരുകൊണ്ട് മുടിനാരു കെട്ടുമ്പോൾ
എനിക്കു കിടപ്പിടം പഴുക്കുന്നു.
ശ്മശാനത്തിൽ കാറ്റു വിളിക്കുമ്പോൾ
പിതൃക്കൾ കൺതുറക്കുന്നു
വെറും ശവങ്ങൾ!
ഭൂമിയിലെ ഇനിയും മരിക്കാത്ത
ശവങ്ങളെക്കാണാൻ
അവർ സ്നേഹത്തോടെ വരുന്നു
ശരീരത്തിന്റെ ഭാരമില്ലാതെ
സ്നേഹാത്മ ശരീരികളായി.
പ്രേതങ്ങളേ വിളിച്ചാക്ഷേപിക്കരുതേ.





കവിത

ശ്രീധരനുണ്ണി

# ഉദയം

ഒരിക്കൽ കൂടിയാ വെളുത്ത നക്ഷത്രം
ഉദിക്കുമോ എന്റെ ഹൃദയ വാനത്തിൽ
അതിൻ വെളിച്ചത്തിൽ പഴയൊരു മുഖം
തെളിയുമോ എന്റെ മുഖക്കണ്ണാടിയിൽ
അറിയുന്നീലതിൽ പതിച്ച കണ്ണീരിൽ
കൊടിയശോകമോ, തെളിഞ്ഞ തുഷ്ടിയോ?
പഴയൊരു രാഗ കഥയായായതു
തിരനോട്ടത്തിനായൊരുങ്ങുകയാണോ?
അതിലഭിനയം തകർക്കുവാനെത്തും

നടിനടന്മാരെ തിരയാൻ പോയവർ
തിരികെയെത്തുവാൻ സമയമായില്ലേ?
തിരക്കിലായവർ കുഴങ്ങിപ്പോകുമോ?
അവർക്കുരിയാടാൻ പഴയ വാക്കുകൾ
തിരക്കി ഞാനെത്ര വഴി നടക്കണം...
അതു കഴിഞ്ഞാലേ വെളുത്ത നക്ഷത്രം
ഉദിക്കൂ, കേഴുവാൻ മിഴി നീരില്ലല്ലോ?

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

**പുസ്തകപരിചയം**




# ഇയ്യങ്കോടിന്റെ ലോകം



**എം.കെ. രവീന്ദ്രൻ വൈദ്യർ**
**കൊടാപ്പള്ളി**

സമൂഹ്യകലാസാംസ്ക്കാരിക കേരളത്തിൽ സാഹിത്യ രംഗങ്ങളിൽ പ്രസിദ്ധനായ ഇയ്യങ്കോടിന്റെ ആറു പതിറ്റാണ്ടു നീണ്ടുനില്ക്കുന്ന പ്രവർത്തനങ്ങളുടെ വിവിധ സാഹിത്യ ശാഖകളിലെ അദ്ദേഹത്തിന്റെ സംഭാവനകളെക്കുറിച്ച്, കേരളത്തിലെ മഹാപ്രതിഭകളുടെ അവതാരികയോടുകൂടി ഒരു ഗ്രന്ഥം ഇറങ്ങിയിരിക്കുന്നു. മലയാള ഭാഷയിൽ ഇത്രയധികം രചനകൾ എഴുതിയിട്ടുള്ള മറ്റൊരാൾ ഉണ്ടാവില്ലെന്നാണ് തോന്നുന്നത്! അദ്ദേഹം രചന നടത്താത്ത ഒരു വിഷയവുമില്ല. വള്ളത്തോളിനു ശേഷം കഥകളിയെ ജനകീയമാക്കുന്നതിന്നു വേണ്ടി ചെയ്ത സേവനവും രചനയും മതി അദ്ദേഹത്തെ സാഹിത്യലോകം ഓർമ്മിക്കുവാൻ. മാനവ വിജയം, സ്നേഹ സന്ദേശം, കിങ്‌ലിയർ, എന്നീ ആട്ടകഥകളും രചിച്ച് പ്രസിദ്ധനായിട്ടുള്ള കവിയാണ്. ശ്രദ്ധേയമായ കാവ്യ സമാഹാരങ്ങളുടെ ഒരു കൂട്ടം തന്നെയുണ്ട്. മുളകിൻകൊടി, ഞാറ്റുപാട്ട്, പെരുമ്പറ, സംഘഗാനം, സാക്ഷിമൊഴി, ജയഹേ, പടിയിറങ്ങുന്നദൈവം, ഞാനിതാപാടുന്നു വീണ്ടും, ഓർമ്മയിൽ ഒരു പക്ഷി, താളം തെറ്റിയ കലാശങ്ങൾ, നിഴലുകളുടെ നൃത്തം. ആ പട്ടിക നീളുകയാണ്. നോവലുകളായിട്ട് വനദേവത, വാടാമല്ലിക, അപ്പുണ്ണി, ചുവന്നതെരുവ്, വരുംതിരിച്ച് വരും, എന്നിവയാണ്. ഓർമ്മക്കുറിപ്പുകൾ മന്ദസ്മേരം, ഓർമ്മയിലെ സഞ്ചാരം, ഓർമ്മയിലെ സുഗന്ധം, ഓർമ്മയിലെ മാധുര്യം, ഓർമ്മയിൽ ഒരു സ്മാരകം, ഓർമ്മകളുടെ സൗഭാഗ്യം, ഓർമ്മയിലെ കലാമണ്ഡലം, വർണ്ണരേണുക്കൾ, മയിൽപ്പീലികൾ, സ്നേഹോതര സമന്വിതം;

**പഠനങ്ങൾ, ലേഖനങ്ങൾ:-** ആലോചനാമൃതം, കാലത്തിന്റെ കാലൊച്ചകൾ, കൊച്ചുകൊച്ചുവർത്തമാനങ്ങൾ, ശരണം തവ ചരണം, കഥകളിവിചാരം, ഹിന്ദുത്വംഎന്നമിഥ.




**"ഇയ്യങ്കോടിന്റെ ലോകം" പുതിയ പുസ്തകം**

**യാത്രാവിവരണങ്ങൾ:-** കിങ്‌ലിയറിന്റെ യൂറോപ്യൻ സഞ്ചാരപഥങ്ങളിൽ, എത്രഎത്രരാമായണങ്ങൾ, സ്പെയിൻ ഒരോട്ടപ്രതിക്ഷണം.

**ജീവചരിത്രങ്ങൾ:-** സ്വപ്നാടനം, അഴീക്കോട് എന്ന അനുഭവം, ചെറുകാട്-എഴുത്തും കരുത്തും, വി.കെ. എൻ-കളരി, മഹാകവി വള്ളത്തോൾ കുഞ്ചൻ നമ്പ്യാർ, ചങ്ങമ്പുഴ- പി. കുഞ്ഞിരാമൻ നായർ

**ഗാനനാടകങ്ങൾ/ ഗാനങ്ങൾ:-** കവികൾ പാടിയ കേരളം, മലനാടിന്റെ കഥ, പടയണിപ്പാട്ടുകൾ, ഉദയഗീതങ്ങൾ.

**നാടകങ്ങൾ:-** ഒരേ വർഗ്ഗം ഒരേ മാർഗ്ഗം, പടയോട്ടം

**ആട്ടകഥകൾ:-** മാനവവിജയം, സ്നേഹസന്ദേശം, കിങ്‌ലിയർ.

**ലഘുലേഖനങ്ങൾ:-** അയ്യപ്പപ്പണിക്കരും മറ്റും, പുരോഗമന കലാ സാഹിത്യസംഘം ഇന്നലെ-ഇന്ന്-നാളെ.

**പുരസ്ക്കാരങ്ങൾ:-** അബുദാബി ശക്തി അവാർഡ് 1997, കേരള സാഹിത്യ അക്കാദമി അവാർഡ് 2008, കേരള കലാമണ്ഡലത്തിന്റെ മുകുന്ദരാജസ്മൃതി പുരസ്ക്കാരം 2008, കൃഷ്ണവാരിയർ പുരസ്ക്കാരം 2010, ഗായത്രി അവാർഡ്, ഗ്രാമനന്മ പുരസ്ക്കാരം, രാമൻ വൈദ്യർ പുരസ്ക്കാരം, യുവരശ്മി പുരസ്ക്കാരം, സമഗ്ര സംഭാവനക്കുള്ള ഡോ. കെ. എൻ. എഴുത്തച്ഛൻ പുരസ്ക്കാരം 2012, സമഗ്ര സംഭാവനക്കുള്ള 2016 ലെ കേരള സാഹിത്യ അക്കാദമി അവാർഡ്.

ഇങ്ങിനെ ഒരു ആസ്വാദനം എഴുതാൻ കാരണം "ഇയ്യങ്കോടിന്റെ ലോകം" പുസ്തകം വായിച്ചിട്ടില്ലാത്ത അനുവാചകർ രണ്ടു കരങ്ങളും നീട്ടി "ഇയ്യങ്കോടിന്റെ ലോകവും" അദ്ദേഹത്തിന്റെ മറ്റു കൃതികളും വാങ്ങി പാരായണം ചെയ്യപ്പെടണമെന്നതിനാലാണ്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ ജനങ്ങളെ നന്മയിലേക്ക് നയിക്കുന്ന പുരോഗമനാശയങ്ങളാണ്. അതു കേരളത്തിന്റെ സംസ്ക്കാര പൈതൃകം കാത്തുസംരക്ഷിക്കുന്നതിന്നു ഉതകുന്നതാണ്. ഇയ്യങ്കോടിന്റെ ലോകം എന്ന ഗ്രന്ഥം അണിയിച്ചൊരുക്കിയ വി.യു. സുരേന്ദ്രൻ സാഹിത്യലോകത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച എഴുത്തുകാരനാണ്. ഒട്ടനവധി അവാർഡുകൾ അദ്ദേഹത്തിന്റെ കൃതികൾക്ക് ലഭിച്ചിട്ടുണ്ട്. ഈ ഗ്രന്ഥത്തിന്റെ എഡിറ്ററും ഈ ഗ്രന്ഥത്തിൽ "ചരിത്രത്തിന്റെ സർഗ്ഗ സഞ്ചാരം" ഇയ്യങ്കോട് ശ്രീധരന്റെ കൃതികളെ സവിസ്തരം പ്രതിപാദിക്കുന്ന പഠനങ്ങളുമുണ്ട്. ഇതെല്ലാം അദ്ദേഹത്തിന്റെ സാഹിത്യ ചരിത്രത്തിന്ന് പൊൻതൂവലായി അറിയപ്പെടുന്നതാണ്. എനിയും അംഗീകാരങ്ങൾ അദ്ദേഹത്തിനും സീഡ് ബുക്കിന്നും ഉണ്ടാകട്ടെ. മുഖമൊഴിയിൽ നിന്ന് ഏതാനും കാര്യങ്ങൾ ഇവിടെ ചൂണ്ടികാ

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

ണിക്കുന്നു. "ആറുപതിറ്റാണ്ടുകാലമായി കേരളത്തിന്റെ സാംസ്ക്കാരിക ജീവിതത്തിൽ നിറഞ്ഞുനില്ക്കുന്ന ഒരു മഹാസാന്നിധ്യമാണ് ശ്രീ. ഇയ്യങ്കോട് ശ്രീധരൻ.. കവിത, ആട്ടക്കഥ, നോവൽ, ചെറുകഥ, ബാലസാഹിത്യം, ഗാനരചന, നാടകം, സാംസ്ക്കാരിക വിമർശനം, ജീവചരിത്രം, ഓർമ്മക്കുറിപ്പുകൾ, ഉപന്യാസം, യാത്രാവിവരണം തുടങ്ങിയ മേഖലകളിലെല്ലാം അദ്ദേഹം തന്റേതായ വ്യക്തിമുദ്രപതിപ്പിച്ചിട്ടുണ്ട്. സർഗ്ഗാത്മക സാഹിത്യവും ആട്ടക്കഥയും, സാംസ്ക്കാരികപഠനങ്ങളുമെല്ലാം ഒത്തുചേരുന്ന ഒരു എഴുത്തുകാരൻ മലയാള സാഹിത്യത്തിൽ അപൂർവ്വമാണ്"

അദ്ധ്യാപകനും പ്രഭാഷകനുമായ അദ്ദേഹം നല്ലൊരു സംഘാടകനും കൂടിയാണ്. ദേശാഭിമാനി സ്റ്റഡി സർക്കിൾ, പുരോഗമന കലാസാഹിത്യസംഘം തുടങ്ങിയ സാംസ്ക്കാരിക സംഘടനകളുടെ രൂപികരണത്തിന് നേതൃത്വം നൽകിയവരിലെ അവസാന കണ്ണികളിലൊരാളാണ് ഇയ്യങ്കോട്. ഈ സംഘടനകളുടെ ഭാരവാഹി എന്ന നിലയിൽ കേരളത്തിലെമ്പാടും സഞ്ചരിച്ച് മതനിരപേക്ഷതയുടെയും, ഇടതുപക്ഷ മൂല്യതകളുടേയും, സാഹോദര്യത്തിന്റേയും ആശയങ്ങൾ പ്രചരിപ്പിക്കുന്നതിൽ അദ്ദേഹം നടത്തിയ സേവനങ്ങൾ മഹത്തരമാണ്– ഭാവിതലമുറയ്ക്കു ഈ സർഗ്ഗാത്മക ജീവിതത്തെ പരിചയപ്പെടുത്തി കൊടുക്കുകയാണ് ലക്ഷ്യം. ഈ ഗ്രന്ഥം തയ്യാറാക്കുന്നതിൽ ഇതിലേക്ക് പഠനങ്ങളും കുറിപ്പുകളും അവതാരികയും എഴുതിയിട്ടുള്ളവർ ഈരംഗത്തുള്ള മഹാരഥന്മാരാണ്. അവരുടെ ഓരോ അവതാരികയും ഓരോ അംഗീകാരമായി ഇയ്യങ്കാട് എന്ന സാഹിത്യകാരന്റെമേൽ ചൊരിയുകയാണ്. ഒട്ടനവധി രചനകളെപ്പറ്റി ഈ ഗ്രന്ഥത്തിൽ ഓരോ സാഹിത്യനായകന്മാരും അദ്ദേഹത്തിന്റെ കൃതികൾ വിലയിരുത്തിയിട്ടുണ്ട്. ഈ ഗ്രന്ഥത്തിന്റെ താളുകൾ മറിക്കുന്നതിന്ന് മുമ്പ് വായിച്ചു രസിക്കേണ്ട മഹാകവി അക്കിത്തത്തിന്റെ നാലുവരി കവിത പാരായണത്തിന്നു വേണ്ടി കുറിക്കുന്നു.

പീലിത്തിരുമുടി ചൂടിയ
പിയുടെ കാവ്യത്തോടൊത്ത് വിലസട്ടെ
കൊല്ലങ്കോടിന്റെ നന്മയീ–
ലീയ്യങ്കോടിന്റെ ധീരലാളിത്യം.

**എന്റെ ജീവിതം എന്റെ സാഹിത്യം:– ഇയ്യങ്കോട്**

ഇയ്യങ്കോടിന്റെ സാഹിത്യത്തിലേക്കുള്ള യാത്ര ആരംഭിക്കുകയാണ്. "ഏത് വ്യക്തിയും ഈ ലോകത്ത് യാതൃച്ഛികമായാണ് വരുന്നത്, എങ്കിലും അതിന് സ്ഥലകാലങ്ങളും ബന്ധങ്ങളുമുണ്ട്. അതു പറയുമ്പോൾ ജീവിതമാവും– കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി എന്ന ഗ്രാമത്തിലാണ് 1941 സെപ്തംബർ 4 ന് ഞാൻ ജനിച്ചത്. അമ്മയുടെ കുടുംബം സ്വാതന്ത്ര്യസമരസേനാനികളുടെയും പിൽക്കാലത്ത് ഇടതുപക്ഷ പ്രവർത്തകരുടെയും കൂട്ടായ്മയാണ്. മുത്തശ്ശിയായ നാരായണിയമ്മയുടെ ഭർത്താവ് ഏറുമ്പാല കേളുനായനാരായിരുന്നു. ആ ബന്ധത്തിലുണ്ടായ ആറാമത്തെ സന്തതിയാണ് അമ്മ. അമ്മയുടെ സഹോദരൻ എം.പി. ഗോവിന്ദൻ നമ്പ്യാർ പ്രമുഖ കോൺഗ്രസ്സ് നേതാവും മറ്റൊരു സഹോദരൻ എം.പി. നാരായണൻ നമ്പ്യാർ സിപി.എം. നേതാവും കർഷക സംഘത്തിന്റെ സംസ്ഥാന പ്രസിഡണ്ടും കല്യാശ്ശേരി പഞ്ചായത്തു പ്രസിഡണ്ടുമായിരുന്നു. കേളുനായരെന്ന മുത്തച്ഛന്റെ ജ്യേഷ്ടൻ രയരപ്പൻ നായനാരുടെ മകനായിരുന്നു കെ.പി. ആർ ഗോപാലൻ, ഇ.കെ നായനാരാകട്ടെ ഇവരുടെ മരുമകനുമായിരുന്നു"... "ദേശീയ പ്രസ്ഥാനത്തിൽ പ്രവർത്തിച്ച അച്ഛൻ പിന്നീട് അദ്ധ്യാപകനായി. പി.എം. കുഞ്ഞിരാമൻ നമ്പ്യാർ അച്ഛന്റെ ചങ്ങാതിയായിരുന്നു. ചിത്രരചന, കൊത്തുപണി എന്നിവയിൽ പ്രഗത്ഭനായ അച്ഛൻ കവിയും സംസ്കൃതപണ്ഡിതനുമായിരുന്നു".

ഞാൻ വളർന്നത് അച്ഛന്റെ തറവാട്ടിലായിരുന്നു. അച്ഛന്റെ മൂത്തസഹോദരിയെ വിവാഹം ചെയ്തത് മഹാകവി കുട്ടമത്തിന്റെ ഒരു അനുജനായിരുന്നു. കുട്ടമത്ത് ഇടക്കിടെ വരുമായിരുന്നു. അതിനാൽ നന്നേ ചെറുപ്പം മുതൽക്കേ കവിതയുമായി ബന്ധം വന്നു. നാലുവയസ്സിൽ ഒന്നാം തരത്തിൽ ചേർന്ന എന്നെ നിർബന്ധമായി സംസ്കൃതം പഠിപ്പിച്ചു. കവിത അതിൽ പിന്നെ മുന്നോട്ടു പോയിക്കൊണ്ടിരുന്നു. ആ കവിതയാകുന്ന ഉറവ്, തോടുകളായും പുഴയായും കേരളം മുഴുക്കെ ഒഴുകി കൊണ്ടിരുന്നു. പഠനകാലത്തും അദ്ദേഹം കവിത രചിച്ചുകൊണ്ടിരുന്നു. ജീവിതകഥകൾ ഇങ്ങനെയെല്ലാമാണ് തുടരുന്നത്. അത് തൽക്കാലം മാറ്റിവെക്കാം. അദ്ദേഹത്തിന്റെ രചനകളിലേക്ക് പ്രവേശിക്കാം. ഇടത്തരകാരന്റെ കവി" തായാട്ട് ശങ്കരന്റെ ലേഖനത്തിന്റെ തലവാചകം സൂചിപ്പിക്കുന്നതുപോലെ അദ്ദേഹത്തിന്റെ കവിതകൾ ഇടത്തരക്കാർക്കു വേണ്ടി എഴുതിയതാണ്.

**തായാട്ട് ശങ്കരൻ**:

"ഏതു സാഹിത്യകൃതിക്കും സ്വന്തമായ ഒരു സദസ്സുണ്ട്. അവിടെ മാത്രമേ അതുപൂർണ്ണമായി ആസ്വദിക്കപ്പെടുന്നുള്ളു. സാഹിത്യകൃതികളെ, സാർവ്വദേശീയമെന്നും സാർവ്വജനീനമെന്നും വിശേഷിപ്പിക്കുമ്പോൾ അക്ഷരാത്ഥത്തിൽ അതു സത്യമല്ല. ശരാശരി കൃതികൾക്കു സാധിക്കുന്നതിലേറെ വിപുലമായ ഒരു അനുവാചക ലോകത്തെ അത്തരം കൃതികൾ ആകർഷിക്കുന്നുവെന്നേ അതിനർത്ഥമുള്ളു. കാവ്യ സംസ്ക്കാരം അനുവാചക സംസ്ക്കാരവുമായി സംവദിക്കുമ്പോഴാണു കാവ്യാസ്വാദനം പൂർണ്ണമാകുന്നത്. സമാനസംസ്ക്കാരമുള്ളവരുടെ ഹൃദയകവാടങ്ങളിൽ തന്റെ സാന്നിദ്ധ്യം കൊട്ടി അറിയിച്ചുകൊണ്ട് അതു കടന്നു പോകുന്നു". ഈ ഞാറ്റുപാട്ടിന്റെ കവി സദസ്സ് ഏതാണ്? അതു പ്രൗഢപണ്ഡിതന്മാരടങ്ങിയതല്ല. പ്രഭുവർഗ്ഗ സംസ്ക്കാരവുമായി ഇഴുകിച്ചേരുന്നതല്ല.

അദ്ദേഹം ഇങ്ങനെ തുടരുന്നു:

തൊഴിലാളി വർഗ്ഗത്തനും പൂർണ്ണമായ ആന്തര വലയം കണ്ടെത്താൻ കഴിഞ്ഞെന്നു വരില്ല. ഇടത്തരക്കാരുടെ വൈകാരിക മണ്ഡലത്തിലാണ് ഈ "ഞാറ്റുപാട്ട്"..അനുരണനം സൃഷ്ടിക്കുകയെന്ന് ഞാൻ കരുതുന്നു. ഇയ്യങ്കോടിന്റെ "ചോറൂണ്".. എന്ന കവിത ഉദാഹരിച്ച് ഈ കവിയുടെ കവിതയിലെ ഉൾക്കരുത്തും ചിന്താഗതിയും വിശദമാക്കുന്നു. കൈക്കൂലി കൊടുക്കാത്തതുകൊണ്ട് പാർപ്പിടം കിട്ടാതെ, ആ കുടുംബം ഗുരുവായൂരമ്പലനടയിൽ നിരാധാരാമായ മനുഷ്യശതങ്ങളോടൊപ്പം ആകാശത്തിന്നു ചുവട്ടിൽക്കിടന്നുറങ്ങുന്നു. രാവിലെ സ്വന്തം കുഞ്ഞിന് ചോറൂട്ടുമ്പോൾ അകലെ ആർത്തിയോടെ നോക്കിനില്ക്കുന്ന അനാഥ ബാലരെകണ്ട് ഉള്ളൊന്നു നടുങ്ങുന്നു. പൈപ്പുവെള്ളത്തിന്റെ കാരുണ്യംകൊണ്ട് പ്രാണൻ നില

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

നിർത്തുന്ന പിത്തം പിടിച്ചുവിളർത്തു പല്ലുന്തിയ ആ ബാലകന്മാരെ കണ്ടപ്പോൾ സ്വന്തം കുഞ്ഞിന്റെ ചോറൂണിന്റെ മുഗ്ദ്ധതയിൽ കവിയുടെ മനസ്സ് മുങ്ങിപ്പോകുന്നില്ല.

"മുഗ്ദ്ധമാം ചടങ്ങത്രേ
ചോറൂണിതൊരുനാളു
മുട്ടാതെ കിടാങ്ങൾക്ക്
കിട്ടുന്നതെന്നാണാവോ?"..

എന്നു പിതാവായ കവിയൊന്നു നെടുവീർപ്പിടുമ്പോൾ മുമ്പ് സൂചിപ്പിച്ച വാഗ്ദത്തെ ഭൂമിയെ കുറിച്ചുള്ള സങ്കല്പം ഇവിടെയും തിളങ്ങുന്നു. ഉപരിവർഗ്ഗത്തിന്റെ വേദനയിൽ പങ്ക് ചേരാൻ വെമ്പുന്ന ഇടത്തരം വർഗ്ഗത്തിന്റെ പ്രതീകമാണ്. ഈ സമാഹാരത്തിലുള്ള എല്ലാ കവിതകളും നല്ലനിലവാരം പുലർത്തുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. അതേ അദ്ദേഹം ഇടത്തരക്കാരന്റെ കവിയാണ്. (ഞാറ്റുപാട്ട്)

**ശക്തിയുടെ അക്ഷയ പാത്രം**
**പ്രൊഫസർ സാനു മാസ്റ്റർ**

"പെരുമ്പറ"എന്ന കൃതിയിൽ അവതാരിക എഴുതിയതിൽനിന്ന് ഏതാനും ഭാഗങ്ങൾ മാത്രമാണ്. ഇവിടെ ഉദ്ധരിക്കുന്നത്.

ലോകക്ഷേമത്തിനുവേണ്ടി ശരീരവും പ്രാണനും സമർപ്പിച്ച് ജീവിതം ധന്യമാക്കാൻ തനിക്കു പ്രചോദനമരുളിയ രാഷ്ട്രീയകക്ഷിയെകുറിച്ച് പാബ്ലോനെരൂദ ഒരു കവിതയിൽ ഇപ്രകാരമെഴുതി.

"അജ്ഞാതരായ അനേകം മനുഷ്യരെ,
നീ എന്റെ സഹോദരന്മാരാക്കി
ജീവിച്ചിരിക്കുന്ന ഏവരിലുമുള്ള
കരുത്ത് ഒന്നാകെ നീ എനിക്കു
പകർന്നുതന്നു.
ഒറ്റപ്പെട്ടുപോയ മനുഷ്യനു
വിധിക്കപ്പെട്ടിട്ടില്ലാത്ത
സ്വാതന്ത്ര്യം
നീ എനിക്കു തന്നു.
എന്നിലെ അനുകമ്പയെ
അഗ്നിജ്വാലയായി
നീ എന്നിൽ ഉജ്ജ്വലിപ്പിച്ചു,
പാറപോലുള്ള പരപരുത്ത
യാഥാർത്ഥ്യത്തിൽ
വേല ചെയ്യാൻ
നീ എന്നെ പ്രേരിപ്പിച്ചു.
നീ എന്നെ അനശ്വരനാക്കി.
എന്തെന്നാൽ
ഇനി മേലിൽ
ഞാൻ
എന്നിൽത്തന്നെ അവസാനിക്കുന്നില്ല."..

കാരുണ്യത്തിന്റെ കുളിർമയും തന്റേടത്തിന്റെ തീഷ്ണതയുമുള്ള ഈ വാക്കുകളാണ് ഇയ്യങ്കോട് ശ്രീധരൻ തന്റെ "പെരുമ്പറ".. എന്ന കാവ്യ സമാഹാരത്തിന്റെ ആമുഖമായി ചേർത്തിരിക്കുന്നത്– മനുഷ്യവർഗ മഹാവൃക്ഷത്തിന്റെ എല്ലാ ഭാഗങ്ങളോടും വേരിനോടും തടിയോടും ഇലകളോടും പൂക്കളോടും കായ്കളോടുമെല്ലാം ആ ഇല ബന്ധപ്പെട്ടിരിക്കുന്നു. ആ ബന്ധമാണ് അതിന്റെ ബലം. അതുതന്നെയാണ് അതിന്റെ അഭിമാനവും. അതുകൊണ്ട് ആ മഹാവൃക്ഷത്തിന്റെ എല്ലാ ഭാഗങ്ങളും അരോഗദൃഢമായിരിക്കുവാൻ ആ ഇല എപ്പോഴും ജാഗ്രത പുലർത്തുന്നു. ഈ വീക്ഷണത്തിന്റെ സാരാംശമാണ് ഇയ്യങ്കോട് ശ്രാധരന്റെ എല്ലാ കവിതയിലും കലർന്നിട്ടുള്ളത്. താനുൾപ്പെടുന്ന കവി വർഗ്ഗത്തെ പുതിയ പാണന്മാരായി അദ്ദേഹം ചിത്രീകരിക്കുന്നു.

"കവലയിലങ്ങാടി മൂലയിൽ പാടുന്ന
കവികൾ വെറും നാടൻ കവികൾ ഞങ്ങൾ
പണ്ടത്തെ പാണന്റെ പിന്മുറക്കാർ നാടു–
തെണ്ടുന്നോൾ നാവേറു പാടുന്നോർ"..

നാടുതെണ്ടുന്ന ഈ പുതിയ പാണന്മാർ തങ്ങളുടെ പഴയ വീണ തല്ലിയുടച്ചിട്ട് പുതിയ വീണയും വില്ലും പണിതുണ്ടാക്കിയിരിക്കുന്നു. എന്തിനു വേണ്ടിയാണെന്ന് വിശദീകരിക്കുന്ന ഒട്ടേറെ കവിതകൾ ഇവിടെ എടുത്തു കാണിച്ചിട്ടുണ്ട്.

ഒരു പുതിയ ജീവിതം വെട്ടിപ്പിടിക്കാനും ഒരു പുതിയ സാമൂഹിക വ്യവസ്ഥ കെട്ടിപ്പടുക്കുവാനുമായി പോരാളികൾ അകലെയെങ്ങോ ഉണർന്നിരിക്കുന്നു.

സിനിമാരംഗത്തും, നോവൽ സാഹിത്യത്തിലും, കഥാരംഗത്തും, മഹാപ്രതിഭയായ സാഹിത്യകാരനാണ് എം.ടി വാസുദേവൻ നായർ. അദ്ദേഹം ചെറുകാടുമായുള്ള ബന്ധത്തെ സുദീർഘമായ ഒരവതാരികയിൽ ചെറുകാടിന്റെ ജീവിതചരിത്രത്തെക്കുറിച്ച് എഴുതിയിട്ടുണ്ട്. തിക്കോടിയന്റെ വീട്ടിൽവെച്ച് ചെറുകാടിനെ കാണുന്നതും, ഓർമ്മപുതുക്കുന്നതുമായ വിഷയങ്ങൾ അതിമനോഹരമായ രീതിയിൽ തന്റെ കഥപോലെ ചെറുകാടുമായുള്ള ബന്ധത്തെ വിശദീകരിച്ചു. " ഇതാ ഇയ്യങ്കോട് ശ്രീധരൻ, ചെറുകാടിന്റെ സമഗ്ര ജീവചരിത്രമെഴുതി എനിക്കു തന്നിരിക്കുന്നു. വായിച്ചു. നന്നായിരിക്കുന്നു. ഞാനിത് വായനക്കാർക്കായി സമർപ്പിക്കുന്നു. (ചെറുകാട് : എഴുത്തും കരുത്തും)

**നോവലിന്റെ വ്യത്യസ്ഥമുഖം**
(എം. കുട്ടികൃഷ്ണൻ):

അപ്പുണ്ണി കേന്ദ്രകഥാപാത്രമായികൊണ്ടാണ് ഇയ്യങ്കോട് തെരുവിന്റെ കഥ പറയുന്നത്. നാടുവിട്ടുപോകുന്ന ഒരു കുട്ടിയുടെ കഥയായി ആരംഭിക്കുന്നു. രാജുവിന്റെ കന്തനേയും, രാമസ്വാമിയേയും പോലെ കണ്ണമ്മ ഏറ്റെടുത്തു വളർത്തിയ അപ്പുണ്ണി എത്തിപ്പെട്ടത്. ചുകന്ന കണ്ണും നെറ്റിയിൽ വെല്ലപ്പം പോലെ മുഴയുമുള്ള തിരുമല ഗൗണ്ടന്റെ ചോറ്റു കടയിലാണ്. കണ്ണിൽ ചോരയില്ലാത്ത, കാലം ചെന്നിട്ടും ഓർക്കുമ്പോൾ പുറവും കാൽവണ്ണയും അറിയാതെ കടവിപ്പോവുമാറ് ക്രൂരമായി അടിക്കാറുള്ള ഗൗണ്ടനിൽനിന്ന് രക്ഷപ്പെടുത്തിയത് സ്നേഹസമ്പന്നനായ അണ്ണാച്ചിയാണ്. പാവപ്പെട്ടവന്റെ ഭാഗത്തുനിന്ന് ഇടിമുഴക്കംപോലെ താക്കീതുനൽകിയ അണ്ണാച്ചിയോടൊത്ത് തെരുവിലെത്തി. ഹോട്ടൽ ജോലിക്കാരോടും കൊടിച്ചിപട്ടികളോടും എച്ചിലിലകൾക്കു വേണ്ടി അങ്കം വെട്ടി നാനാണയിത്താൽ.... ഹതുനതന്തുവിത്താൽ... എന്നിങ്ങനെ നീട്ടി പാടുന്ന വീർത്തവയറുള്ള കുട്ടപ്പന്റെ സഹായിയായി ത്തീർന്നതും പോരാഞ്ഞ് എച്ചിലിലകൾ കെട്ടികൊണ്ടുപോകുന്ന അമ്മാളുവേടത്തിയോട് അമർഷം കൊണ്ടും പഴയരാമായണ പുസ്തകവും പേറി ഒഴിഞ്ഞ സിഗരറ്റു കൂടും, തീപ്പെട്ടിയും പെറുക്കിനടക്കുന്ന സ്വാമിനായരെ പരിചയപ്പെട്ടു. സന്ധ്യയ്ക്ക് പൊട്ടുകുത്തി ചമഞ്ഞൊരുങ്ങി പുറപ്പെടുന്ന മുഖത്തു മസൂരിക്കലയുള്ള കറുകറുത്ത സരസുവിനെ കണ്ടു. സിദ്ദിക്കിന്റെ വിശ്വസ്ഥ സുഹൃത്തായി. മൂപ്പനോടും വാസുവിനോടുമൊത്തു ഗുഡ്സ് വാഗനിൽ കയറി അരി കട്ടു. അണ്ണാച്ചി ശാസിച്ചപ്പോൾ കുറ്റബോധേം മനസ്സിൽ തീക്കൊള്ളി പായിച്ചു,. കണ്ണുപൊട്ടൻ വെള്ള തിന്നാതെ സൂക്ഷിച്ചു വെച്ച പിച്ച കാശ്, കളവു കുറ്റം ചുമത്തി പോലീസുകാർ കട്ടെടുക്കുന്നതും അയാളെ അടിച്ചു ചോരതെറിപ്പിക്കുന്നതും കണ്ടപ്പോൾ മുഷ്ടികൾ അമർഷത്തോടെ ചുരുട്ടി. ചുമട്ടു തൊഴിലാളി യൂണിയൻ നേതാവായ

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

മണിയേട്ടനുമായി അടുത്തു. ക്രമേണ സഖാവായി. ..

ഇങ്ങനെ സംഭവബഹുലമായ അപ്പുണ്ണിയുടെ ജീവിത കഥയിലൂടെ തുർക്ക് മാൻഗേറ്റവരെ എത്തി നിന്ന നിസ്വരുടെ ജീവിത കഥ പറയുകയാണ് ഇയ്യങ്കോട്.

ചുവന്നതെരുവിൽ ചിത്രീകരിക്കപ്പെടുന്നത് ജീവിതത്തിന്റെ ദൈന്യമോ? ആ ദൈന്യത്തിനിടയിലും അഗ്നിനാളം പോലെ തിളങ്ങുന്ന ധീരതയോ, മാത്രമല്ല ഏതു നിസ്വതയിലും മനുഷ്യനിലെ രമ്യ ഭാവങ്ങൾ വശ്യമായി എടുത്തുകാട്ടുംകൂടി ചെയ്യുന്നുവെന്നാണ് ഈ നോവലിലെ സുന്ദരം എന്നുകൂടി വിശേഷിപ്പിക്കാൻ പ്രേരിപ്പിക്കുന്നത്. ...

"പണിയെടുത്ത് തിന്നാനാവില്ലെങ്കിൽ തുങ്കീച്ചാവ്".. എന്നു പറയുന്ന അണ്ണാച്ചിയുടെ ഒറ്റ വാചകം മതി അപ്പുണ്ണിയുടെ ആത്മാബോധത്തെ ഉണർത്താൻ ദേവുവിനോടുള്ള അപ്പുണ്ണിയുടെ പ്രേമത്തെ പ്രധാന ഇതിവൃത്തമായി ഇഴ ചേർക്കുന്നേടത്തും പ്രശംസനീയമായ സാമർത്ഥ്യമാണ് ഇയ്യങ്കോട് പ്രദർശിപ്പിച്ചിരിക്കുന്നത്. നോവലിന്റെ വ്യത്യസ്ഥ മുഖം ഇനിയും ചുരുൾ നിവരുന്നുണ്ട്. അത് പ്രദിപാദിക്കുന്നില്ല ഇവിടെ. **ഒരു "ജീവിതപ്പാതയുടെ പൂമണം" എന്ന തലക്കെട്ടിൽ ഡോ. കെ. കെ. എൻ. കുറുപ്പിന്റെ വാക്കുകൾ ഇങ്ങിനെ:** കേരളത്തിലെ രാഷ്ട്രീയ സാംസ്കാരിക സാഹിത്യ മണ്ഡലങ്ങളിൽ സ്വന്തമായ വ്യക്തിമുദ്ര പതിപ്പിക്കുകയും നിറഞ്ഞു നില്ക്കുകയും ചെയ്ത ഒരു വ്യക്തിയായിരുന്നു ചെറുകാട് എന്ന എഴുത്തുകാരന്റേത്. തകർന്നുകൊണ്ടിരിക്കുന്ന നാടുവാഴിഞ്ഞ വ്യവസ്ഥിതിയിൽ നിന്നും സാമൂഹ്യ പ്രതിബദ്ധതയുള്ള എഴുത്തുകാരനായി മാറിയ ഗോവിന്ദ പിഷാരടി എന്ന ഈ എഴുത്തുകാരൻ കേരളനവോത്ഥാന കാലഘട്ടത്തിലെ അത്യന്തം ആദരിക്കപ്പെടുന്ന ഒരു വ്യക്തിയുമായിരുന്നു. അദ്ദേഹത്തിന്റെ ജീവചരിത്രം പ്രസിദ്ധീകരിച്ചുകൊണ്ട് കേരള സാഹിത്യ അക്കാദമി സാംസ്കാരികമായ ഒരു വലിയ ദൗത്യം പൂർത്തിയാക്കിയിരിക്കുന്നു, ഗ്രന്ഥകാരനായ ഇയ്യങ്കോട് ശ്രീധരൻ ചെറുകാടിന്റെ സന്തതസഹചാരിയും അദ്ദേഹത്തിന്റെ ജീവിതത്തേയും സാഹിത്യദർശനങ്ങളേയും രാഷ്ട്രീയ പ്രവർത്തനങ്ങളേയും അടുത്തുനിന്ന് വിശകലനം ചെയ്യുന്ന ഒരു എഴുത്തുകാരനാണ്. ശ്രീ. ഇയ്യങ്കോടിന്റെ പ്രസ്തുത പഠനം ചെറുകാടിന്റെ എല്ലാ പ്രവർത്തനങ്ങളേയും പരിയപ്പെടുത്തി തരുന്നു". ഈ ലേഖനത്തിന്റെ മർമ്മപ്രധാനമായ ആസ്വാദനക്കുറിപ്പിന് ഇവിടെ വിരാമമിടുകയാണ്.

**ഓർമ്മയുടെ ഭാവതലങ്ങൾ** (ശ്രീ. എരുമേലി പരമേശ്വരൻ പിള്ള):

വിപുലമായ സഹൃദയവലയത്തിന്റെ ഉടമയാണ് ഇയ്യങ്കോട് ശ്രീധരൻ. ഉന്നതരായ സാഹിത്യ കലാകാരന്മാരും, രാഷ്ട്രീയ-സാമൂഹിക നേതാക്കളും ഇതിലുൾപ്പെടുന്നു. അധ്യാപകർ പുരോഗമന കലാ സാഹിത്യ സംഘം ജനറൽ സെക്രട്ടറി, കേരളകലാമണ്ഡലം ജനറൽ സെക്രട്ടറി, കേരളകലാമണ്ഡലം കാര്യദർശി, വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സംഘാടകൻ, കവി, കഥകളിയുടെ വക്താവും പ്രചാരകനും എന്നിനിലകളിൽ അദ്ദേഹത്തിന്റെ പ്രവർത്തന രംഗം വൈവിദ്ധ്യമുള്ളതാണ്.

ഓർമ്മയിലെ സഞ്ചാരത്തിൽ വൈക്കം മുഹമ്മദ് ബഷീർ, കടത്തനാട്ടു മാധവിയമ്മ, സി.പി. ശ്രീധരൻ, കെ.ടി മുഹമ്മദ് തുടങ്ങിയ സാഹിത്യ പ്രതിഭകൾ, ചേമഞ്ചേരി കുഞ്ഞിരാമൻ നായർ, കലാമണ്ഡലം രാമൻകുട്ടി നായർ, കലാമണ്ഡലം ഗോപി, കലാമണ്ഡലം കേശവൻ, കലാമണ്ഡലം വാസുദേവൻ, തുടങ്ങിയ കഥകളി രംഗത്തെ അതുല്യപ്രതിഭകൾ, പ്രസിദ്ധ ചലച്ചിത്ര നടൻ മുരളി എന്നി സമുന്നത വ്യക്തികളുമായുള്ള ഇയ്യങ്കോടിന്റെ ആത്മബന്ധവും, അതിലൂടെ അവരുടെ കലാപരവും മാനവികവുമായ ആന്തരികമായ മഹത്വവും അനാവരണം ചെയ്യുന്നു ഇയ്യങ്കോട്. ഇയ്യങ്കോടിന്റെ ആത്മസുഹൃത്തും കവിഗുരുസ്ഥാനീയനുമായ പി. കുഞ്ഞിരാമൻനാർ പല ലേഖനങ്ങളിലും പ്രസന്നതയോടെയും ഹൃദശുദ്ധിയോടെയും പ്രത്യക്ഷപ്പെടുന്നു. താൻ വൈസ് ചെയർമാനായിരുന്ന സംഗീത നാടക അക്കാദമി, അംഗമായിരുന്ന സാഹിത്യ അക്കാദമി, സെക്രട്ടറിയായിരുന്ന കേരളകലാമണ്ഡലം എന്നീ സ്ഥാപനങ്ങളിലെ അനുഭവങ്ങളും പുസ്തകത്തിൽ ഇയ്യങ്കോട് വിവരിക്കുന്നുണ്ട്. മഹാകവി പി. കുഞ്ഞിരാമൻ നായർ സ്മാരകങ്ങളും ഇയ്യങ്കോടിന്റെ സാംസ്കാരിക ദൗത്യനേട്ടമാണ്. ഈ പുസ്തകത്തിൽ രണ്ടു ഉന്നത ഉദ്യോഗസ്ഥരെ ഇയ്യങ്കോട് പരിചയപ്പെടുത്തുന്നു. ടി.എൻ. ജയചന്ദ്രൻ, ഡി. ബാബു പോൾ. ഇവർ സർക്കാർ നിയമങ്ങൾ ജനങ്ങൾക്ക് പ്രയോജനകരമാക്കികൊടുക്കുന്നതിൽ വലിയ പങ്കുവഹിച്ച സാഹിത്യകാരന്മാരാണ്.

**തോൽക്കാൻ കൂട്ടാക്കാത്ത മനുഷ്യകാവ്യങ്ങൾ**

പ്രസിദ്ധകവിയും സാഹിത്യകാരനുമായ ആലങ്കോട് ലീലാകൃഷ്ണൻ എന്ന കവി തോൽക്കാൻ കൂട്ടാക്കാത്ത മനുഷ്യ കാവ്യങ്ങൾ എന്നാണ് ഇയ്യങ്കോട് ശ്രാധരന്റെ കാവ്യങ്ങളെപ്പറ്റിയുള്ള പഠനത്തിൽ തലക്കെട്ടായി എഴുതിയത്. അത് സൂചിപ്പിക്കുന്നതുപോലെ അദ്ദേഹത്തിന്റെ കുറെ വിശദീകരണങ്ങളുണ്ട്. ഇവയിൽ ചിലത് ഇങ്ങിനെ.

തലകീഴായന്നുതപിച്ച ശംബുകൻ

തല നിവർത്തുന്ന സുവർണ്ണാവസരം

ഇരിപ്പിടംതേടിയലഞ്ഞ സൂതന്റെ

കുടിപ്പക കത്തി ജ്വലിക്കുന്ന ദിനം

അറിവുനേടിയമഹാപരാധത്താൽ

വിരലുപപോയവൻ വിരുന്നെത്തും ദിനം.

എന്ന് തന്റെ കവിതയുടെ മാനിഫെസ്റ്റോ പ്രഖ്യാപിക്കുന്നു.

"സ്വപ്നം കാണാൻ കഴിവുള്ള പോരാളിയാണ് കവി എന്ന് ഇയ്യങ്കോട് ഒരിക്കൽ തന്റെ കാവ്യവ്യക്തിത്വത്തെ സ്വയം വിലയിരുത്തിയിട്ടുണ്ട്"

അലമുറയിട്ടു നഭസ്സു ഭേദിക്കും

കടലുകൾ ഭൂമി കുലുക്കി മാറ്റുന്ന

ചുഴലിക്കാറ്റുകൾ- കരങ്ങളിൽ വീണു

തുടലുകൾ നൂറുനുറുങ്ങായ് ധൂളിയായ്

പൊടിച്ചുതള്ളുവാൻ കരുത്തുറ്റോർ. ഒന്നു

പിടഞ്ഞെഴുന്നേൽക്കൂ വരൂ സഹജരേ"

എന്നെഴുതുമ്പോൾ താൻ പ്രതിനിധാനം ചെയ്യുന്ന വർഗ്ഗ സമര മുന്നേറ്റത്തിന്റെ നടുവിൽ ജ്വലിച്ചു നിൽക്കുന്ന വാക്കാവുകയാണ്. "കവി നനവും കിനാവും വികാരവും വിചാരവും പരസ്പരം പുണരുമ്പോൾ ഉണരുന്ന ഉൾപ്പുളകമാണ് " തനിക്കു കവിത എന്ന

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

നിലപാടിൽ നിന്നുതന്നെയാണ് ഈ ജ്വലിക്കുന്ന വാക്കുകൾ പിറവികൊള്ളുന്നത് എന്നും.

ഉയിർത്തെഴുന്നേറ്റു വരുന്നതാരന്റെ
ഉണർന്ന ചിന്തയിലുദയസൂര്യനായ് " എന്ന് തന്നിൽ തന്നെ ജ്വലിച്ചുണരുന്ന അവസാനിക്കാത്ത പോരാളികളെ കണ്ട് കവി വിശ്മയിച്ചു. ഗാന്ധിജിയും, മുഹമ്മദ് അബ്ദുറഹിമാനും, ഇ.എം.എസും എന്നല്ല എഴുത്തച്ചനും, പി. കുഞ്ഞിരാമവ് നായരും, പാബ്ലോ നരൂദയും, പ്രേജിയും, മാണി മാധവചാക്യാരും, പുന്നശ്ശേരി നമ്പിയും, ചെറുകാടും, ഇ.പി. ഗോപാലനും, സ്വാമി വിവേകാനന്ദനും, രമണ മഹർഷിയും, അരബിന്ദോയും, ശങ്കരാചാര്യരുമൊക്കെ ഇയ്യങ്കോടിന്റെ കവിതകളിൽ ഉച്ചനീചത്വങ്ങൾവെടിഞ്ഞ് അതിർത്തികൾ ലംഘിച്ച് പോരാളികളായിത്തീരുകയും ഒറ്റ വർഗ്ഗമനുഷ്യനായി നിവർന്ന്നിന്ന് സമത്വത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. അങ്ങനെ മാനവ ചരിത്രത്തെ ഭരണകൂടങ്ങളെല്ലാം പൊഴിഞ്ഞു പോവുന്ന സമത്വ കാലത്തിലേക്ക് സഞ്ചരിക്കുന്ന വിമോചന മഹാസ്വപ്നമായിത്തീരുന്നു ഇയ്യങ്കോട് ശ്രീധരന്റെ കാവ്യഭൂമിക.

"ആലപിക്കാം ദിഗന്തത്തിൽ
മാനവോത്ഥാനഗീതിക!
അതിൻ മാറ്റൊലി കേട്ടിട്ടി-
ങ്ങുണരാവൂ പ്രപഞ്ചവും"

"പകുതിയ്ക്കു നാടകം തീർന്നു പോയി
പിരിയുന്നതോർക്കാത്ത നേരമായി
പലതും പറയുവാൻ വിട്ടുപോയി
പതിരായി പ്രാണൻ പറന്നു പോയി"

അതിനാൽത്തന്നെ, മനുഷ്യനേയും അവന്റെ തോൽക്കാത്ത ജീവിതകാമനയേയും സ്നേഹിക്കയാൽ മാത്രം കവിയായിത്തീർന്ന മനുഷ്യസ്നേഹിയാകുന്നു ഇയ്യങ്കോട് ശ്രീധരൻ.

**കഥകളി-മാനവ വിജയം:- (ഇ.എം.എസ്.)**

ഇയ്യങ്കോട് ശ്രീധരൻ എഴുതിയ മാനവവിജയം 1988 ഡിസംബർ 10 ന് പാലക്കാട്ട് അരങ്ങേറിയത് ഞാൻ കണ്ടു. രണ്ടുമണിക്കൂറോളം നീണ്ടുനിന്ന ആ കളി വളരെ ഏറെ ആകർഷമായിരുന്നു. അതു കണ്ട കാണികളിൽ ആരും കലാപരമായ ഏതെങ്കിലും ന്യൂനത അതിലുള്ളതായി ചൂണ്ടികാണിക്കുകയുണ്ടായില്ല. ഉള്ളടക്കത്തോട്,-അതിലടങ്ങിയ രാഷ്ട്രയത്തോട് മാത്രമായിരുന്നു വിമർശനം.

കഥകളിയുടെ കർത്താവോ അത് അരങ്ങേറിയപ്പോൾ കണ്ടവരോ ഈ വിമർശനത്തിനോട് വിയോജിക്കുമെന്ന് തോന്നുന്നില്ല. രാഷ്ട്രീയലക്ഷ്യം വെച്ചുകൊണ്ട്തന്നെ എഴുതിയതും അരങ്ങേറിയതും. എന്നാൽ ആ രാഷ്ട്രീയ ലക്ഷ്യം ഏത് അരാഷ്ട്രീയക്കാരനും, ആകർഷകമായ ലോകസമാധാനത്തിന്റേതാണ്. മനുഷ്യസ്നേഹികൾക്ക് ആർക്കും അത് എതിർക്കാൻ കഴിയാത്ത ഒരു വിഷയമാണ്. അത് ഭംഗിയായി കഥകളിയുടെ കലാംശത്തിന് എള്ളോളവും കുറവുവരാതെ, നിറവേറ്റിയതിനാലാണ് എഴുതിയ ഗ്രന്ഥകാരന്റെയും അഭിനയിച്ച കലാകാരന്മാരുടെയും മിടുക്ക് കിടക്കുന്നുത്. ഇതിൽപരം ഒരു സർട്ടിഫിക്കറ്റ് കിട്ടാനില്ല കൃതിക്ക്......

**മാനവസ്നേഹത്തിന്റെ സന്ദേശം: ഡോ. ശശിധരൻ ക്ലാരി**

കഥകളി തികച്ചും ശാസ്ത്ര ഭദ്രമായൊരു ക്ലാസിക്ക് കലയാണ്. കശെലീകൃതമായ സങ്കേതം, പുരാണ സംബന്ധിയായ ഇതിവൃത്തം, ത്രിഗുണങ്ങളെ അടിസ്ഥാനമാക്കിയുള്ള കഥാപാത്ര വർഗ്ഗീകരണം, നാട്യധർമിയായ അഭിനയം എന്നിവ അതിന്റെ മൗലികസ്വഭാവമാണ്. ഇതിൽ നിന്ന് വ്യതിചലിക്കുമ്പോഴെല്ലാം കഥകളിയുടെ ആത്മസൗന്ദര്യം ചോർന്നു പോകാറുണ്ട്. ഈ കലയെ ജനകീയവൽക്കരിക്കാൻ ശ്രമിക്കുന്നവർ ശ്രദ്ധിക്കേണ്ട പ്രധാന കാര്യവും ഇതാണ്. സ്നേഹ സന്ദേശം കഥകളി ഇതിവൃത്തം ശ്രീകൃഷ്ണ ചരിതവുമായി ബന്ധപ്പെട്ടു കിടക്കുന്നു. മറ്റു കൃഷ്ണ സങ്കല്പത്തിൽ നിന്നും വ്യത്യസ്ഥമായി ഇതിലൊരു അനാര്യ ദർശനമുണ്ട്. കാർഷിക സാംസ്കരികത്തിന്റെ അടിവേരുകൾ ചെന്നെത്തുക ഈ ദർശനത്തിലാണ്. ദശാവതാരത്തെക്കുറിച്ചുള്ള ജീവന്റെ ദർശനമുണ്ട്.

**മാനവവിജയം, കിങ്ലിയർ സ്നേഹസന്ദേശം പ്രതികരണങ്ങൾ**

**കീഴ്പടം കുമാരൻ നായർ**

"കഥകളിയിൽ പുതിയ പ്രമേയങ്ങൾ ഉൾപ്പെടുത്തിയാലേ ഈ മഹത്തായ കലാരൂപം രക്ഷപ്പെടുകയുള്ളു. ഇതൊരു മതേതര കലാരൂപമാണ്. പക്ഷെ വിദഗ്ദരായ ആളുകൾക്ക് മാത്രമെ അതു ചെയ്യാൻ പറ്റുകയുള്ളു. പുരോഗമനപരമായ ആശയങ്ങൾക്ക് കഥകളിയെ ഉൾക്കൊള്ളാനാവുമെന്ന് മാനവവിജയത്തിലൂടെ ഇയ്യങ്കോട് ശ്രീധരൻ തെളിയിച്ചു. രാമൻകുട്ടി നായർ ചിട്ടപ്പെടുത്തിയ ആ കഥകളി ഞാൻ കണ്ടിരുന്നു. ഇയ്യങ്കോട് ശ്രീധരൻ കലാമണ്ഡലം കാര്യദർശിയായപ്പോൾ എഴുതിയ കിങ്ലിയർ ഞാനും പത്മനാഭൻ നായരും ചേർന്നാണ് ചിട്ടപ്പെടുത്തിയത്. വിവിധ യൂറോപ്യൻ രാജ്യങ്ങളിലെ സഹൃദയർ ആതു സഹർഷം സ്വീകരിച്ചു"

**പൊൻകുന്നം ദാമോദരൻ-** ഇയ്യങ്കോട് ശ്രാധരന്റെ മാനവവിജയം, പിരപ്പിൻക്കോട് മുരളിയുടെ സഖാവ് നാടകം, വി. സാംബശിവന്റെ വ്യാസനും* മാർക്സും, ഈ മൂന്നു കലാസംഭാവനകൾ ഇന്ന് കേരളത്തിലും പുറത്തും സ്ഫോടനാത്മകമായ, പുരോഗമനപരമായ ആസ്വാദന ബോധമാണ് സൃഷ്ടിച്ചിരിക്കുന്നത്. കഥകളിയെ സാമാന്യവൽക്കരിക്കുന്നത് സാങ്കേതികമായ ബുദ്ധിമുട്ടുള്ള കാര്യമാണെങ്കിലും ഇയ്യങ്കോട് അതു വളരെ വിദഗ്ദമായി നിർവ്വഹിച്ചിരിക്കുന്നു. എന്നതാണ് "മാനവവിജയത്തിന്റെ വിജയം.

**ഡോ. എൻ.വി.പി. ഉണിത്തിരി**

സപ്തതി സംഗമത്തിന്റെ ആദ്യദിവസം രാത്രി നടന്ന ഇയ്യങ്കോട് ശ്രീധരൻ രചനയും രംഗക്രമവും നിർവ്വഹിച്ചതും കലാമണ്ഡലം വാസുദേവൻ സംവിധാനം ചെയ്തും കൊല്ലങ്കോട് കേരളഭവൻ അവതരിപ്പിച്ചതുമായ സ്നേഹ സന്ദേശം ഏറെ സന്ദർഭോചിതമായി. കഥകളി എന്ന ഫ്യൂഡൽ വേഷവിധാനം, അഭിനയ സമ്പ്രദായം, വാദ്യമേളങ്ങൾ, സംഗീതം, നൃത്തനൃത്യങ്ങൾ മുതലായ സാങ്കേതിക വശങ്ങളിൽ കാര്യമായ മാറ്റമൊന്നും വരുത്താതെതന്നെ പുരാണ പ്രസിദ്ധമായ രാധാകൃഷ്ണ കഥയ്ക്ക് പുതിയ മാനം നൽകികൊണ്ട് രൂപം കൊണ്ട കഥകളിയാണ് സ്നേഹ സന്ദേശം. ഇയ്യങ്കോട് ശ്രീധരൻ എന്ന ഗ്രന്ഥകാരന്റെ സൃഷ്ടികളുടെ ആസ്വാദനം നടത്തിയ പ്രതിഭാസമ്പന്നരായ എഴുത്തുകാരുടെ ഒരു നിര തന്നെയുണ്ട് ഈ ഗ്രന്ഥത്തിൽ. വിവരിക്കുവാൻ നിവൃത്തിയില്ലാത്തതിനാൽ അതിങ്ങനെ മാത്രം അടയാളപ്പെടുത്തുന്നു. "പടിയിറങ്ങുന്ന ദൈവം"- വാഴൂർ വാസുദേ

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

കവിത



# വഴിവിളക്ക്

പൂനൂർ കെ. കരുണാകരൻ

**കണ്ണീർ മറന്ന**
**മിഴികളിൽ ജീവന്റെ**
**വർണ്ണാഭതേടും**
**കറുത്തസ്വപ്നങ്ങളെ**
**കാണാമറയത്ത്**
**നീളും വഴികളിൽ**
**കൈവിട്ടു, മെല്ലെ**
**നടന്നുനീങ്ങുമ്പോവും**
**പിന്നിൽ നിന്നോടി**
**യണയുവാൻ വെമ്പുന്നു**
**പിന്നെയും കാലം**
**കനിവിൻ വിളക്കുമായ്**
**തീവെയിലോരോ**
**നിഴലിൻ തുരുത്തിലും**
**പൂനിലാവായി**
**പ്പകർന്നാടിനില്ക്കവേ**
**ഈ നിമിഷത്തി-**
**ലുണരുന്ന ധന്യത**
**യീറൻ മിഴികളിൽ**
**വെട്ടമാവുന്നുവോ?**

കവിത



ബാബുരാജൻ ചമ്പയിൽ

# കൂട്ടിലെ തത്ത

**മാനമിരുണ്ടു വെളിപ്പൂ മങ്ങി**
**എങ്ങുപോയ് എങ്ങുപോയ് ചക്കിപെണ്ണെ**
**കേളനും ചാത്തനും നിന്നെ നോക്കിയാ**
**കുന്നിൻ മുകളിലേക്കങ്ങുപോയി**
**കുടിലിൽനിന്നൊരു കിളി ഉറക്കെപാട**
**എങ്ങുപോയ്എങ്ങുപോയ് ചക്കിപെണ്ണേ**
**(മാനമിരുണ്ടു)**
**ഇന്നുനീ പോകേണ്ടന്നോതിയിട്ടും**
**ഇന്നുനീ പോയീലെ ചക്കിപെണ്ണെ**
**കാലത്തുനീയിറങ്ങുംന്നേരം**
**മടങ്ങിയതെന്തിനു ചക്കിപെണ്ണേ**
**മാനമിരുണ്ടിട്ടും പേമാരി പെയ്തിട്ടും**
**നീയെന്തേ വന്നില്ല ചക്കിപെണ്ണെ**
**കാട്ടിൽ നീ പോയപ്പം ചേലുള്ള ചെക്കനെ**
**കണ്ടപ്പം കൂടെ പോയതാണോ**
**(മാനമിരുണ്ടു)**
**ഈ കൂട്ടിനിന്നു ഞാൻ തേങ്ങി കരയുന്ന**
**രോദനം കേൾക്കുവാനാരുണ്ട്**
**നാട്ടാരുമില്ല വീട്ടാരമില്ല**
**എങ്ങുപോയ് എങ്ങുപോയ് ചക്കിപെണ്ണെ.**

വൻ, രചനാത്മകമായ ജീവിത ദർശനം കോയമുഹമ്മദ്, സംഘ ഗാനത്തിന്റെ ബോധധാരകൾ -അജിത് ആയഞ്ചേരി, കീഴട ങ്ങാത്ത ഓർമകളുടെ സഞ്ചാരം"- ഈ.ഡി സേവിസ്, എത്ര എത്ര രാമായണങ്ങൾ -സ്വാമി അവ്യയാ നന്ദ, "രാജ്യാതീതവും മതാതീത വുമായ രാമസങ്കല്പം" സി.എം. ദാമോദരൻ ജനകീയപക്ഷത്തിന്റെ കവി കൊല്ലങ്കോട് കാർത്തികേ യൻ, ജനമാന്യത്തിന്റെ കവിത- നാരായണൻ കീഴുവീട്ടിൽ, പരി വർത്തനത്തിന്റെ കവിത - നാരാ യണൻ കീഴുവീട്ടിൽ, ഒരേ വർഗ്ഗം ഒരേ മാർഗ്ഗം- (നാടകം)- ശ്രീരേ ഖ, മാനവവിജയം- ഇ.എം.എ സ്,മാനവസ്നേഹത്തിന്റെ സന്ദേശം ഡോ. ശശീധരൻ ക്ലാരി

**ബന്ധങ്ങൾ-അനുഭവങ്ങൾ**

ഉഷസ്സുകൾ, ഈ വഴിതേടി-എം. എസ്സ് കുമാർ, "ചുന്ന പൂക്കൾ നിറഞ്ഞ പൂമരം" കാളിദാസ് പുതുമന, വാക്കിലെ വർത്തമാന ത്തിന്റെ പൊറുളറിഞ്ഞ ഒരാൾ കാളിദാസ് പുതുമന, എന്റെ സുഹൃത്ത് ശ്രീ ഇയ്യങ്കോട് മണ്ണൂർ രാജകുമാരനുണ്ണി, "ഒരു സംഘാ ടക പ്രതിഭ" കെ.വിശ്വം പ്രഭാഷ കനായ ഇയ്യങ്കോട് കെ.വിശ്വം ഇതാ ഒരു കവി പോരാളി കൊള ത്തോൾ രാഘവൻ, ഇയ്യങ്കോട് മാസ്റ്റർ- പ്രബുദ്ധൻ കൊല്ലങ്കോട് **ജീവകം- കവിത എസ്സ്.കെ (ഇ യ്യങ്കോടിന്റെ മകൾ)**

"അച്ഛന്റെ കൈ പിടിച്ചാദ്യമായ്
അക്ഷരങ്ങൾ മണലിൽ കുറി ക്കവെ
അമ്മ പതിയെ നീക്കിവെച്ചീടുന്നു
നില വിളക്കിൻവെളുത്ത കതിരു കൾ" (40 വരികളിലായി ജീവകം എന്ന കവിത)

**ഭാഗം അഞ്ച്: അഭിമുഖങ്ങൾ**

**മാനവവിജയത്തിന്റെ പ്രസക്തി**
**ഇയ്യങ്കോട്/ എം.സി പോൾ**

പുരോഗമന കലാസാഹിത്യ സംഘം ജനറൽ സെക്രട്ടറി, കലാ മണ്ഡലം കാര്യദർശി എന്നീനില കളിൽ പ്രവർത്തിച്ച കവിയും, ഗദ്യക്കാരനുമായ ഇയ്യങ്കോടിന്റെ ശ്രദ്ധേയമായ ആട്ടക്കഥയാണ്. മാനവവിജയം 1986ൽ ഡിസംബ റിൽ പാലക്കാടാണ് ഈ കഥകളി അരങ്ങേറിയത്. സാമ്രാജ്യത്വം ലോകസമാധാനവുമാണ് മാനവവി ജയത്തിന്റെ പ്രമേയം. മൂന്ന് പതി റ്റാണ്ട് പിന്നിടുമ്പോഴും ഈ കഥകളിക്ക് സാമൂഹ്യപ്രസക്തിയു ണ്ട്. ഈ പശ്ചാത്തലത്തിൽ ഇയ്യ ങ്കോടുമായി സംസാരിക്കുമ്പോൾ മുഖാമുഖം ഇവിടെ വിവരിക്കുന്നി ല്ല.

കവിതയുടെ അഗ്നി കടയുമ്പോൾ
ഇയ്യങ്കോട്/ എം.സി പോൾ
കവിത കഥകളി സംസ്കാരം
ഇയ്യങ്കോട്/ ഒപ്പത്തു ശിവരാമൻ
സാംസ്കാരിക പ്രതിരോധന ത്തിന്റെ ആൾരൂപം
ഇയ്യങ്കോട്/ ശുഭകൊടക്കാട്

ഇയ്യങ്കോടിന്റെ ലോകം എന്ന കൃതിയുടെ പരപ്പും അദ്ദേഹത്തി നുള്ള സാഹിത്യകാരന്മാ രുമായുള്ള ബന്ധവും അനുഭവ ങ്ങളും പറഞ്ഞാലും പറഞ്ഞാലും തീരാത്തതാണ്. ചരിത്ര വാതിൽ തുറന്നു വെക്കുന്ന മഹാരഥന്മാരു ടെകത്തുകളും ഈ ഗ്രന്ഥത്തിൽ കൊടുത്തിട്ടുണ്ട്. ഇതാ നമ്മുടെ ഇടയിലെ ഇയ്യങ്കോട് ശ്രീധരൻ മാസ്റ്ററും അദ്ദേഹത്തിന്റെ ലോകവും... ■

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

India's No - 1

AKSHAYA WATER PROOFING

29 - 851, Kottooli,Mavoor Road, Kozhikode - 673016
Mob : P.P. PRADEEP - 9447312616, 9037940457
E-Mail : aakshayawaterproof@gmail.com




ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം ഗ്യാരണ്ടിയോടുകൂടി ചെയ്തുകൊടുക്കുന്നു.

ഓം നമഃശിവായ

ദിനേശ് കെ.ടി – ഫോൺ : 9946309061

നീലഗിരി പൂജാസ്റ്റോർ


ദേരാബസാർ, തളിറോഡ്,
കോഴിക്കോട്, ഫോൺ: 0495 - 2702176
എല്ലാ പൂജാസാധനങ്ങളും ഇവിടെ കിട്ടും

നിർമ്മാല്യം ശ്രീ ധർമ്മശാസ്ത ട്രാവൽസ്

Mob: കെ. പുരുഷു, – 9387500618, 9539036575
നജീഷ് പുരുഷു – 9961100702
ഉല്ലാസ യാത്രയ്ക്കും തീർത്ഥാടന യാത്രയ്ക്കും
മാങ്കാവ്, കോഴിക്കോട് – 673 007
ഫോൺ : 0495 2331828



എല്ലാതരം ടൂറിസ്റ്റ് ബസ്സുകളും മിനി ബസ്സുകളും

ന്യൂ കാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ്



മൂരിയാട് റോഡ്
പുതിയപാലം
കോഴിക്കോട്



ഫോൺ : മണി 9400741434

കാർ സ്പ്രേപെയിന്റിങ്ങ്,
ബോഡി വർക്സ്,എഞ്ചിനിയറിംഗ് വർക്സ്

GLAMOUR GENTS WEAR




Whole Sale & Retail
Mankave,
Calicut - 7
Mob: 9847756569
8891901404




Pants, Jeans, Shirt, T. Shirts etc...



FRIENDS

SPRAY PAINTING WORKS

Malaparamba, Kozhikode - 673 009
Mob: 9495411642







Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

കഥ

# മുണ്ടച്ചികളുടെ തെരുവ്



മലയാമ്പള്ളം ശങ്കരൻകുട്ടി

**അ**ങ്ങിനെ, ആ അമ്മ പതിമൂന്നാമത്തേയും പ്രസവിച്ചു. എല്ലാം മുനി കന്യകമാർ. മാതാപിതാക്കൾക്കു അതിലൊന്നും ഉൽകണ്ഠയോ, ഉദ്വേഗമോ തോന്നിയില്ല.പക്ഷേ, സന്തതികളിൽ രണ്ടുപേർ പ്രസവാനന്തരം ആശ്രമവായം വെടിഞ്ഞതിനാലാണ് നെഞ്ചകങ്ങളിൽ ചിതലരിച്ചത്.

എന്നിട്ടും മാസിലൻ പ്രിയതമ മാരിത്തായിയ്ക്ക് ധൈര്യം പകർന്ന് സമാശ്വസിപ്പിച്ചു.

"കരയേണ്ട തായേ, ജീവനോടെ ഞാനില്ലേ?..."

ഉണങ്ങിയ മാതളപ്പഴം പോലുള്ള അവൾ പ്രതീക്ഷയോടെ പ്രാണനാഥനെ നോക്കി.

പശങ്കളുടെ അപ്പാ പട്ടാളച്ചിട്ട പാലിക്കുമെന്നുറപ്പായിരുന്നു.

മാസിലൻ പട്ടാളക്കാരൻ. അയാളുടെ അച്ഛനും യോദ്ധാവ്. വല്യപ്പന്മാർ, ചെറിയപ്പന്മാർ, ഭാര്യയുടെ ബന്ധുക്കൾ എല്ലാം പട്ടാളക്കാരും പൊലീസുകാരും. ആ ഗ്രാമത്തിലധികവും ഇവരൊക്കെത്തന്നെയാണ്.

വംശനാശം സംഭവിക്കാതെ കുടുംമ്പ പെരുമയ്ക്കു വേണ്ടിയുള്ള മഹത്തായ തീരുമാനമാണിത്.

മാരിത്തായ് പ്രസവിക്കുന്നതൊക്കെ പെൺകൊടികൾ. മാസിലൻ വർഷത്തിൽ രണ്ടുതവണ അവധിക്കുവരും.

അറുപതുദിവസത്തെ വർഷാന്ത അവധിക്കു വന്നാൽ ഭാര്യ ഗർഭിണിയാവും. കാഷ്വൽ ലീവിനു വരുന്നത് പ്രസവശുശ്രൂഷയ്ക്ക് വേണ്ടിയാണ്.

ഫാമിലിയെ ജോലി സ്ഥലത്തിലേയ്ക്കു ആനയിക്കേണ്ട അവസ്ഥയിലല്ല. ഏക്കറോളം കാടുണ്ട്. കന്നുകാലികളുണ്ട്. എല്ലാം ശ്രദ്ധിക്കുന്നത് ഭാര്യയാണ്. പിന്നെ മക്കളും!

ഒരാൺകുട്ടിക്കു വേണ്ടി പരിഭവങ്ങളില്ലാതെ പ്രസവിക്കുകയെന്നതാണ് മാരിത്തായുടെ പോളിസി.

പ്രശ്നമറിഞ്ഞ തായ്കുല പ്രവർത്തകരാണ് ചേക്കേറി ചോദിച്ചത്.

"പട്ടാളക്കാരൻതന്നെ വേണമെന്നുണ്ടോ?..."

മാരിത്തായ് ആകാംക്ഷയോടെ അവരെ നോക്കി. കരളിനകത്താണ് കാരിരുമ്പ് ഇറക്കുന്നത്.

"...പെൺകുട്ടികളെ പഠിപ്പിച്ച് പട്ടാളത്തിലോ പോലീസിലോ ഓഫിസറാക്കാം. വനിതാപോലീസും ആയിക്കൂടെ തായേ!..."

പുത്തൻ അറിവും ഉണർവ്വും.!

അവർ അന്യോന്യം പൊട്ടിച്ചിരിച്ചു.

കാര്യം ശരിയാണ്. ഒമ്പതുമാസം ഇവരേം ചുമന്ന് പ്രസവിക്കുമ്പോഴൊരു രസമുണ്ടല്ലോ. കുഞ്ഞിന്റെ ആദ്യകരച്ചിലിന്റെ രാഗം അനിർവചനീയമാണ്.

തന്നെ പരിഹസിക്കുകയാണോ എന്നൊരു നെറികേടും കുറേശ്ശെ നേരും അവരതിൽനിന്നു ചികഞ്ഞെടുത്തു.

അവരിലെ ഒരു സോമകന്യക വിശദീകരിച്ചു.

"...പാരമ്മാ തായേ, കുറെ പട്ടാളക്കാരൊക്കെ വീരമൃത്യുവരിച്ചു. പോലീസുക്കാരാവട്ടെ രണ്ടാം വീടും തേടി അകന്നുപോയി. ഇപ്പോ ഈ തെരുവിനെന്താ പേര്?..."

അതറിയുവാനുള്ള ആകാംക്ഷയോടെ മാരിത്തായ് നെടുവീർപ്പുകളോടെ അവരെ നോക്കി.

"...മുണ്ടച്ചികളുടെ തെരുവ്!..."

നേതാവ് അത്രയും പറഞ്ഞ് മുറ്റത്തേയ്ക്ക് ആഞ്ഞുതുപ്പി. ■

---

## കഥയും കാര്യവും

(9-ാം പേജ് ബാക്കി)

**ഉത്തരം :-** വായനയെ ഒഴിച്ചു നിർത്തിക്കൊണ്ട് സംസാരിക്കാനേ കഴിയില്ല. എന്നിരുന്നാലും സമീപകാലത്ത് ഗൗരവപൂർണമായ വായന അൽപം കുറഞ്ഞിട്ടുണ്ട്. നല്ല പുസ്തകങ്ങൾ പഴയ പോലെ വാങ്ങുന്ന ശീലം ഇപ്പോഴുമുണ്ട്. എന്നാൽ അത് ഉടനെ വായിച്ചു തീർക്കുന്നതിന് സൗകര്യം ലഭിക്കാറില്ല എന്നതാണ് യാഥാർത്ഥ്യം. സമീപകാലത്ത് ചർച്ചചെയ്യപ്പെട്ട പുസ്തകങ്ങൾപോലും ഇപ്പോഴും വായന കാത്ത് കിടക്കുകയാണ് എന്നതും ഒരു സത്യമാണ്.

**ചോദ്യം 7 :-** വരാനിരിക്കുന്ന പുസ്തകങ്ങൾ ഏതെല്ലാമാണ്?

**ഉത്തരം :-** കഥകളും നോവലുകളുമായി 6 പുസ്തകങ്ങൾ പൂർത്തിയായി കഴിഞ്ഞു. പ്രസിദ്ധീകരണ തിയ്യതി നിശ്ചയിച്ചിട്ടില്ല.

**ചോദ്യം 8 :** പുതിയ എഴുത്തുകാരെക്കുറിച്ച് എന്താണ് പറയാനുള്ളത്?

**ഉത്തരം :-** പുതിയ എഴുത്തുകാർക്ക് നല്ല പ്രതിഭയുണ്ട്. എന്നാൽ എഴുത്തിൽ നവീനത സൃഷ്ടിക്കാൻ പലരും മുതിരുന്നില്ല എന്നത് വലിയ പോരായ്മയായി തോന്നുന്നു.

**ചോദ്യം 9 :** സമകാലീക സാഹിത്യത്തെക്കുറിച്ച്?

**ഉത്തരം:-** സമകാലിക സാഹിത്യം ഏറെ താല്പര്യത്തോടെ കാണുന്നു. പല പുസ്തകങ്ങളും വായനയെ തിരികെ കൊണ്ടുവരുന്നു.

**ചോദ്യം10 :** പുതിയ സമൂഹം, ചെറുപ്പക്കാർ എന്നിവരെക്കുറിച്ച് എന്ത് പറയുന്നു?

**ഉത്തരം :-** സമൂഹം കലുഷിതമാണ്. ചെറുപ്പക്കാരിൽ വായനാശീലം കുറയുകയാണ്. എന്നാൽ സമൂഹമാധ്യമങ്ങളിൽ അവരുടെ സൃഷ്ടികൾ ശ്രദ്ധിക്കപ്പെടുന്നുണ്ട്. ■

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

കവിത



ശ്രീരമ

## ചുകപ്പിലെ കറുത്തവരകൾ

ചുകപ്പിലെ കറുത്ത വരകൾ
എന്നെ പലതും ഓർമ്മപ്പെടുത്തി
ഘടികാര സൂചിയുടെ ചലനം
ഞാനതിൽ കണ്ടു
കുത്തനേയും വിലങ്ങനേയും വരകൾ
അത് തടവറ
നീളത്തിലുള്ളവ അകന്നു പോകുന്ന ജീവിതം
കാലിടറി നിലകിട്ടാത്ത
പകച്ചുപോയ ദിനങ്ങൾ
വൃത്താകൃതിയിൽ വളഞ്ഞവ
ആഗ്രഹങ്ങളുടെ അകൽച്ചയും അടുപ്പവും
പ്രതിസന്ധികൾ തരണം ചെയ്യുന്ന വരകൾ
അവ എനിക്കെന്നും ആശ്ചര്യമായിരുന്നു
അങ്ങനെ വരകൾകൂടികൂടി എനിക്ക് മുന്നിൽ
ഒരു വലിയമാസ്മരിക വലയം
ഒടുവിൽ ഒരുപാട് കുത്തിവരകൾക്കിടയിൽ
ഞാൻ എന്നെ തിരക്കി നടന്നു
ആ വരകൾ ഒത്തുകൂടി കറുത്തിരുണ്ട ഗോളമായി
ഉരുണ്ടുവന്നു എന്റെ മുന്നിലേക്ക്
ഞാൻ അതിനേക്കാൾ വലുതായി
ആ ഗോളം എനിക്ക് മുന്നിൽ -
ഒരു പൂർണ്ണവിരാമമായി

കവിത

## കാറ്റിനോട്



ഹരീഷ് കൊമ്മേരി

എന്റെ മുറ്റത്തെ ജമന്തിപൂക്കളെ
തഴുകിയുണർത്താൻ വന്ന കാറ്റേ
പുഞ്ചിരി കുന്നിലെ വെള്ളരി പ്രാക്കളോട്
കുശലം ചോദിക്കാൻ വന്ന കാറ്റേ...?
ആയിരം ഇതളുള്ള അനന്തശയന പൂവ്
ഇന്നലേയും വന്ന് എന്നോട് കുശലം പറഞ്ഞു-
എന്തേ നീ എന്നോട് പിണക്കമെന്തേ
പുഞ്ചിരികുന്നിലെ മന്ദമാരുതനേ -?
തിരുവളതിരയുന്ന ദേവനുണ്ടോ-
പുഞ്ചിരികുന്നിൽ എന്റെ പുഞ്ചിരി കുന്നിൽ
ഇനിയും നിൻ പിണക്കം മാറിയില്ലേ
ആകാശഗംഗയിൽ മറഞ്ഞകാറ്റേ

കവിത

## ശ്രുതിഭംഗ വീണകൾ



പ്രഭാകരൻ നറുകര



കർക്കിടം പുകഞ്ഞു കരിമേഘചീളുകൾ
ദുർഘടം വിതറിയ കാലത്തിന്നൊഴുക്കുകൾ
നിന്നുപെയ്യുംനിതാന്തം തുള്ളികളൊടുങ്ങാതെ
നിശ്ചലചിത്രങ്ങളായ് മാറുന്നു മനുഷ്യരും.
ധാരയായ് ബാഷ്പങ്ങളിൽ കണ്ണാടി മുഖങ്ങളും
പാരിതിൽ ശ്രുതിഭംഗ വിപഞ്ചിക മൂളവെ
പൂമൃദുമനസ്സിന്റെ നവരംഗരാഗങ്ങൾ
പല്ലവിയീണംമീട്ടും പുതിയകാലങ്ങളിൽ
മുഗ്ദ സ്വപ്നങ്ങൾ തീർക്കുംനാംനിശ്വാസങ്ങളിൽ

വാചാലവാക്കിനർത്ഥം വാഗ്വൈഭവങ്ങളാക്കും
വാഗ്ദത്തഭാഷക്കിന്നുപദവി ശ്രേഷ്ഠമായ്
വികസനത്തിൻ വഴിയേ തുടരും, തുടിപ്പുകൾ
വയലുകൾ കുന്നിനു പ്രണയമായ്മാറവേ
പെയ്തൊഴിയാതെ പ്രളയക്കെടുതികൾ.
പൂക്കുമോ പൂക്കൈതകൾ താളമായ് കൈതോലകൾ
കേൾക്കുമോ ഞാറ്റുപാട്ടിന്നീണമായ് കേദാരങ്ങൾ
കേൾക്കുമോ കൊയ്ത്തുപാട്ടിന്നാഹ്ലാദതിമിർപ്പുകൾ
കാണുമോ കളംകളംമൊഴിയും കിളികളെ
മേളമായോളങ്ങളിലൊഴുകുമരുവികൾ
മീനുകൾ നീന്തും തണ്ണീർതടങ്ങൾ കുളങ്ങളും
മണ്ണിനാൽ മൂടിയെല്ലാം മാമലയിടിക്കുന്നു
മനുഷ്യഹൃദയങ്ങൾ മുരതൻ കയങ്ങളിൽ.

Edited, Printed Published by Nakshathra Rajyam E. Radhakrishnan on behalf on Nakshathra Rajyam TRI-MONTHLY
DTP E. Radhakrishnan, Printes Redstar Printers, Calicut for Geethanjali Offset Prints, Kundayithode, Kozhikode

ചെറുകഥ

# സമ്മാനം

സബീന സുനിൽ



കല്യാണം കഴിഞ്ഞിട്ടിന്നേയ്ക്ക് പതിനഞ്ചു വർഷമാകുന്നു. വർഷങ്ങൾ പോയതറിഞ്ഞില്ല. നീന ഓർക്കുകയായിരുന്നു പതിനഞ്ച് വർഷം മുന്നേയുള്ള കല്യാണ ദിവസം. ആ ദിവസങ്ങൾ എത്ര രസകരമായിരുന്നു. ഡ്രസ് എടുക്കലും കല്യാണം വിളിയും ബന്ധുക്കളുടെ ബഹളവും. ശ്രദ്ധാകേന്ദ്രം താൻതന്നെയായിരുന്നു. ഡിഗ്രി കഴിഞ്ഞ ഉടൻ ആയിരുന്നു കല്യാണം. അതുകൊണ്ട് തന്നെ ഒരു പ്രണയചൂടിലായിരുന്നു താൻ. കൂടെ പഠിച്ച നികിലിനെ നിഷ്ക്കരുണം തള്ളിക്കളഞ്ഞാണ് സുന്ദരനും വിദ്യാസമ്പന്നനും ബിസിനസുകാരനുമായ വിനോദിന്റെ കൈപിടിച്ച് മണിയറയിലേക്ക് കയറിയത്. അഭിമാനവും കുറച്ച് അഹങ്കാരവും ഉണ്ടായിരുന്നു തനിക്കന്ന്. കൂടെ പഠിച്ച എല്ലാവരും വന്നിരുന്നു കല്യാണത്തിന്. നികിൽ ഒഴികെ. താൻ നേരിട്ട് വിളിച്ചതാണവനെ. അച്ഛൻ നിർബന്ധിക്കുന്നു ഇതിനു സമ്മതിച്ചില്ലെങ്കിൽ അമ്മ ജീവിച്ചിരിക്കില്ല എന്നൊക്കെ പൊടിപ്പും തൊങ്ങലും വെച്ച് അവന്റെ മുന്നിൽ അവതരിപ്പിച്ചു. കുറെ കരയുകയും ചെയ്തു. അത് കണ്ടിട്ടാവണം നിറകണ്ണുകളോടെ അവൻ പറഞ്ഞത് എനിക്കിപ്പം നിന്നെ ഇറക്കികൊണ്ട് വരാൻ യാതൊരു നിവൃത്തിയുമില്ല. അതോണ്ട് നീ ഈ കല്യാണത്തിന് സമ്മതിക്കണം. നമ്മുടെ സന്തോഷം മാത്രമല്ലല്ലോ ജീവിതം. നമുക്ക് ജന്മം തന്നവരെ വേദനിപ്പിച്ച് നമ്മൾ നേടുന്നതൊന്നും ശാശ്വതമാവില്ല. എന്നും നീ എന്റെ മനസ്സിൽ കെടാവിളക്കായ് ഉണ്ടാവും.

പെട്ടന്നാണ് കോളിംഗ് ബെൽ ശബ്ദിച്ചത്.

നീനു ഒന്നു ഞെട്ടി.

അവൾക്കൽഭുതം തോന്നി

എന്തേ താനിന്ന് പഴയതൊക്കെ ഓർക്കാൻ. വർഷങ്ങളായി എല്ലാം മറന്നതായിരുന്നു.

കല്യാണം കഴിഞ്ഞ നാളുകളിലൊക്കെ ശരിക്കും സ്വപ്നലോകത്തായിരുന്നു. പിന്നെ പിന്നെ ജീവിതം മുന്നോട്ടു പോകുന്തോറും കല്ലുകടിയും തുടങ്ങി. മനപ്പൊരുത്തമില്ലായ്മ ഒരുപാടുണ്ടായിരുന്നു. തന്റെ സ്വഭാവത്തിന്റെ നേർ വിപരീതമായിരുന്നു വിനോദ്.

ബിസിനസിന്റെ കാര്യങ്ങളുമായി അയാൾ എപ്പോഴും തിരക്കിലായിരുന്നു. അതിനിടയിൽ രണ്ടുകുട്ടികളുണ്ടായി. അവർ വലുതായി. അവരുടെ പഠിപ്പും കൂട്ടുകാരുമായി അവരും തിരക്കിലാണ്. നേരത്തിന് ഭക്ഷണം മേശപ്പുറത്തെത്തിക്കുന്നൊരു ഉപകരണമായിട്ടുണ്ട് താനിന്ന്. കറിയിൽ ഉപ്പ് കൂടിയാലും മുളക് കൂടിയാലും കുറ്റം. നിനക്കിവിടെന്താ പണി എന്ന രൂക്ഷമായ ചോദ്യവും. പ്രസവം കഴിഞ്ഞതോടെ ആരോഗ്യവും മോശമായി. പഴയ പ്രസരിപ്പൊക്കെ പോയ് മറഞ്ഞു. കണ്ണാടിയിൽ നോക്കാൻതന്നെ പേടിയാണ്. തടിച്ചുരുണ്ടു. മുടിയും അവിടവിടെ നരച്ചു തുടങ്ങി. അല്ലെലും ആരെ കാണിക്കാനാ. വീട്ടിലിരിക്കുന്ന തനിക്കിതുതന്നെ ധാരാളം. ഇന്നെക്ക് ഇന്ന് മരിച്ചുപോയാൽ അത്രയും നല്ലത്. അങ്ങനെയായിരിക്കുന്നു മനസ്സ്. എന്നും ഒരു പോലെ രാവിലെ എണീക്കുക. അടുക്കളയിൽ കയറുക. ഇതിനിടയിൽ കിട്ടുന്ന സമയം ഉറങ്ങുക. ഇതായിരിക്കുന്നു തന്റെ ദിനചര്യ. എന്നും തന്റെ പരാതി കേട്ട് വിനുവിനും മടുത്തിട്ടുണ്ടാവും. വീട്ടിലെ സാധനങ്ങളുടെ ആവശ്യത്തിനും കുട്ടികളുടെ ആവശ്യങ്ങൾക്കുമേ സംസാരമുള്ളു. നല്ലൊരു ഫോൺ പോലുമില്ല. ആവശ്യമുണ്ടെന്ന് തോന്നിയിട്ടില്ല. ആരെ വിളിക്കാൻ. ടി. വി. സീരിയൽ കാണാൻതന്നെ സമയമില്ല.

അവൾ ആത്മഗതം ചെയ്തു.

വിനയമായിരുന്നു പ്രണയം. ഭരണമാണ് ദാമ്പത്യം. സ്ത്രീ സന്തുഷ്ടയാവുന്നത് പ്രണയത്തോടുള്ള ദാമ്പത്യത്തിലാണ്. ഇതൊന്നും വിനുവിനറിയില്ല. ഭാര്യ എന്നും തന്റെ കീഴിൽ. ഇതാണ് മനസ്ഥിതി. പ്രണയമില്ലാത്ത ദാമ്പത്യം ഒരു ഏച്ചുകെട്ടലാണ്. ഒഴുകുന്ന ഓളം പോലെ എവിടെ വേണമെങ്കിലും ചെന്നടിയും.

വാതിൽ മെല്ലെ തുറന്നു. വിനുവാണ്. കൈയിൽ ഒരു കവർ ഉണ്ട്. ചിരിച്ച മുഖം.

"എന്താണാവോ ഭവാന്റെ മുഖത്തൊരു പുഞ്ചിരി"

അവൾ ചോദിച്ചു...

